REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

1st Makarom 1110

# ചിത്രവാരിക

14th January 1935



ഇവൾ നിങ്ങളുടെ ചിത്രം വരച്ചുകളയും.

*Universal.*

VOL. VII. NO. 19

Price As. 2. വില ൨ ണ

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 16 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പകർത്തിതിരിച്ച അച്ചടിച്ചത്) ടി | 1 | 8 | 0 |
| ടി (ആരണ്യകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരമേടക്രൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ) | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം). ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം (സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരിക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ. നാരായണപിള്ള യുടെ അവതാരികയോടുകൂടിയതു് | 1 | 4 | 0 |
| 111-ആട്ടക്കഥകൾ സാധാരണബയന്റ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം (സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജൂഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ മകരം ൧-ാംനു- തിങ്കളാഴ്ച | ലക്കം ൧൯.


വെസ്റ്റ്മിൻസ്ററർ ദേവാലയത്തിലെ ഒരു രാജകീയ വിവാഹം.



വധൂവരന്മാരുടെ സമീപത്തായി കാണപ്പെടുന്നതു ചക്രവത്തി, ചക്രവത്തിനി,
യൂറോപ്പിലെ ഇതരരാജവംശാംഗങ്ങളം എന്നിവരാണു്.

Universal.

# ലൂയിഗി പിറാൻഡലോ.

കെ. ഭാസ്കരൻനായർ, ബീ. ഏ.

1934-ലെ സാഹിത്യത്തിനുള്ള നോബൽസമ്മാനം ലൂയിഗി പിറാൻഡലോ എന്ന ഇററാലിയൻനാടകകൃത്തിനാണു ലഭിച്ചതു്. പിറാൻഡലോയ്ക്കു് ഈ പ്രശസ്തി നേരത്തേതന്നെ ലഭിക്കേണ്ടതായിരുന്നു എന്നു പലർക്കും അഭിപ്രായമുണ്ടു്. നാടകങ്ങളും നോവലുകളുംകൊണ്ടു് അദ്ദേഹം യൂറോപ്പിനെ ആകമാനം ആകർഷിച്ചുതുടങ്ങിയിട്ടു വർഷങ്ങൾ പലതു കഴിഞ്ഞു.

സിസിലിയിലാണു ജനിച്ചതെങ്കിലും അദ്ദേഹത്തിന്റെ ചെറുപ്പകാലം മുഴുവനുംതന്നെ ജമ്മനിയിലാണു കഴിഞ്ഞുകൂടിയതു്. ജമ്മനിയുമായുണ്ടായ ഈ ഗാഢസമ്പർക്കം അദ്ദേഹത്തിന്റെ സാഹിത്യസരണിയുടെ പ്രത്യേകതയ്ക്കും മാഹാത്മ്യത്തിനും കാരണമായിത്തീൎന്നു. മനശ്ശാസ്ത്രപരമായ ആധുനികതത്വങ്ങളേയാണു അദ്ദേഹം നാടകമാൎഗ്ഗേണ പ്രതിപാദിക്കുന്നതു്. പത്തൊൻപതാംനൂററാണ്ടിന്റെ ഉത്തരാൎദ്ധത്തിൽ ഇബ്സൻ സമാരംഭിച്ച വാസ്തവികപ്രസ്ഥാനത്തിന്റെ പൂൎണ്ണമായ പരിണാമം അദ്ദേഹത്തിന്റെ കൃതികളിൽ നാം ദൎശിക്കുന്നു. കഴിഞ്ഞ പത്തുമുപ്പതുവൎഷങ്ങൾക്കുള്ളിൽ മനഃശാസ്ത്രത്തിനു വിസ്മയാവഹമായ വികാസം സിദ്ധിച്ചിട്ടുണ്ടു്. മൌലികങ്ങളായ പല തത്വങ്ങളും ത്യജിക്കപ്പെട്ടു. നൂതനങ്ങളും മിക്കവാറും അപ്രതീക്ഷിതങ്ങളും ആയ ചിന്താഗതികൾ ആവിർഭവിച്ചു. ഈ വിപ്ലവത്തിൽ ജമ്മനി അതിപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. പുതിയ സിദ്ധാന്തങ്ങൾ അധികവും അവിടെനിന്നാണു ഉത്ഭവിച്ചിട്ടുള്ളതു്. ഫ്രായ്ഡ് എന്ന ശാസ്ത്രജ്ഞന്റെ മാനസികാപഗ്രഥനവാദം ഇന്നു ലോകപ്രസിദ്ധമായിത്തീൎന്നിട്ടുണ്ടു്. മനുഷ്യന്റെ മനോമണ്ഡലത്തെപ്പററിയുണ്ടായിരുന്ന സകല അഭിപ്രായങ്ങളേയും അദ്ദേഹം ഇളക്കിമറിച്ചിരിക്കുന്നു. മനുഷ്യന്റെ വ്യക്തിത്വത്തിന്റെ വേരുകൾ നാകലോകത്തിലല്ലെന്നും, മൃഗീയങ്ങളായ ചില വാസനാവിശേഷങ്ങളിലാണു് അവ പുതഞ്ഞുകിടക്കുന്നതെന്നും അദ്ദേഹം തെളിയിക്കുന്നു. ഈ വാസനകളാണു അവന്റെ സകല പ്രവൃത്തികളേയും നയിക്കുന്നതു്. സമുദായം അവയുടെമേൽ ആരോപിക്കുന്ന നിയന്ത്രണങ്ങൾ പലപ്പോഴും നിഷ്ഫലങ്ങളായിത്തീരുന്നു. അപ്പോഴാണു അവന്റെ യഥാൎത്ഥ വ്യക്തിത്വം വെളിപ്പെടുന്നതു്. 'ദിവ്യം' 'അലൌകികം' എന്നൊക്കെയുള്ള വിശേഷണങ്ങൾകൊടുത്തു് സാധാരണ വാഴ്ത്താറുള്ള പ്രേമങ്ങളും പ്രണയങ്ങളും എല്ലാം കേവലം മൃഗീയമായ കാമവികാരത്തിന്റെ ബഹിസ്ഫുരണങ്ങൾമാത്രമാണു്. സന്മാൎഗ്ഗശാസനകൾമൂലം ചിലപ്പോൾ ഈ വാസനകൾ രൂപാന്തരംപ്രാപിച്ചുപോകാറുണ്ടു്. കലകളുടെ സൃഷ്ടിക്കും, ആസ്വാദനത്തിനും ഹേതുഭൂതമായ വികാരം കാമത്തിന്റെ ഇപ്രകാരമുള്ള ഒരു രൂപഭേദം ആണത്രെ.

അഭിനവമായ ഈ വിജ്ഞാനസമ്പത്താണു പിറാൻഡലോ നാടകരംഗത്തിൽ പ്രതിഫലിപ്പിക്കുന്നതു്. ആ ഉദ്യമത്തിൽ വിജയം പ്രാപിക്കുന്ന അദ്ദേഹത്തിന്റെ രചനാസാമൎത്ഥ്യം അത്ഭുതകരമെന്നു പറയാതെ നിവൃത്തിയില്ല. കഥാപാത്രങ്ങൾക്കു തങ്ങളേപ്പററിത്തന്നെയുള്ള ബോധത്തിനും, ലോകത്തിനു് അവരെപ്പററി തോന്നുന്ന അഭിപ്രായത്തിനും തമ്മിൽ ഭീമമായ വ്യത്യാസമുണ്ടു്. അവരെല്ലാം പ്രാഥമികങ്ങളായ വാസനകളുടെ തരംഗപരമ്പരകളിൽ ആടിക്കൊണ്ടിരിക്കുന്ന പൊങ്ങുതടികൾമാത്രമാണെന്നു് അദ്ദേഹം തെളിയിക്കുന്നു. 'Six characters in search of an author'' എന്ന നാടകമാണു അദ്ദേഹത്തിന്റെ ഏററവും ഉൽകൃഷ്ടമായകൃതി. ഒരു നാടകാഭിനയത്തെ നാടകരൂപത്തിൽ ചിത്രീകരിക്കുന്ന ഈ കൃതി നിൎമ്മാണകലയുടേയും ഭാവനാവൈഭവത്തിന്റെയും പരാൽപരമായ പരിണാമത്തിന്റെ വിശിഷ്ടഫലമാണു്. ആറു കഥാപാത്രങ്ങൾ ഒരു സാഹിത്യകാരനെ സമീപിച്ചു് തങ്ങളുടെ ജീവിതത്തെ ആസ്പദമാക്കി ഒരു നാടകം രചിക്കുവാൻ അപേക്ഷിക്കുന്നു. അവരുടെ ആത്മകഥാകഥനങ്ങളും നിരൂപണങ്ങളുമാണു് ഈ നാടകത്തിലെ കഥാവസ്തു. വിചിത്രമായ ഈ നാടകത്തിൽ പിറാൻഡലോ സകലവിധരസങ്ങളേയും സ്ഫുരിപ്പിച്ചിട്ടുണ്ടു്. മനശ്ശാസ്ത്രപരങ്ങളും കലാപരങ്ങളും ആയുള്ള വകൂടാതെ ധൎമ്മാത്മകങ്ങളും ചിലപ്പോൾ ഗ്രന്ഥകാരന്റെ ജീവിതത്തെ പ്രതിധ്വനിപ്പിക്കുന്നവയും ആയ ഭാഗങ്ങളും ഇതിലുണ്ടു്. പക്ഷേ ഇതിനെല്ലാം ഉപരിയായി പ്രധാനമായ പ്രതിപാദ്യവസ്തു മിഥ്യകളും വാസ്തവങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമായി തെളിഞ്ഞുനില്ക്കുന്നു. ഇതു് ഇതുവരെ തത്വജ്ഞാനികളുടെ ചിന്താവിഷയമായിരുന്നു. പിറാൻഡലോ അതിനെ ആദ്യമായി നാടകവേദിയിലേക്കു കൊണ്ടുവന്നു. നാം പുറമേകാണുന്നതൊന്നുമല്ല മനുഷ്യന്റെ യഥാൎത്ഥമായ വ്യക്തിത്വമെന്നു തെളിയിക്കുവാൻ ക്രാന്തദൎശിയായ അദ്ദേഹം തീവ്രയത്നം ചെയ്യുന്നു. ചിത്തസത്വത്തിന്റെ പരമനഗ്നമായ രൂപം അദ്ദേഹത്തിന്റെ കൃതികളിൽ വെളിപ്പെടുന്നുണ്ടു്. മിഥ്യാകബളിതമായ ഇന്നത്തെ ലോകത്തിനു് അങ്ങനെ അദ്ദേഹം നൂതനമായ ഒരു സന്ദേശം നൽകുന്നു. ഇക്കാൎയ്യത്തിൽ ഇററലിയുടെ അരുമസന്താനങ്ങളായ ബനഡെററാക്രോസി, ജൻറീൽ, എന്നീ അഭിനവചിന്തകന്മാരുടെ കൂട്ടത്തിൽ പിറാൻഡലോയ്ക്കും മാന്യമായ ഒരു സ്ഥാനമുണ്ടു്. അദ്ദേഹം ഒരു യഥാൎത്ഥതത്വജ്ഞാനിയായ സാഹിത്യകാരനാണെന്നുള്ളതിൽ സംശയമില്ല.

പിറാൻഡലോ ചലനചിത്രങ്ങൾക്കുള്ള അത്യന്തഭാസുരമായ ഭാവിയേപ്പററി നേരത്തേ മനസ്സിലാക്കിയിട്ടുണ്ടു്. "As you desire me'' എന്ന അദ്ദേഹത്തിന്റെ കൃതി ഗ്രീററാഗാർബോ, തുടങ്ങിയുള്ള സുപ്രസിദ്ധതാരങ്ങൾ മോഹനമായ ഒരു ചലനചിത്രമാക്കിയിട്ടുണ്ടു്. ഈയ്യിടെയായി അദ്ദേഹം ഒരു വലിയ നോവലെഴുതുന്നതിൽ ഏൎപ്പെട്ടിരിക്കുകയാണു്. ഈ കൃതികൊണ്ടു തന്റെ സാഹിത്യപരിശ്രമത്തിനു മകുടംവെച്ചു് വിരാമം നൽകണമെന്നാണു് അദ്ദേഹത്തിന്റെ ഉദ്ദേശം. "Adam and Eve" എന്ന ഈ ആഖ്യായികയിലെ നായികാനായകന്മാർ ഇന്നത്തെ ലോകത്തിന്റെ അവസാനപ്രതിനിധികളായിരിക്കും. അവർ ഇന്നുവരെയുള്ള സകല സംസ്കാരങ്ങളുടേയും നിദാനങ്ങളായിരിക്കും. അവൎക്കുണ്ടാകുന്ന സന്താനങ്ങളെ ആശ്രയിച്ചാണു് ഭാവിലോകത്തിന്റെ സകല ഭാവുകങ്ങളും നില്ക്കുന്നതു്. ഭൂതവും ഭാവിയും തമ്മിലുള്ള മത്സരം ഈ പിതൃപുത്രബന്ധം മുഖേന പ്രതിപാദിക്കുന്നതാണെന്നും പറയപ്പെടുന്നു.

സ്വകൃതികളിൽ കൊണ്ടുവന്നിട്ടുള്ള ഗംഭീരമായ പ്രശ്നങ്ങൾക്കു് ഒരു മാർഗ്ഗം കണ്ടുപിടിക്കുവാൻ അദ്ദേഹം യത്നിച്ചിട്ടില്ല. ജീവിതത്തിന്റെ അജ്ഞാതങ്ങളായ ആഴങ്ങളിലേക്കു് അദ്ദേഹം എത്തിനോക്കിയിട്ടുണ്ടു്. അവിടെ കണ്ട മഹാരഹസ്യങ്ങളെ ആത്മാപഹാരകമായി ചിത്രീകരിച്ചിട്ടുമുണ്ടു്. അതിനപ്പുറത്തേക്കു അദ്ദേഹം കടന്നിട്ടില്ല. നാടകലോകത്തിന്റെ ആരാധനാമൂൎത്തിയായ ഇബ്സൻപോലും അതിൽ കൂടുതലൊന്നും ചെയ്തിട്ടില്ല. ഈ മഹാത്മാക്കളെല്ലാം നിരീക്ഷണശക്തിയുടെ ഉത്തുംഗശൃംഗങ്ങളിൽനിന്നുകൊണ്ടു മനുഷ്യലോകത്തെ ആവരണംചെയ്യുന്ന അന്ധകാരത്തിലേക്കു് ഉജ്ജ്വലമായ പ്രകാശം വഷിക്കുകമാത്രമേ ചെയ്യുന്നുള്ളു. നേൎവഴികളും പോംവഴികളും കണ്ടുപിടിക്കേണ്ട ഭാരം നമുക്കുള്ളതാകുന്നു.

വാൎദ്ധക്യത്തിലേക്കു പ്രവേശിച്ചെങ്കിലും പിറാൻഡലോ ഇന്നും ഉത്സാഹത്തോടും ഉന്മേഷത്തോടുംകൂടിത്തന്നെ ജീവിക്കുന്നു. ദേശസഞ്ചാരത്തിൽ അദ്ദേഹം അതികുതുകിയാണു്. ചലനചിത്രനിൎമ്മാണത്തിനുവേണ്ടി അദ്ദേഹം കൂടെക്കൂടെ ഹോളിവുഡ്ഡിൽ പോകാറുണ്ടു്. ദിവസമൊന്നിനു അദ്ദേഹം നൂററിയിരുപതു സിഗററുകൾ വലിക്കാറുണ്ടെന്നു പറയപ്പെടുന്നു.

പിറാൻഡലോയ്ക്കു കിട്ടിയ ഈ പ്രശസ്തി സൎവ്വലോകത്തെയും ആകഷിച്ചെങ്കിലും അദ്ദേഹത്തിന്റെ മാതൃഭൂമി അതിനെ പ്രായേണ നിശ്ശബ്ദമായിട്ടാണു് സ്വീകരിച്ചതു്. ഇംഗ്ലണ്ടുമായുള്ള പന്തുകളിമത്സരത്താൽ ഉല്ക്കണ്ഠാകുലമായിരുന്ന ഇററലിയുടെ അന്തരീക്ഷത്തിൽ ഈ വൎത്തമാനം വലിയ ആമോദതരംഗങ്ങളൊന്നും ഉളവാക്കിയില്ല. വീരപ്രസൂവായ ആ മഹാരാജ്യത്തിനു് ഇതിനുമുമ്പു രണ്ടുപ്രാവശ്യം ഈ കീൎത്തി ലഭിച്ചിട്ടുണ്ടു്. കാഡുസ്സി എന്ന കവിയും, ഡെലഡാ, എന്ന ആഖ്യായികാകൎത്ത്രിയും നോബൽ സമ്മാനത്തിനു പാത്രീഭവിച്ചിട്ടുള്ളവ

# വ്യംഗ്യവും മിസ്റ്റിസിസവും.

(മഗ്ഡലത്തു വി. കെ. പണിക്കർ)

വാച്യാർത്ഥത്തെ അതിക്രമിച്ച് വ്യാപരിക്കുന്ന നിയമിതവും ഹൃദയാഹ്ലാദകരവുമായ ഒരനുമാനലോകമാണു വ്യംഗ്യസാഹിത്യത്തിന്റേതു്. വാച്യാർത്ഥത്തെ അതിക്രമിക്കുക, അഭ്യൂഹം അഥവാ അനുമാനം നിയമിതമായിരിക്കുക ഇവ രണ്ടും വ്യംഗ്യത്തെസംബന്ധിച്ചിടത്തോളം അനിഷേദ്ധ്യനിയമങ്ങളുമാണ്. എന്നാൽ വാച്യമായ അർത്ഥത്തെ അതിക്രമിച്ച്, വ്യംഗ്യത്തിന്റെ ക്ലിപ്തകേന്ദ്രങ്ങളിലസ്തമിക്കാതെ സഹൃദയന് അവന്റെ ഹൃദയവിശാലതയ്ക്കൊപ്പം ആനന്ദത്തെ പ്രദാനംചെയ്തുകൊണ്ടാത്മതർപ്പണം ചെയ്യുന്ന ബഹുമുഖപ്രസാരിയായ ഒരു വൈകാരിക പ്രതീതിയാണു മിസ്റ്റിക് സാഹിത്യത്തിന്റേതു്. വ്യംഗ്യം ക്ലിപ്തലക്ഷ്യമായിരിക്കുന്നുഎന്നതു മാത്രമാണു മിസ്റ്റിസിസത്തിൽനിന്നു അതിനെ വേർതിരിച്ചുകാണിക്കുന്ന പ്രധാനസംഗതി. ഇതു് വ്യംഗ്യത്തെസംബന്ധിച്ചിടത്തോളം ഒരനിഷേദ്ധ്യനിയമമാണോ എന്ന അഭിശങ്ക സഹൃദയരിൽ പലക്കുമുണ്ടു്. അതിന്റെ സമാധാനം ഇതു നിർബന്ധവിഷയമല്ലെങ്കിൽ വ്യംഗ്യവും മിസ്റ്റിസിസവും രണ്ടല്ലാതെ ആയിത്തീരുകയും, അങ്ങനെ മിസ്റ്റിസിസത്തിന്റെ പ്രകടമായ ബ്രാഹ്മണ്യം നഷ്ടമായിത്തീരുകയും ചെയ്യുമെന്നുള്ളതാണ്. നാലു് ഗുണം നാലു്, എന്നതിന്റെ വാച്യാർത്ഥം നാലിനെ നാലുകൊണ്ടു പെരുക്കണമെന്നും, വ്യംഗ്യം പതിനാറെന്നുമാണ്. ഈ മൂന്നു പദങ്ങളുടെ വ്യക്തിത്വത്തിൽ സാക്ഷാലില്ലാത്ത—കാണപ്പെടാത്ത – പതിനാറു് എന്ന അർത്ഥം ജനിക്കത്തക്കവണ്ണമുള്ള ശബ്ദവ്യാപാരത്തിലാണ്, വ്യംഗ്യം ആദ്യമായും അവസാനമായും ആശ്രയിച്ചിരിക്കുന്നതു്. ഇതു് പതിനാറു് എന്ന ഫലത്തെ നിയതമായി കേന്ദ്രീകരിക്കാതെ, പതിനേഴെന്നോ പതിനെട്ടെന്നോ ഉള്ള അനിയതഫലാപ്തിയിൽ സഹൃദയഹൃദയം എത്തിച്ചേരത്തക്കവണ്ണം ആത്മപ്രചോദനപരമായ വൈകാരികപ്രതീതിയെ ഉൽപാദിപ്പിക്കുമെങ്കിൽ മിസ്റ്റിസിസത്തിലുംപ്പെട്ടുമെന്നു പറയാം. ഈ ഉദാഹരണത്തിൽനിന്നു്, വ്യംഗ്യത്തെ അപേക്ഷിച്ച് മിസ്റ്റിസിസത്തിന്റെ അർത്ഥവ്യാപ്തിയുടെ ആദർശകോണം അനിയതമാണെന്നു സിദ്ധിക്കുമല്ലോ. ഇതെങ്ങനെ അനിയതമായി എന്നതിനെപ്പററി ഇതിനുപരി ചിന്തിക്കാം.

'നിർദ്ദോഷാലക്ഷണവതീ
സരീതിർഗ്ഗുണഭൂഷിതാ
സാലങ്കാരരസാഽനേക-
വൃത്തിർവ്വാക്കാവ്യനാമഭാക്'

(ചന്ദ്രാലോകം) എന്നും, "വാക്യം രസാത്മകം കാവ്യം" (സാഹിത്യദർപ്പണം) എന്നും, "രമണീ"യാർത്ഥ പ്രതിപാദകഃശബ്ദഃകാവ്യം" (കാവ്യമാല) എന്നും, അവരവക്ക് ഉതകുംവിധം നിർവ്വചിക്കുന്ന, പ്രസാദം, മാധുര്യം, ഓജസ്സ്, ഈ ഗുണങ്ങളോടും, വസ്തു, രീതി, രസം ഈ ഉപാധികളോടുംകൂടിയ യഥാർത്ഥസാഹിത്യത്തിന്റെ ഉറവിടം, കവിയുടെ അന്തരാത്മാവാകുന്നു അന്തരാത്മാവിൽ സ്ഥിതിചെയ്യുന്ന വികാരസമുദ്രം വിചാരങ്ങളായുയരുന്നതിനു മുൻപുതന്നെ നാദരൂപത്തിൽ പ്രകാശിക്കുന്നു. മിസ്റ്റിസിസത്തെ ഒഴിച്ചാൽ കാണപ്പെടുന്ന വിവിധസാഹിത്യസമ്പ്രദായങ്ങൾക്കും നിയാമകമായ സംസ്കൃതകവിഹൃദയത്തിന്റെ വിചാരലോകത്തെ അതിക്രമിച്ചു വ്യാപരിച്ചുകൊണ്ടിരിക്കുന്ന അന്തരാത്മാവിന്റെ വികാരവിജൃംഭണം നാദമായി പുറപ്പെടുന്നതിന്റെ ക്രമീകൃതരൂപത്തിൽനിന്നാണ് ആദിയിൽ സംഗീതം സഞ്ജാതമായതെന്നു പറയുമ്പോൾ മനുഷ്യന്റെ കൃത്രിമജ്ഞാനംകൊണ്ടു വിരളമാകാത്ത സ്വച്ഛമായ ആത്മാനുഭൂതിയാണ് സംഗീതത്തിന്റെ ജീവനാഡിയെന്നു് സിദ്ധിക്കുമല്ലോ ഇതുകൊണ്ടുതന്നെയാണ് ശൃംഗാരം കരുണം, ഹാസ്യം, ഭയാനകം, ബീഭത്സം, രൗദ്രം, വീരം, അത്ഭുതം ശാന്തം, സ്നേഹമെന്നിങ്ങനെയുള്ള ദശരസങ്ങൾമൂലം; രതി, ശോകം, ഭയം, ഹാസംമുതലായ സ്ഥായിഭാവങ്ങൾ മനസ്സിൽ ജനിപ്പിക്കുവാൻ, ഛന്ദോനിബദ്ധവും, അർത്ഥസംപുഷ്ടവുമായ കവിതയെക്കാളും, പദങ്ങളോ, അക്ഷരങ്ങളോകൊണ്ടു ക്രമപ്പെടുത്താത്ത കേവലം രാഗങ്ങൾക്കു കഴിവുണ്ടായിരിക്കുന്നതു്. എന്നാൽ സാഹിത്യത്തെ അതിക്രമിച്ച് ഹൃദയപ്രചോദനവും ആത്മാനന്ദവും നൽകുന്ന രാഗങ്ങൾ കാലഭേദമനുസരിച്ചു ഭിന്നങ്ങളും ഇന്നയിന്നസ്ഥാനങ്ങളിൽനിന്നാരംഭിച്ചു ഇന്നയിന്നസ്ഥാനങ്ങളെല്ലാം ആലാപിച്ച്, ഇന്നസ്ഥാനത്തുവെച്ചു് അവസാനിപ്പിക്കണമെന്നുള്ള ക്ലിപ്തനിയമങ്ങളാൽ നിയമിതവുമാണെന്നുള്ളദോഷം അന്തരാത്മാവിന്റെ മധുരമൂകമായ വികാരപാരാവാരത്തിലെ, അനർഘമുക്താഫലങ്ങളുടെ തനിമാററുരച്ചു പ്രദർശിപ്പിക്കുവാൻ പ്രതിബന്ധമായിരിക്കുന്നു. ഈ പ്രതിബന്ധത്തേയും പൊട്ടിച്ചെറിഞ്ഞു്, മനുഷ്യപ്രയത്നത്തിന്റെ — വ്യാപാരവൈകൃതങ്ങളെ സ്പർശിക്കാതെ ആത്മാവിന്റെ വികാരങ്ങളെ ആത്മാവിൽ സ്പർശിക്കത്തക്കവണ്ണം പകർത്തിക്കാണിക്കുന്ന സർവ്വതന്ത്രസ്വതന്ത്രവും "അദോഷവും, 'സഗുണവും' സാലങ്കാരവും, 'നിയതികൃതനിയമരഹിതവും' ആയ ഒരു ദിവ്യസരണിയാണ് മിസ്റ്റിക് സാഹിത്യത്തിന്റേതു്. അതുകൊണ്ടാണ് അതിന്റെ വിപുലങ്ങളായ പ്രബോധനവീഥികൾ വിവിധങ്ങളും, അർത്ഥങ്ങൾ നാനാമുഖങ്ങളുമായി പിരിയുന്നതു്.

"ഹേപാന്ഥപുസ്തകധര,ക്ഷണമത്രതിഷ്ഠ
വൈദ്യോഽസിവാഗണിതശാസ്ത്രവിശാരദോ-
(വാ
കേനൗഷധേനമമപശ്യതിഭർത്തുരംബാ
കിംവാഽഗമിഷ്യതിപ്രിയശ്ചിരദൂരവാസി" എന്ന പദ്യം വ്യംഗ്യത്തിനുദാഹരണമാണ്. നീ വൈദ്യനോ ഗണിതശാസ്ത്രജ്ഞനോ ആണെങ്കിൽ എന്റെ ഭർത്തുരംബ (അമ്മായിയമ്മ)യുടെ കണ്ണുതെളിയുവാനുള്ള മരുന്നേതാണ്. പ്രവാസിയായ ഭർത്താവുമടങ്ങിവരുന്നതെപ്പോഴാണ് എന്നു് പുസ്തകധരനായ പാന്ഥനോടു് ഒരു സ്ത്രീ ചോദിക്കുന്നതായിട്ടാണു വാക്യാർത്ഥം. ഭർത്താവു് തല്ക്കാലം ഇല്ലെന്നും ഒരമ്മയുള്ളതു് അന്ധയാണെന്നും, പാന്ഥനെ അറിയിക്കുന്ന സുന്ദരിയുടെ ഇംഗിതം, ഏകാന്തതയിൽ അവനുമായി സല്ലപിക്കാൻ അവിടെ അവസരമുണ്ടെന്നു് അവനെ അറിയിക്കണമെന്നുള്ളതാണ്. ഇതാണ് ഈ പദ്യത്തിലെ വ്യംഗ്യം. വ്യംഗ്യത്തിനെ തന്നെ, അവസ്ഥാത്ഗമ്യമെന്നും അർത്ഥാത്ഗമ്യമെന്നും, രണ്ടായി വിഭാഗിക്കാം. മേൽ പ്രസ്താവിച്ച പദ്യം അവസ്ഥാത്ഗമ്യത്തിനു ദൃഷ്ടാന്തമാണ്. അവസ്ഥാത്ഗമ്യമെന്നു പറഞ്ഞാൽ, വാച്യത്തിലെവിവക്ഷകളെ യഥാക്രമം നിരത്തിനോക്കുമ്പോൾ, ആ വിവക്ഷകളുടെ അപ്പോഴത്തെ, അവസ്ഥയനുസരിച്ച്, വാച്യത്തിൽനിന്നു കേവലം അന്യമായി ജനിക്കുന്ന ഒരു ബോധകശക്തിയാണെന്നാണു ധരിക്കേണ്ടതു്.

അർത്ഥാത്ഗമ്യം, കുറേക്കൂടി ഇഴിഞ്ഞപടിയിലാണു സ്ഥിതിചെയ്യുന്നതു്. അതു പദാർത്ഥങ്ങളുടെ വൈവിദ്ധ്യത്തിൽനിന്നു ജനിക്കുന്നു.

സൽകാരമേകാനയിപാന്ഥകേഽക്ക-
തൽക്കാലമിങ്ങില്ലഗൃഹാധിനാഥൻ
പയോധരത്തിന്റെ യുയച്ചുകണ്ടി-
ട്ടീയാധിയെങ്കിൽപുലരെഗ്ഗമിക്കാം.

എന്ന പദ്യം അർത്ഥാത്ഗമ്യത്തിനുദാഹരണമാകും. പയോധരശബ്ദത്തിന്റെ അർത്ഥവ്യാപ്തിയിൽനിന്നാണ് വ്യംഗ്യം പുറപ്പെടുന്നതു്, 'പയോധരം കാർമേഘം

രാണ്. പക്ഷേ അവക്കു ലഭിച്ച അനുമോദനങ്ങളൊന്നും പിറാൻഡലോയ്ക്കു കിട്ടിയില്ല. ഇതിനുള്ള കാരണം ഇററലിയുടെ മനോഭാവത്തിന് അടുത്തകാലത്തുണ്ടായിട്ടുള്ള പരിവർത്തനമായിരിക്കാം. അതു് ഇന്നു മുസ്സോളിനിയുടെ രുദ്രനേത്രങ്ങളിൽ ഉററുനോക്കി ഏതുസമയത്തും സമരസന്നദ്ധമായി നിൽക്കുകയാണ്. മനശ്ശാസ്ത്രസിദ്ധാന്തങ്ങളിൽ മുഴുകിമറിയുന്ന പിറാൻഡലോയുടെ കൃതികൾ അതിന്റെ രണരണികയ്ക്കു അല്പംപോലും മാററുകൂട്ടുന്നില്ല. സാർവ്വലൗകികമായ ഒരു വീക്ഷണകേന്ദ്രത്തിൽനിന്നു സാഹിത്യപരിശ്രമം നടത്തുന്നതുകൊണ്ടു് ഇററലിയുടെ യാതൊരു പ്രത്യേകതകളും അദ്ദേഹത്തിന്റെ കൃതികളിൽ കലന്നിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥംതന്നെയാണ്. എങ്കിലും അടുത്ത നിമിഷംമുതൽ വിസ്മൃതിയിൽ ലയിക്കുന്ന ഒരു പന്തുകളിയോടൊപ്പമെങ്കിലും, അനുഗൃഹീതനായ ഈ സാഹിത്യകാരന്റെ തൂലികാവിലാസത്തെ ബഹുമാനിക്കാതിരുന്നതു് ഇററലിക്കു ഒരു തിരാക്കളങ്കംതന്നെയാണ്.

എന്ന അത്ഥം,വാച്യവും,'കഥം' എന്നഅത്ഥം വ്യംഗ്യവുമാണു്. ഇതിൽ വ്യംഗ്യമേതു്, വാച്യമേതു്, എന്നുള്ള അഭ ശങ്കയ്ക്കു പഴുതുണ്ടെന്നുള്ള ദോഷമാണു്, അവനവാത് ഗമ്യത്തേക്കാളും ഇതിനെ ഇഴിഞ്ഞപടിയിലധിരോഹിച്ചിട്ടുള്ളതു്. വ്യംഗ്യത്തിന്റെ വ്യാപ്തി ക്ലിപ്തവും നിയമിതവുമാണെന്നു മുൻപുതന്നെ പറഞ്ഞുകഴിഞ്ഞല്ലോ. മേലുദ്ധരിച്ച പദ്യങ്ങളിൽനിന്നു യഥാർഹം വെളിപ്പെടുന്ന ഓരോ വ്യംഗ്യത്തിനും ആ പദ്യങ്ങൾ നയതകാരണങ്ങളാകുന്നുണ്ടെങ്കിലും, ആ ക്ലിപ്താർത്ഥത്തെ അതിക്രമിച്ചു വ്യാപിക്കുവാനോ, നിയമിതവ്യംഗ്യത്തെ നിഗ്രഹനംചെയ്യുവാനോ അതിനു സാദ്ധ്യമല്ലെന്നുള്ളതാണു്, വ്യംഗ്യത്തിന്റെ നിയമിതപരിമാണത്തിനു ദൃഷ്ടാന്തം.

ഇനി 'മിസ്റ്റിസിസ'ത്തെപ്പററി കുറഞ്ഞൊന്നുചിന്തിക്കാം. നിർവ്വചനത്തിനു വിധേയമല്ലാത്ത ഒരുരൂപപ്രതിഭയാണു് 'മിസ്റ്റിക്' ഭാരതിയുടേതു്. ഇതുതന്നെയാണു ഇതിന്റെ പ്രധാനലക്ഷണവും. 'ഗൂഢാർത്ഥകവിത' എന്നു സ്വരൂപജ്ഞാനത്തിനു വേണ്ടിയെങ്കിലും, തല്ക്കാലം നമുക്കിതിനു നാമകരണംചെയ്യാം. അന്തരാത്മാവിന്റെ വികാരം ആരാവാരം, വിചാരത്തിനോ നിരൂപണത്തിനോ വിധേയമാകുന്നതിനുമുൻപു തന്നെ നാദരൂപത്തിൽ പ്രകാശിക്കുന്നുണ്ടെന്നു്, ഞാൻ മുമ്പുപ്രസ്താവിച്ചല്ലോ. ഇതേഅഭിപ്രായത്തെ തന്നെ സഹൃദയനായ 'എർനസ്ററ് റേമോണ്ടു്' ഭംഗ്യന്തരേണസാധൂകരിക്കുന്നു. 'എല്ലാ ഉൽകൃഷ്ടസാഹിത്യസൃഷ്ടികളുടേയുംബീജം' ഒരാക്രോശത്തിലാണു സ്ഥിതിചെയ്യുന്നതു് എന്നു് ഈആക്രോശമാണുവിചാരലോകത്തിനു മുൻപു സ്ഥിതിചെയ്യുന്ന വികാരലോകത്തിന്റെ വിജൃംഭിതഫലമായ നാദപ്രവാഹം. ഇതിനെ ആവുംവിധം സംഗ്രഹിച്ചു് ഭാഷയിൽ പകൎത്തുന്ന സംപ്രദായത്തിനാണു്,'മിസ്റ്റിസിസം' എന്നു പറയുന്നതു്. ആത്മാവിന്റെ വൈകാരികഭാവത്തിലടങ്ങിയിരിക്കുന്ന ആ മധുരനിശ്ശബ്ദസംഗീതം, ഛന്ദോനിബദ്ധമാക്കിയേ, പ്രതിപാദിക്കാവൂഎന്ന നിർബന്ധം കേവലം അപഹാസ്യമാണു്. എന്തുകൊണ്ടെന്നാൽ, ഭാഷയ്ക്കുപോലും താനിനിത്തുവാൻ കെല്പില്ലാത്ത അതിനെ, ക്ലൃപ്തങ്ങളും ക്ലിഷ്ടങ്ങളുമായ ഛന്ദോനിയമങ്ങൾഎങ്ങനെസംരക്ഷിക്കും. ഇതിനെ ഛന്ദോനിബദ്ധമാക്കുവാനുള്ള കവിയുടെ വ്യഥാശ്രമം ഇതിന്റെ സൌകമാര്യത്തേയും, സനാതനതത്തേയും ദാരുണമായി ക്ലേശിപ്പിക്കുന്നതായേ പര്യവസാനിക്കൂ എന്നു് ശ്രീമാൻ കൈനിക്കര കുമാരപിള്ളഅവർകളുടെ, 'ആത്മാലാപം' ചിന്തിച്ചുവായിച്ചിട്ടുള്ള സഹൃദയക്കു്, അനുഭവബോദ്ധ്യമായിട്ടുണ്ടെന്നാണെന്റെ വിശ്വാസം. ആത്മാലാപം മൂന്നാം ഖണ്ഡികയിൽ രാത്രി പറയുന്നതായി വിഭാവനംചെയ്തിട്ടുള്ള "നിന്റെ പ്രകാശത്തെ അന്തർമുഖമാക്കി, ഒരു മാത്രനേരത്തേയ്ക്കു് നിന്റെ ഉള്ളിൽതന്നെ ഒന്നൊതുക്കാൻ നിനക്കു കഴിയുമെങ്കിൽ, ആ നിമിഷത്തിൽ നീയും ഞാനും രണ്ടല്ലെന്നു് നീയറിയും. നീ അനന്തവും, അഖണ്ഡവും, പരിശാന്തവും ആകും, നീ ഞാനാകും, നീ നീയാകും" എന്ന ഭാഗം ഛന്ദസ്സനുരുത്തിലിരുന്നെന്തിനോക്കിയാലത്തെക്കഥ ഒന്നു ചിന്തിച്ചുനോക്കുക. നാനാമുഖങ്ങളിലൂടെയും നിഗൂഢാത്ഥങ്ങൾ പ്രസരിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈമാതിരി ഉത്തമകവിതാവിഭാഗങ്ങളെ, ഇത്രമാത്രം വിശദവും, നിരംകുശവുമായ നിലയിൽ, പ്രകാശിപ്പിക്കുവാൻ ഏതെങ്കിലും ഛന്ദസ്സുകൾക്കു കഴിയുമോഎന്നു് ആയിരമായിരം പരിവൎത്തി പരിശ്രമിച്ചുനോക്കിയിട്ടും സപരിശ്രമം 'വിഫലം' എന്നുമാത്രം കണ്ടെത്തിയ 'എമർസൺ' പറയുന്നു — "കവിത ഛന്ദസ്സല്ലെ"ന്നു്. ഛന്ദോനിബദ്ധമായ സാഹിത്യവ്യവസായം, അനന്തമായ സാഹിത്യപ്രപഞ്ചത്തിലെ ഒരു സംകുചിതപദ്ധതി മാത്രമാകുന്നു. യഥാത്ഥകവികൾ, മനുഷ്യകൃതങ്ങളായ ഛന്ദസ്സുകളുടേയും, മററു ക്ലിഷ്ടനിയമങ്ങളുടേയും നിരന്തരമർദ്ദനത്തിനു തലകുനിച്ചുകൊണ്ടു്, അമേയങ്ങളായ ആത്മപ്രതിഭാപ്രചോദനങ്ങളെ വിരളമാക്കുവാൻ ശ്രമിക്കുകയില്ലെന്നു്, മി. കുമാരപിള്ളയുടെ ആത്മാലാപത്തിലെ ഒന്നാംഖണ്ഡിക ('ദേവി, ഞാനെങ്ങനെ പാടും' എന്നാദിയായി ആരംഭിച്ചു്, 'ഭവത്ശ്രവണമോക്ഷത്തിൽ' ആ അസുന്ദരവും അനാകർഷകവുമായ വാചകം വിവിധരാഗസ്യന്ദിയും വിവിധതാളസ്പന്ദിയും ആകയില്ലേ എന്നവസാനിക്കുന്ന ഭാഗം) വായിക്കുന്ന ഏതു സഹൃദയനാണു മനസ്സിലാക്കാൻ വിഷമമുള്ളതു്. വിശേഷാത്തരമായ ഈ മഹാപ്രസ്ഥാനത്തിനു നേരേ, ചിലർ ശൌര്യം പ്രകടിപ്പിച്ചതായി കേട്ടു. സഹൃദയപ്രതിനിധികളെന്നു പറഞ്ഞുകൊണ്ടു പ്രത്യക്ഷപ്പെടുന്ന താദൃശന്മാരോടു് എനിക്കു പറയുവാനുള്ളതു, ഈദൃശസാഹിത്യപ്രഭാസ്ഫുലിംഗങ്ങളേററു്, ആത്മാവിന്റെ അന്ധതലങ്ങളെ പ്രദ്യോതിപ്പിച്ചു കോൾമയിർകൊള്ളുവാനും കുറേക്കൂടി ചിന്തിക്കുവാനും, കുറേക്കൂടി പഠിക്കുവാനും, കുറേക്കൂടി അറിയുവാനും ആനന്ദിക്കുവാനും വകയുള്ള ഇതിനെ ശീർഷം നമിച്ചാദരിക്കുവാനും, അഭിനന്ദിക്കുവാനും, സന്നദ്ധതയുള്ള ഒരു വമ്പിച്ച സഹൃദയലോകം, ചിത്രവാരികാവായനക്കാരിലുണ്ടെന്നും 'പഴഞ്ചൻ, പ്രമാണപ്രിയന്മാർ, വേണ്ടാതീനം പറഞ്ഞു മേലാലെങ്കിലും കല്ലെറ യാൻശ്രമിക്കാതെ, കാലികമായി സാഹിത്യത്തിനും ബാധിച്ചിട്ടുള്ള വിപ്ലവപരമായ പരിവൎത്തനത്തെ കാൻകളുക്കെ കണ്ടാനന്ദിച്ചുകൊള്ളുക എന്നും മാത്രമാണു്. അതുപോകട്ടെ. അത്ഥമില്ലെന്നുപറഞ്ഞു്, ശകാരശരം ചൊരിഞ്ഞു് ആക്ഷേപിക്കപ്പെട്ട ആത്മാലാപത്തിൽ ഞാൻകണ്ട അർത്ഥത്തെ ഇനിയൊരിക്കൽ പ്രസ്താവിക്കുകയായിരിക്കും ഉത്തമമെന്നുകരുതി, ഈ ലേഖനത്തിന്റെ ഉപസംഹാരഘട്ടത്തിലേക്കു കടന്നുകൊള്ളട്ടെ

'മിസ്റ്റിസിസത്തിനു്' ഛന്ദസ്സു നിർബന്ധവിഷയമല്ലെങ്കിലും, ഛന്ദോനിയമങ്ങളനുസരിച്ചുകൊണ്ടുതന്നെ 'മിസ്റ്റിസിസ'ത്തിൽ വിജയംനേടിയവർ അനവധിയുണ്ടു്. ഈക്കൂട്ടത്തിൽ, ഗൂഢാത്ഥകവിതകൊണ്ടു കൈരളിയെ അനുഗ്രഹിച്ച അനുഗൃഹീതകവിയാണു കുമാരനാശാൻ. ഉദാഹരണത്തിനു് 'വീണപൂവിൽ'നിന്നു ഒരു പദ്യംമാത്രം ഇവിടെ ഉദ്ധരിക്കാം.

'ഈവണ്ണമൻപൊടുവളൎന്നു നിന്റെയംഗ-
മാവിഷ്കരിച്ചചിലഭംഗികൾ മോഹനങ്ങൾ
ഭാവംപകൎന്നുവദനാം, കവിൾകാന്തിയാൎന്നു-
പൂവേ,യതിൽപുതിയ പുഞ്ചിരിസഞ്ചരിച്ചു;

വെറും സാധാരണകാര്യംപറയുന്നവിധത്തിൽ പുഷ്പത്തിനു ക്രമേണ സംഗതമായ അംഗകാന്തിയെ ക്രമോൽകഷത്തോടുകൂടി വൎണ്ണിക്കുന്ന ഈ പദ്യം 'പുതിയ പുഞ്ചിരിസഞ്ചരി'ക്കലിൽ കലാശപ്പിക്കുന്നരിടമാണു് 'മിസ്റ്റിസിസം' അന്തർഭവിച്ചിട്ടുള്ളതു്. പുഷ്പം ഒരിക്കലും പുഞ്ചിരിക്കുകയില്ലെന്നുള്ളതുകൊണ്ടു ഇതിലെ വാച്യാർത്ഥത്തിനു പ്രസക്തിയില്ല. എന്നാൽ ആ പുഞ്ചിരിപ്രയോഗംമൂലം, 'വൈരാഗ്യമേറിയ വൈദികനും' 'ഏററവൈരിക്കുമൻപുഴറിയോടിയ' ഭീരുവും, പകച്ചുനിന്നു മിഴിച്ചുനോക്കത്തക്ക അംഗകാന്തി പുഷ്പത്തിനുണ്ടായി, എന്ന പ്രതീതിയെ, വൈകാരികഭാവത്തിൽ സഹൃദയനിലുണ്ടാക്കിത്തീക്കുന്നതെന്തുകൊണ്ടു്? എന്ന പ്രശ്നത്തിനു സമാധാനം, ക്രമപ്രവൃദ്ധമായ പുഷ്പസൌന്ദര്യം പ്രൗഢദശയിലെത്തിച്ചേരുന്നതായി, തന്റെ ഭാവനയിൽ പകൎത്തിയ കവിയുടെ ആത്മവികാരം, വിചാരമായി തിരിയുന്നതിനുമുൻപു്, ദിവ്യവൈഖരിയായി പുറപ്പെടുകയും അതിനെ അതേപടി ഭാഷയിൽ പകൎത്തുകയും ചെയ്തുകൊണ്ടാണെന്നാണു്. ആത്മാവിൽനിന്നുയരുന്ന വൈഖരി, അതേ പ്രതീതിയെതന്നെ ആത്മാവിൽ ഉണ്ടാക്കിത്തീക്കുന്നു. ഇതുമൂലമാണു് ആ പുഞ്ചിരിയിൽ, പുഷ്പസൌന്ദര്യം സംഗതമായതു്. കൂടാതെ, മിസ്റ്റിസിസത്തിനു പൊതുവെ ഉണ്ടായിരിക്കേണ്ട ബഹുമുഖപ്രസാരിയായ അർത്ഥപ്രവാഹവും ഈ പദ്യത്തിൽ സുലഭമാണു്.

വികാരപരവശമായ ആത്മാവിന്റെ 'ശ്രുതിനിഗൂഢവൈഖരി'യെ അതേപടി ഭാഷയിൽ പകൎത്തുവാൻ കഴിവുള്ള കവികളാണു്, ആത്മാവിന്റെ അനന്തതയെ ആവരണംചെയ്യുന്ന മഹഷിപുംഗവന്മാർ — യഥാത്ഥകവികൾ — സാക്ഷാൽ ദൈവജ്ഞർ – മിസ്റ്റിസിസത്തിൽ വിജയപരാക പറപ്പിക്കുന്നവർ. അവർ വിജയിക്കട്ടെ.


സൈൻറിഫിക്ക്
സ്വൎണ്ണാഭരണങ്ങൾ
— * —
(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്




പുതിയ ക്യാററലാഗ് ഇനാം.
**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,.
Post Box No. 203. MADRAS

# * കനിവിൻെറ തുള്ളി.

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ

(കേക.)

"വല്ലതുംതരേണമേ തമ്പുരാന്മാരേ, തെല്ലു
കല്ലരി കഴിച്ചിട്ടു നാലുനാൾ കഴിഞ്ഞല്ലോ!"

ധനലക്ഷ്മിയെപ്പെററൊരാ രത്നാകരത്തിന്നായ്
കനകപ്പൊടിവിണ്ടു മാളിത്യൻ വിതറവേ,
ചന്തത്തിൽ നിരത്തുവാൻ പശ്ചിമ ദിഗ്ദേവിതൻ
പൊൻതകിടുകളീടുവെപ്പിൽനിന്നെടുക്കവേ,
ഒരുചില്ലിക്കാശുപോലെങ്കിലും കിട്ടാനായി-
ട്ടരിയവിശപ്പിനാൽ ദഗ്ദ്ധനാമൊരു സാധു
അമ്മയാം രത്നഗർഭയ്ക്കുള്ള തൂവെൺപട്ടാകു-
മമ്മണൽപ്പുറത്തേവം കിടന്നു കരയുന്നു!

"വല്ലതും തരേണമേ തമ്പുരാന്മാരേ, തെല്ലു
കല്ലരികഴിച്ചിട്ടു നാലുനാൾ കഴിഞ്ഞല്ലോ!"

വാരിധി മുഴക്കുന്ന വൻഭേരിയൊരുഭാഗം,
പൌരവൃന്ദത്തിനെഴുമാർപ്പുകൾ മറുഭാഗം;
അശ്വങ്ങൾക്കെഴും കുളമ്പൊച്ചകളൊരു ദിക്കിൽ,
വിശ്വമോഹന വാദ്യഘോഷങ്ങൾ മറുദിക്കിൽ,
അപ്പെരും മുഴക്കത്തിൽ പൈദാഹംമുഴുത്തോൻെറ
കെല്പില്ലാനിലവിളി കേൾക്കുവാനാരാണാവോ?

എങ്കിലും കരച്ചലിൻ ക്രൂരമ്പുകേറിപ്പോയി
തൻ 'കുലദൈവംമാന'മായ ഭൂപൻെറ കാതിൽ;
എന്തിയ്യ, സന്തോഷത്തിൻ പുളപ്പിനിടയിലും
തൻതിരുചെവിക്കിഷ്ടം ദീനരോദനമെന്നോ?
അഥവാ ചന്ദ്രവംശജാതരർത്ഥികൾക്കുള്ള
വ്യഥകണ്ടടങ്ങുക പതിവില്ലല്ലോ പണ്ടേ

ശ്രീകാന്തനനുപുര, 'മനന്തപുര'മതിൽ
സ്വീകൃതസൽക്കാരനായ് വാണൊരാ ഗോത്രിനാഥൻ
പ്രാണസൌഹൃദം തിങ്ങും വഞ്ചിഭൂപനോടൊത്തു
ചേണിയന്നൊരാക്കടൽപ്പുറത്തു ദിനാന്തത്തിൽ
കാററുകൊള്ളുവാനെഴുന്നള്ളവേ യദൃച്ഛയാ
കേട്ടതാണരിയൊരാ വിശപ്പിൻ നിലവിളി.

ആത്തൻെറ നാദം തിരുമേനിതൻ സാറട്ടിനെ-
പ്പുത്തനാം കടിഞ്ഞാണിട്ടങ്ങോട്ടു വലിച്ചിതു.
പാവത്തിൻ സമീപത്തു വെമ്പിയെത്തിനാൻ ഭൂപൻ,
പാരിതിൽ വീണ്ടുംവന്ന ബുദ്ധദേവനെപ്പോലെ
ക്ഷുത്തിൻെറ തീക്കത്തലിൽ ചെഞ്ചോര വററിപ്പോയി-
ട്ടസ്ഥിമാത്രനായ് നിലംപതിഞ്ഞു കിടപ്പോൻെറ
വക്കുപൊട്ടിയ കൊച്ചു മൺചട്ടിയതിൽവീണു
തൃക്കനിവിൻെറ പെരുംതുള്ളികളെട്ടോപത്തോ!

അശ്രുതപൂർവ്വമാ മാ നാണ്യത്തിൻമണിനാദ-
മപ്പിച്ചക്കാരനെഴും കണ്ണുകൾ മിഴിപ്പിക്കേ
അവ്യക്തസ്വരത്തിലാ വാടിയ മുഖത്തിന്നു
ദൈവത്തോടെന്തോ ചില വാക്കുകൾ പുറപ്പെട്ടു!

* * * * * *

അക്കാലം കഴിഞ്ഞുപോയെന്നല്ല തിരുമേനി
സ്വർഗ്ഗാരോഹണംചെയ്തതെങ്കിലുമിത്തവ്വിലും
കോൾമയിർക്കൊള്ളിക്കാറില്ലാരെയാ രാജർഷിതൻ
സീമാതിരിക്ത നാനാ സദ്ഗുണാപദാനങ്ങൾ!

* ഇയ്യ വാഴ്ചയൊഴിഞ്ഞു തീപ്പെട്ട കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ അതിഥിയായി തിരുവനന്തപുരത്തു താമസിക്കുന്നകാലത്തു നടന്ന ഒരു യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കി എഴുതിയതാണ്.


## "ഗുപ്തമന്ത്രം.


൧൦൦-ക. ഇനാം.

ലക്ഷക്കണക്കിനു രൂപാചിലവാക്കിയാലും സാധിക്കാത്തകാര്യങ്ങൾ ഈ മന്ത്രം ഏഴുതവണ ജപിച്ചാൽ സാധിക്കുന്നതാണ്. ഫലപ്രാപ്തിക്കു വിഷമകരമായ അനുഷ്ഠാനങ്ങൾ യാതൊന്നും വേണ്ട. പ്രത്യേകം യാതൊന്നും കരുതേണ്ടതായിട്ടുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നസ്ത്രീ കഠിനഹൃദയയും, അഹംഭാവിയുമായാൽപോലും നിങ്ങൾ ഈ മന്ത്രം പാരായണംചെയ്തുകഴിഞ്ഞാൽ നിങ്ങളിൽ അനുരക്തയാകുകയും, എന്നും നിങ്ങളോടുകൂടിയിരിക്കുന്നതിനു ആഗ്രഹിക്കുകയും ചെയ്യും. ഇതു് ഒരു വശീകരണമന്ത്രമാണ്. നിങ്ങളെ അതു് ഭാഗ്യവാനാക്കും; ഉദ്യോഗവും കയററവും നൽകും, വ്യവഹാരങ്ങളിൽ വിജയംതരും, വ്യാപാരത്തിൽ ലാഭമുണ്ടാക്കും. വ്യത്യാസം വരുന്നതായി തെളിയിച്ചാൽ 100 ക. ഇനാം.

തപാൽചിലവുൾപ്പടെ വില 2. ക. 7 ണ.

ഇംഗ്ലീഷിൽ അപേക്ഷിക്കുക.

Siddh Mantra Ashram,
No. 173, P. O. Katrisarai,
(Gaya).



ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും ചുരുങ്ങിയനിരക്കിൽ ക്ലിപ്തസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർവുഡ്, റോയൽ, ഓലിവർ, കൊറോണ, ബോർലോക്ക്, എംപയർ, എൽ. ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കർമ്മേഷ്യൽകമ്പനി,
ഉഡ്സ്റോഡ്,
മൌണ്ട്റോഡ് മദ്രാസ്



## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണ്.

വില 1 രൂ.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

# ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നിറം.

പി. ദാമോദരൻപിള്ള ബി. ഏ.

ഈ തലക്കെട്ടു കാണുമ്പോൾതന്നെ നിങ്ങളെല്ലാം ഒന്നു ശങ്കിക്കുമെന്നെനിക്കറിയാം. അതുകൊണ്ടുതന്നെയാണു് ആ തലക്കെട്ടു കൊടുത്തിരിക്കുന്നതു്.

ഞാൻ ഇപ്പോൾ പറയാൻപോകുന്നതു് ഒരു നേരമ്പോക്കാണു്. എങ്കിലും നേരമ്പോക്കില്ലാതെ വെറും കാര്യമാത്രപ്രസക്തന്മാരായിട്ടുള്ളവരും ഇവിടെ നെററി ചുളിക്കാനിടവരുകയില്ല. "യേയഥാമാം പ്രപദ്യന്തേ, താംസ്തഥൈവ ഭജാമ്യഹം." അതുതന്നെയാണു് കൃഷ്ണനേപ്പോലെ ഞാനും ഉപദേശിക്കുന്നതു്!

ധനു 9-ാംതീയതിയിലെ 'ചിത്രവാരിക'യിൽ ബ്രിട്ടന്റെ ഇന്നത്തെ നിലയെപ്പററി ഞാൻ കുറഞ്ഞൊന്നു പ്രതിപാദിച്ചിരുന്നു. അതിനുശേഷം മദ്രാസ് മെയിൽപത്രത്തിൽ ഒരു 300 വഷത്തേക്കുകൂടി ബ്രിട്ടൻ ഇന്ത്യയിൽ ചെങ്കോൽ വാഴുമെന്നു ഒരാൾ എഴുതിയിരുന്നതുകണ്ടു. ഞാൻ ഇവിടെ ഈ പ്രശ്നത്തിന്റെ മറെറാരുവശം വെളിപ്പെടുത്താമെന്നു കരുതുന്നു.

കുട്ടിക്കാലംമുതൽ ഇന്നുവരെ ഞാൻ കണ്ടിട്ടുള്ള ഭൂപടത്തിലെല്ലാം ബ്രിട്ടീഷ്സാമ്രാജ്യം അടയാളപ്പെടുത്തിയിരിക്കുന്നതു് ചുവന്ന നിറംകൊണ്ടാണു്. ഇതു യാദൃച്ഛികസംഗതിയാണോ? എന്തുകൊണ്ടാണു് ഈ ചുവന്നനിറംമാത്രം ബ്രിട്ടീഷ്സാമ്രാജ്യത്തിൽ പടൎന്നുപിടിച്ചിരിക്കുന്നതു്?

ജ്യോതിശ്ശാസ്ത്രദൃഷ്ട്യാ ബ്രിട്ടന്റെ സ്ഥാനം മേടംരാശിയും, ഇന്ത്യയുടെസ്ഥാനം മകരംരാശിയുമാകുന്നു. മേടംരാശി സേനാനായകനും, ഭൂമികാരനുംആയ ചൊവ്വായുടെ ക്ഷേത്രമാണല്ലൊ.

ആ ചൊവ്വാ മകരത്തിൽ പ്രവേശിക്കുമ്പോൾ ഉച്ചംപ്രാപിക്കുന്നു. സ്വക്ഷേത്രത്തിൽ ഗ്രഹങ്ങൾക്കു പകുതിബലവും, ഉച്ചക്ഷേത്രത്തിൽ പൂൎണ്ണബലവുമാണെന്നു പറയേണ്ടതില്ല. *

മകരംരാശി ഇന്ത്യയുടെ സ്വക്ഷേത്രവും, ബ്രിട്ടന്റെ ഉച്ചക്ഷേത്രവും ആകുമ്പോൾ ബ്രിട്ടന്റെ പകുതിബലമേ ഇന്ത്യയിൽ ഇന്ത്യാക്കാൎക്കുണ്ടായിരിക്കയുള്ളു. ചുമ്മാതല്ല ചില ഇന്ത്യാക്കാർ പരസ്യമായി സായിപ്പിന്റെ 'ചെരുപ്പുനക്കു'ന്നതു.

മകരംരാശിക്കധിപൻ ശനിയാണു്. ശനി പംഗുവും, യോഗിയും, അതേസമയം ഭൃത്യനുമാകുന്നു. അതിനാൽ ഇന്ത്യാക്കാർപ്രായേണ പുരോഗമനവിമുഖന്മാരും (The unchanging East എന്നതു പംഗുത്വത്തെ വിശദീകരിക്കുന്നു) യോഗശാസ്ത്രാദികളിൽ അതിനിപുണന്മാരും അന്യവൎഗ്ഗക്കാരുടെ ചുവട്ടടിയിൽ വെറും ഭൃത്യന്മാരായി കഴിഞ്ഞുകൂടുന്നവരും ആയിരിക്കും.

ഒന്നാലോചിക്കുക. ആദ്യം ആൎയ്യവൎഗ്ഗക്കാർ ഇന്ത്യയെ ആക്രമിച്ചപ്പോൾ ഇന്ത്യാക്കാർ അവരുടെ ഭൃത്യന്മാരായി. ആ ആൎയ്യന്മാർ ഇന്ത്യാക്കാരായിത്തീൎന്നപ്പോൾ മുസ്ലിംആക്രമണം ഉണ്ടായി. അപ്പോഴും ഇന്ത്യാക്കാർ അടിമകൾതന്നെ. മുസ്ലീങ്ങൾ കുറെക്കാലംകൊണ്ടു ഇന്ത്യാക്കാരായിത്തീൎന്നുകഴിഞ്ഞപ്പോൾ അതാ ബ്രിട്ടീഷുകാർ വന്നിരിക്കുന്നു! മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർ സായിപ്പിന്റെ 'ചെരിപ്പുനക്കാൻ' തുടങ്ങി. ഇതാണു ശനിയുടെ ഭൃത്യത്വം.

ചൊവ്വായാണു് ഇവിടെ ഉച്ചംപ്രാപിച്ചിരിക്കുന്നതു്. ചൊവ്വാ Mars, God of War അഥവാ സേനാനായകനാണല്ലോ. അയാൾ യുദ്ധംകൊണ്ടു ഭൂമിനേടും. ചൊവ്വാ ഭൂമികാരകനുംകൂടിയാകയാൽ ബ്രിട്ടനു ലോകത്തിലേക്കു ഏററവും വലിയ ഒരു സാമ്രാജ്യം ഉണ്ടായി.

എന്തുണ്ടായി? ഇന്ത്യയിൽ വന്നതിനുശേഷം. മകരംരാശി മേടംരാശിയുടെ പത്താംസ്ഥാനമാണെന്നു എണ്ണിനോക്കിയാൽ അറിയാം. പത്താംഭാവം, കൎമ്മത്തെയും, കീൎത്തിയേയും, പ്രതാപത്തെയും കാണിക്കുന്നു. ബ്രിട്ടൻ ഇന്ത്യയാകുന്ന ഉച്ചരാശിയിൽ പ്രവേശിച്ചതോടെ യുദ്ധാദികൎമ്മങ്ങളാൽ കീൎത്തിയും, പ്രതാപവും നേടിയിരിക്കുന്നു. അതുപോലെ ഒരു മഹത്തായ സാമ്രാജ്യവും ഉച്ചരാശിയിൽ കയറിയതിനുശേഷം ഉണ്ടായി

ഇന്ത്യതന്നെ ഒരു സാമ്രാജ്യമാണു്. അതിന്റെകൂടെ ലോകത്തിന്റെ മററു പലഭാഗങ്ങളും ബ്രിട്ടൻ കൈവശമാക്കി. ബ്രിട്ടനെപ്പോലെ ഒരു ശക്തിക്കും ഇത്രമാത്രംപ്രശസ്തി ഉണ്ടായിട്ടില്ല. പ്രതാപവും അതുപോലെതന്നെ. പത്താംഭാവത്തിൽ ഉച്ചംപ്രാപിച്ചതിന്റെ ഫലമെല്ലാം അവർ അനുഭവിക്കുന്നു.

പംഗുവായ ഇന്ത്യയ്ക്കു അഗ്നി (ചൊവ്വാ)യോടു യുദ്ധംചെയ്യാൻ സാധിക്കുകയില്ല. ശനി വാതമാണു്; അതായതു, കാററുതന്നെ. തീയുംകാററുംകൂടിച്ചേൎന്നാലുള്ള അവസ്ഥയെന്തു്? (ശനി വാതമാണെന്നുപറഞ്ഞതുകൊണ്ടു് വാതരോഗത്തിനും ഹേതുവാണെന്നുധരിക്കാം. അതുപോകട്ടെ) അഗ്നിമാരുത യോഗത്തിന്റെ ഫലം അഗ്നി സകലതിനെയും വിഴുങ്ങിക്കളയുക എന്നുള്ളതാണു്.

ശനി യോഗിയാണെന്നു പറഞ്ഞല്ലോ. അതിനാൽ യോഗശാസ്ത്രം, അദ്ധ്യാത്മവിദ്യ, മുതലായ കാൎയ്യങ്ങളിൽ ഇന്ത്യ ലോകത്തെ നയിക്കും. മരുത്തു ജഗൽപ്രാണനാകയാൽ, ഇന്ത്യയെക്കൂടാതെ ലോകത്തിനു് അരനിമിഷംപോലും ജീവിക്കാൻ സാധിക്കയില്ല ലോകത്തിന്റെ പ്രാണൻ ഇന്ത്യയായിരിക്കും മകരലഗ്നത്തിൽ ജനിക്കുന്നവർ മാൻപേടയെപ്പോലെശാന്തന്മാരായിരിക്കും. ഇന്ത്യയുടെ ധനം ശമധനമാണെന്നുള്ളതിനാൽ ഇന്ത്യ(ശനി) കാലനു(ശമനൻ)മായിരിക്കുമെന്നു് പറയണം. ചുരുക്കത്തിൽ ലോകത്തിനു് ശാന്തിലഭിക്കുന്നതു് ഇന്ത്യയിൽനിന്നാണെന്നൎത്ഥം.

ചൊവ്വായുടെനിറം ചുവപ്പാണു്. യുദ്ധം അപായം, രക്തം, എന്നിവയെ രക്തനിറംകൊണ്ടാണല്ലോ സൂചിപ്പിക്കുന്നതു്. ഇതെല്ലാം ചൊവ്വായുടെ ഗുണങ്ങളുമാണു്. അതിനാൽ ചൊവ്വായുടെ സാമ്രാജ്യത്തിനും ചുവപ്പുനിറംവന്നതിൽ എന്താണാശ്ചൎയ്യം? ഭൂപടത്തിൽ നിറംകൊടുത്തവർ ഇതാലോചിച്ചിരിക്കയില്ല എന്നു സമ്മതിക്കുന്നു. പക്ഷെ നിയമേന കാണുന്നനിറം ചുവപ്പാണെന്നു പറയാതെ വിവാഹമില്ല. അതിനു എന്റെ സമാധാനം ഈ ലേഖനത്തിൽ പറഞ്ഞു എന്നേയുള്ളു.

ഒരുപക്ഷെ, ഇതൊക്കെ തെററായിരിക്കാം. എന്നാലും എനിയ്ക്കു ഒരു നഷ്ടവും വരാനില്ല.

---

* സ്വക്ഷേത്രമായ ചിങ്ങത്തിൽ സൂൎയ്യനു പൂൎണ്ണബലമുണ്ടെന്നും, അതുകൊണ്ടു ചിങ്ങമാസംമുതൽ വൎഷം ആരംഭിക്കുന്നതിനു യുക്തിയുണ്ടെന്നും മുമ്പൊരുലേഖകൻ എഴുതിയിരുന്നതു് പിശകാണു്.

---


## നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂൎണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷപ്രാപിക്കുന്നതിനുള്ള മാൎഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും. ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവൎക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.

# സ്കോട്ട്ലൻറ്യാർഡ്.

എം. എൻ. ഗോവിന്ദൻനായർ ബി. എ. ബി. എൽ

പോലീസിൻെറ അത്ഭുതകൃത്യങ്ങളുടെ ഒരു പര്യായമാണ് സ്കോട്ട്ലൻറ്യാർഡ്. പോലീസിൻെറ സാമർത്ഥ്യത്തികവിൻെറയും അഴിമതിക്കുറവിൻെറയും കാര്യക്ഷമതയുടെയും പ്രത്യക്ഷ ഉദാഹരണമാണ് ആ സ്ഥാപനം. അതുകൊണ്ടുതന്നെയാണ് തങ്ങളുടെ പോലീസുദ്യോഗസ്ഥന്മാരെ അവിടെ അയച്ചു പരിശീലിപ്പിക്കാൻ മിക്കഗവർമ്മെൻറുകളും പാടുപെടുന്നതു.

ഇംഗ്ലണ്ടിലെ രഹസ്യപ്പോലീസിൻെറ തലസ്ഥാനമാണ് സ്കോട്ട്ലൻറ്യാർഡ് ശാസ്ത്രീയമായ സകലഗവേഷണങ്ങളുടെയുംഫലങ്ങളെ ഈ സ്ഥാപനം ശരിയായി ഉപയോഗിക്കുന്നു. ലോകത്തിലെ സകല പ്രധാനതസ്കരന്മാരുടെയും അക്രമികളുടെയും ഫോട്ടോകളും കൈവിരലടയാളങ്ങളും ജീവചരിത്രങ്ങളും അടങ്ങിയ വിപുലമായ ഒരു ക്രൈംലൈബ്രറി അവിടെയുണ്ട്. ഒരേനിമിഷത്തിൽ ആയിരംപേരെ ഒരു വിവരം അറിയിക്കത്തക്ക ടെലഗ്രാഫ്, ടെലഫോൺ, റേഡിയോമുതലായ യന്ത്രോപകരണങ്ങളും അവിടെ തയാറാണ്. കുററക്കാരെ പിന്തുടരാനായി വേഗമേറിയ കാറുകളും വിമാനങ്ങളും അവർക്കുണ്ട്. സർവ്വോപരി, കുശാഗ്രബുദ്ധികളും, ധൈര്യശാലികളും നയജ്ഞന്മാരുമായ ഒരു നല്ലസൈന്യം ഉദ്യോഗസ്ഥന്മാരും സ്കോട്ട്ലൻറ്യാർഡിൽഉണ്ട്.

പ്രക്ഷോഭജനകമായ ഒരു മോഷണമോ കൊലപാതകമോ ഉണ്ടാകുകയും, കുററക്കാരൻ ഒളിച്ചോടുകയും ചെയ്തുവെന്നിരിക്കട്ടെ ഉടൻ യാർഡുകാർ അതിൻെറ അന്വേഷണം ഏറെറടുക്കുന്നു. ഇംഗ്ലണ്ടിലുള്ള സകല പോലീസുകാരേയും അവർ ആ വിവരം അറിയിക്കുകയും, കുററക്കാരനെ കണ്ടുപിടിക്കേണ്ടവിധങ്ങൾ അവരെ ധരിപ്പിക്കയും ചെയ്യുന്നു. എത്ര മുൻകരുതലോടുകൂടിയ ഒരു പ്രവൃത്തിയായിരുന്നാലും, അതുചെയ്യുന്നവൻ എത്രതന്നെ ബുദ്ധിശാലിയായിരുന്നാലും, അവനെ കണ്ടുപിടിക്കാൻ ഉപകരിക്കുന്ന ഒരുതെററു അവൻ ചെയ്യാതിരിക്കയില്ലെന്നുള്ളതു് സ്കോട്ട്ലൻറ്യാർഡ്കാരുടെ ഒരു വിശ്വാസപ്രമാണമാണ്. കുററവാളിയുടെ ഉടുപ്പിലെ ഒരു ബട്ടണോ, അവൻ വലിച്ചിരുന്ന സിഗററിൻെറഒരുമുറിയോ അവൻെറ വിരലിൻെറ അടയാളം വല്ലയിടത്തും പതിഞ്ഞതോ അതുപോലെ മററുവല്ലചെറിയഅടയാളങ്ങളോകയ്യിൽകിട്ടിയാൽ മതി, യാർഡ്കാർ ആ ചെറിയ തലനാരിഴപോലുള്ള തെളിവിൽ, തങ്ങളുടെ ബുദ്ധികൊണ്ട് മററിഴകൾ കൂട്ടിച്ചേർത്തു അവനെ ബന്ധിക്കാനുള്ള ശക്തിമത്തായ ഒരു തെളിവുപാശം ഉണ്ടാക്കിക്കൊള്ളും.

ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിതുടങ്ങിയ ഉയന്ന ഉദ്യോഗസ്ഥന്മാരുടെയും രാജകുടുംബാംഗങ്ങളുടെയും വിദേശികളായ പ്രശസ്തഅതിഥികളുടെയും അംഗരക്ഷകകൃത്യവും യാർഡിൻെറ കർത്തവ്യപരിധിയിലുൾപ്പെട്ടതാണ്. ഉപജാപകന്മാരും കിറുക്കന്മാരും ധാരാളമുള്ള തലസ്ഥാനനഗരങ്ങളിൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയെപ്പോലുള്ള ഒരുദ്യോഗസ്ഥൻെറ ജീവൻ പലപ്പോഴും അപകടമേഖലയിൽ ആകാറുണ്ട്. മി. റാംസേമാക്ഡൊണാൾഡിനുതന്നെ ദിവസംതോറും 'രക്തലിഖിതങ്ങൾ'കിട്ടാറുണ്ടത്രേ. അതുകൊണ്ടു ഇപ്പോൾ അദ്ദേഹം പോകുന്നിടത്തൊക്കെ യാർഡിലെ രണ്ടുദ്യോഗസ്ഥന്മാർ സാധാരണവേഷത്തിൽ അദ്ദേഹത്തിൻെറ അംഗരക്ഷകന്മാരായിക്കൂടെ സഞ്ചരിക്കാറുണ്ട്. യാർഡിലെ ഉദ്യോഗസ്ഥന്മാർ സാധാരണവേഷത്തിലല്ലാതെ യൂണിഫാറത്തിൽ ഡ്യൂട്ടിക്കുപോകാറില്ല. അന്യരാജ്യങ്ങളിൽനിന്നു രാജാക്കന്മാരും പ്രഭുക്കന്മാരും കോടീശ്വരന്മാരും ഇംഗ്ലണ്ടിലെ മണ്ണിൽ കാലെടുത്തുകുത്തിയാലുടൻ യാർഡ്കാർ അതറിയുന്നു. ആ സന്ദർശകരെ അക്രമികളിൽനിന്നു രക്ഷിക്കാനുള്ളഭാരം ആ സന്ദർശകർ അറിയാതെതന്നെ ആ ഉദ്യോഗസ്ഥന്മാർ ഏറെറടുക്കുന്നു മഹാത്മാഗാന്ധി റൗണ്ട്ടേബിൾകാൺഫറൻസിനു പോയിരുന്നപ്പോൾ അദ്ദേഹത്തെ കാത്തുസൂക്ഷിക്കുവാൻ ചുമതലപ്പെട്ടിരുന്നവരോട് മഹാത്മജിക്കുതോന്നിയ സ്നേഹത്തിൻെറ അടയാളമായി അദ്ദേഹം അവർക്കു ഓരോ ഡോളർവാച്ചുകൾ സമ്മാനിച്ചകഥ വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലൊ.

പ്രശസ്തരായ അതിഥികളെ കാത്തുസൂക്ഷിക്കുന്നതുപോലെ കുപ്രസിദ്ധരായ അക്രമികളെയും യാർഡ്കാർ സൂക്ഷിക്കുന്നുണ്ട്. അവരുടെ ആഗമനനിർഗ്ഗമനങ്ങളുടെ കാര്യപരിപാടിയും അവർക്ക് അറിയാം ഒരു 'സംശയിക്കപ്പെട്ടപുള്ളി' ഇംഗ്ലണ്ടിൽ കാലെടുത്തുകുത്തിയാലുടൻ നിഴൽപോലെസാധാരണവേഷത്തിലുള്ള ഒരു പോലീസുകാരൻ അവനെ അവനറിയാതെ പിന്തുടരുകയായി ഒരാൾക്കു സ്വന്തംനിഴലിൽനിന്നു ഒഴിയുക അസാദ്ധ്യമാണല്ലോ. അതുപോലെ ഈ പോലീസുനിഴലും സംശയിക്കപ്പെട്ടവൻെറകൂടെ ഒഴിയാബാധയായിക്കൂടുന്നു. അവൻലാക്കപ്പിലാകുകയോ,ഇംഗ്ലണ്ടിൻെറ തീരങ്ങൾ വിടുകയോ ചെയ്യുന്നതുവരെ ആ ബാധ അവനെ പിന്തുടരുകയും ചെയ്യും.

യാർഡിലെ പോലീസുകാരൻെറ അസാധാരണ ഡ്യൂട്ടികൾ അവിടെയുംനില്ക്കുന്നില്ല. ഇംഗ്ലണ്ടിലെ പ്രഭുക്കന്മാരുംപ്രഭ്വികളുംധനാഢ്യന്മാരുംവലിയതോതിലുള്ളഡിന്നറുകളും, അവയോടനുബന്ധിച്ചുള്ള ഡാൻസുപാർട്ടികളും കൂടക്കൂടെ നടത്താറുണ്ട്. രത്നസമുച്ചയങ്ങളുടെ ഉടമസ്ഥകളായ പ്രഭ്വികൾക്കു തങ്ങളുടെ ആഭരണബഹുലതയും, പണക്കൊഴുപ്പും കാണിക്കാനുള്ള അവസരങ്ങളും അവതന്നെ. ഡിന്നറുകൾക്കു വളരെദിവസങ്ങൾമുൻപുമുതൽതന്നെ പത്രങ്ങളിൽ ആ വിശേഷ 'അടിയന്തിര'ത്തിൻെറ വിവരണങ്ങൾ ചേർത്തുതുടങ്ങും. അതിനു സന്നിഹിതയാകുന്ന ഇന്നപ്രഭ്വി ധരിക്കാനുദ്ദേശിക്കുന്ന ഇന്നമാലയിൽ ഇത്രരത്നങ്ങളുണ്ടെന്നും അതിനു ഇത്രലക്ഷംപവൻ വിലയുണ്ടെന്നുംഅവരുടെ പ്രത്യേകലേഖകന്മാർ ഘോഷിച്ചുതുടങ്ങും. തസ്കരവൃത്തിയെഒരു സുകുമാരകലയെന്നവണ്ണം ശരിയായി സാധകംചെയ്ത് അതിൽ വിദഗ്ദ്ധന്മാരായിട്ടുള്ള ജംബ്ലിംഗന്മാർ ഏതെങ്കിലുംതരത്തിൽ ആ ഡിന്നറുകളിൽ കടന്നുകൂടാതിരിക്കയില്ല ഇതു നേരത്തേകൂട്ടി അറിയുന്ന യാർഡിലെ കുറെ യോഗ്യന്മാരായ യുവഉദ്യോഗസ്ഥന്മാരും ഡിന്നറിനുള്ള പ്രത്യേകവേഷത്തിൽ കടന്നുകൂടുന്നു. അവർ പോലീസുകാരാണെന്നു ആരും അറിയാത്തവിധത്തിൽ അവർ പെരുമാറുന്നു. എന്നാൽ രത്നസമൂഹങ്ങൾ ഹ്രസ്തങ്ങൾക്കിടയിൽ ഇവരുടെ ദൃഷ്ടിപഥം വിട്ടുപോകാതെ ഇവർ സൂക്ഷിക്കയുംചെയ്യുന്നു. തങ്ങളുടെ യാഥാർത്ഥ്യം മറച്ചുംവച്ചുകൊണ്ട് സകലതിലും പങ്കുകൊള്ളാനും അതേസമയംതന്നെ തങ്ങളുടെജോലിയിൽ ശരിയായി ശ്രദ്ധപതിക്കാനും അസാമാന്യമായ സാമർത്ഥ്യം അത്യാവശ്യമാണല്ലൊ. ആമാതിരി സമർത്ഥന്മാർക്ക് യാർഡിൽ യാതൊരു ക്ഷാമവുമില്ല.

ഇംഗ്ലീഷിൽ ദിവസംപ്രതി ആയിരക്കണക്കിനു പുറപ്പെട്ടുകൊണ്ടിരിക്കുന്ന അപസർപ്പകകഥകളിൽ ആദ്യന്തം സ്കോട്ട്ലണ്ടുയാർഡുകാരെ നമുക്കു കാണാം. അപസർപ്പകകഥാകാരന്മാർ യാർഡിൻെറ സ്തുതിപാഠകരാണെന്നുതന്നെ പറയാം. ചുരുക്കംചില നോവലുകളിൽ ഗ്രന്ഥകാരന്മാർ തങ്ങളുടെ കഥാനായകനായ അനുദ്യോഗസ്ഥ അപസർപ്പകനു പ്രാധാന്യം കൊടുത്തുകാണുമെങ്കിലും മിക്ക കൃതികളിലും യാർഡിലെ ഉദ്യോഗസ്ഥനാണു പ്രാമാണ്യംനൽകിവരുന്നതു്. എഡ്ഗാർവാലസ്സിൻെറ Crimson Circle എന്ന കഥയിലെ ഇൻസ്പെക്ടർ പാർ (Parr) യാർഡിലെ ഉദ്യോഗസ്ഥൻെറ യഥാർത്ഥമാതൃകയാകുന്നു.

നോവലുകളിലെ കഥകളെവിട്ടു, ചില യഥാർത്ഥകഥകളെ പരാമർശിച്ചുകൊണ്ടു ഈ ലേഖനം സമാപിപ്പിക്കാം.

ഒരു അമേരിക്കൻകള്ളൻ ജർമ്മനിയിൽ ഫ്റാങ്ക്ഫർട്ട് എന്ന സ്ഥലത്തുനിന്നു മുപ്പതിനായിരംപവൻ മോഷ്ടിച്ചുകൊണ്ടു ജർമ്മൻപോലിസിനെ കബളിപ്പിച്ചു ഇംഗ്ലണ്ടിലേക്കു കപ്പൽകയറി. ജർമ്മനിയിൽനിന്നു ആ വിവരം ഉടൻ ഗ്രഹിച്ച സ്കോർട്ട്ലൻറ്യാർഡുദ്യോഗസ്ഥന്മാർ, ആ അമേരിക്കൻ താമസിച്ചിരുന്ന ഹോട്ടലിൽ അയാൾ എന്തെങ്കിലും മറന്നു ഇട്ടുംവെച്ചുപോന്നിട്ടുണ്ടോ' എന്നന്വേഷിക്കാൻ ജർമ്മൻപോലീസിനോടുപദേശിച്ചു. ധൃതിയിൽ യാത്രയാകുന്ന ഒരാൾ എന്തെങ്കിലും ഒരുസാധനം മറക്കാതെയിരിക്കയില്ലെന്നാണു യാർഡിൻെറ അഭിപ്രായം. ആ അഭിപ്രായം ഈ അവസരത്തിലും ശരിയായിക്കണ്ടു. അമേരിക്കൻ മറന്നിട്ടിട്ടുപോന്ന ഒരു ഷർട്ടുകിട്ടി ആ ഷർട്ടു തയ്ച്ച ലണ്ടനിലെ ഒരു തയ്യൽക്കാരൻെറ അടയാളവും അതിൽ ഉ

ണ്ടായിരുന്നു. ആ തയ്യൽക്കാരൻ്റെ പേർ മനസ്സിലായുടൻ യാർഡിലെ ഒരു ഇൻസ്പെക്ടർ അയാളുടെ തയ്യൽക്കടയിലെത്തി അയാളുടെ 'പതിവുകാരുടെലിസ്റ്റ്' പരിശോധിച്ചു ആ ലിസ്റ്റിൽ, കുപ്രസിദ്ധനായ ഒരു അമേരിക്കൻതസ്കരൻ്റെ പേരും ഉണ്ടായിരുന്നു. അവൻ്റെ ഫോട്ടോയും ചരിത്രവും എല്ലാം യാർഡിലെ ലൈബ്രറിയിൽ ഉണ്ടായിരുന്നതുകൊണ്ടു തുറമുഖത്തു കാത്തുനിൽക്കുക എന്ന ജോലി മാത്രമെ യാർഡുകാർക്കുണ്ടായിരുന്നുള്ളു. അവൻ കപ്പലിൽ നിന്നിറങ്ങിയുടൻ അറസ്റ്റുചെയ്യപ്പെട്ടു.

ഇൻസ്പെക്ടർ കൊള്ളിൻസ് എന്ന ഡിറെക്ടീവ് ഉദ്യോഗസ്ഥൻ ഒരു ഘാതകനെ പിടിച്ചകഥ, കല്പിതകഥകളെക്കാൾ അത്ഭുതകരമാണ്. ഒരു തുറമുഖത്തിനടുത്തുവെച്ചു ഒരു സ്ത്രീയെ ആരോ കൊലപ്പെടുത്തി. തലയിൽ എന്തോസാധനംകൊണ്ടു് അടിച്ചതിൻ്റെ പാടുകളുണ്ടായിരുന്നെങ്കിലും അതു് എന്തു് ആയുധമാണെന്നു് ആർക്കും ഒരു തുമ്പുകിട്ടിയില്ല. ആയുധം ഒരു വലിയ കുപ്പിയായിരിക്കണമെന്നും, അടിച്ചുകഴിഞ്ഞു് അതു് തുറമുഖത്തിലേക്കു് എറിഞ്ഞിരിക്കണമെന്നും കൊള്ളിൻസ് ഊഹിച്ചു. അതിൻപ്രകാരം അദ്ദേഹം ചിലരെക്കൊണ്ടു വെള്ളത്തിൽമുങ്ങിത്തപ്പിക്കുകയും കുപ്പിയുടെ ഉടഞ്ഞ കഷണങ്ങൾ വെള്ളത്തിനടിയിൽനിന്നു കണ്ടെടുക്കുകയും ചെയ്തു. കളിമണ്ണുകൊണ്ടു കുപ്പിയുടെ രൂപത്തിലുള്ള ഒരു ഉരുൾ ഉണ്ടാക്കി കുപ്പിക്കഷണങ്ങൾ അതതിൻ്റെ സ്ഥാനങ്ങളിൽ ചേർത്തുവെച്ചു് അദ്ദേഹം ഒരു കുപ്പിയുടെ രൂപം മുഴുവനാക്കി. അപ്പോൾ അതു് ഒരു ബീയർകുപ്പിയാണെന്നു മനസ്സിലായി. കുപ്പിയിൽ കണ്ട ഒരു നമ്പ്രുകൊണ്ടു് ആ കുപ്പി ബിയർ കമ്പനിക്കാർ ഇന്ന മദ്യഷാപ്പിലേയ്ക്കു വിററതാണെന്നും, മദ്യഷാപ്പിൽ ചെന്നന്വേഷിച്ചപ്പോൾ ആ കുപ്പിയിലെ മദ്യം വാങ്ങിച്ചതു് ഇന്നാരാണെന്നും തെളിഞ്ഞു. മദ്യവിക്രേതാവിനെ പിടിച്ചു ക്രാസുചെയ്തപ്പോൾ അയാളാണു ഘാതകനെന്നു ബോദ്ധ്യപ്പെട്ടു.

ഹെയ്ഗ് എന്ന ഇൻസ്പെക്ടർ ഒരു പുള്ളിയെ 'സൂക്ഷി'ക്കുവാനായി ഒരു അന്ധയാചകൻ്റെ വസ്ത്രങ്ങളും സഞ്ചിയും കടംവാങ്ങിച്ചുകൊണ്ടു കണ്ണിൽ ചായങ്ങളുംപുരട്ടി ആ 'പുള്ളി' സാധാരണ സഞ്ചരിക്കുന്നേടത്തൊക്കെ അലഞ്ഞുനടന്നു ഒടുവിൽ ആ പുള്ളിയെ ഹെയ്ഗുതന്നെ അറസ്റ്റുചെയ്തു. താൻ പലപ്പോഴും ഓരോകാശുകൊടുത്തിട്ടുള്ള ആ പൊട്ടക്കണ്ണൻ തന്നെ സൂക്ഷിച്ചുകൊണ്ടുനടന്ന പോലീസുകാരനാണെന്നറിഞ്ഞപ്പോൾ അവനുണ്ടായകോപം വാചാമഗോചരമായിരുന്നു

എത്ര സമർത്ഥന്മാർക്കും ചിലപ്പോഴൊക്കെ മണ്ടത്തരംപററാറുണ്ടല്ലോ യാർഡിലെ ഉദ്യോഗസ്ഥന്മാർക്കും അപൂർവ്വംചില സന്ദർഭങ്ങളിൽ അബദ്ധംപററാറില്ലെന്നില്ല. ഒരു വലിയ മോഷണം നടന്നുകഴിഞ്ഞു മോഷ്ടാക്കളെ കണ്ടുകിട്ടിയുമില്ല. മോഷ്ടിക്കപ്പെട്ട സാധനങ്ങൾ സാധാരണയായിവാങ്ങിവന്ന കെമ്മി എന്നയാളിൻ്റെ കയ്യിൽ ആ തവണത്തെ പണ്ടങ്ങളും വന്നുചേരാതിരിക്കയില്ലെന്നു് യാർഡുകാർ നിശ്ചയിച്ചു, കെമ്മിയുടെ ഗൃഹത്തെ അവർ സൂക്ഷിച്ചുകൊണ്ടിരുന്നു. പോലീസുകാർക്കു അധികനേരം കാത്തിരിക്കേണ്ടതായിവന്നില്ല. ഒരു സുപ്രസിദ്ധമോഷ്ടാവു് ഒരുതോൽസഞ്ചിയുമായി കെമ്മിയുടെ പടികടന്നു് അകത്തുപോയി. പോലീസുകാരും പുറകെയെത്തി. അവരെ കണ്ടയുടൻ മുഖംവിളറിയ മോഷ്ടാവിൻ്റെ കയ്യിൽനിന്നും, ഒരു ഇൻസ്പെക്ടർ തോൽസഞ്ചി തട്ടിപ്പറിച്ചു. അതു തുറന്നുനോക്കിയപ്പോൾ അതിനകത്തുകണ്ടതു കുറെ വെള്ളെലികളെ ആയിരുന്നു!

---

# ബുദ്ധമതതത്വങ്ങൾ.

കെ. പി. ഗോപാലമേനവൻ, ഹൈക്കോർട്ടുജഡ്ജി

## അദ്ധ്യായം ൧൦.

"ആദ്യശിഷ്യന്മാർ"

"അഗ്രേപശ്യാമിതേജോ നിബിഡതരകളാ-
യാവലീലോഭനീയം
പീയൂഷാപ്ലാവിതോഹം തദനുതദുദരേ-
ദിവ്യകൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാ-
സ്വാദരോമാഞ്ചിതാംഗൈ
രാവീതം നാരദാദ്യൈർവ്വിലസദുപനിഷദ്
സുന്ദരീമണ്ഡലൈശ്ച."
നാരായണീയം കേശാദിപാദദശകം.

ബുദ്ധൻ ഒരു വിജനപ്രദേശത്തു് നാല്പത്തൊമ്പതുദിവസം തപസ്സുചെയ്തു് നിർവ്വാണമാർഗ്ഗങ്ങളേ കണ്ടു മനസ്സിലാക്കിവന്നു.

അക്കാലത്തു് തപുസൻ, ബല്ലികൻ, എന്നു പേരുള്ള രണ്ടു വണിക്ശ്രേഷ്ഠന്മാർ ഈ സ്ഥലത്തിനടുത്തുള്ള നിരത്തിൽക്കൂടിവന്നുകൊണ്ടിരുന്നു. നിശ്ചഞ്ചലനായി തപസ്സുചെയ്തുകൊണ്ടിരുന്ന മഹാമുനിയേകണ്ടു അവർ ആനന്ദഭരിതരായി അടുത്തുചെന്നു സാഷ്ടാംഗം നമസ്കരിച്ചു് അവരുടെ കൈവശം ഉണ്ടായിരുന്ന തേൻ, പലഹാരം എന്നിവയെ കാണിക്കയായിവച്ചു. വളരേകാലംകൂടി യാതൊരു ഭക്ഷണവുംകഴിക്കാതേ ഇരുന്നുവന്ന മഹാമുനി ഇതുകളേ സ്വീകരിച്ചു ഭക്ഷിച്ചു.

അതിനുശേഷം മോക്ഷമാർഗ്ഗത്തേ കാണിച്ചുകൊടുക്കുന്ന ഉപദേശങ്ങൾ അവർക്കു് നൽകി. ഈ രണ്ടുകച്ചവടക്കാരും മായാപാശങ്ങളേഖണ്ഡിച്ചു സന്നിധിയിൽ ഇരിക്കുന്ന ഇദ്ദേഹം തന്നേ ലോകഗുരുഎന്നു തീർച്ചപ്പെടുത്തി, അവർ ചേർത്തുവച്ചിരുന്നസ്വത്തെല്ലാംഓരോധർമ്മകാര്യങ്ങൾക്കായി വിനിയോഗിച്ചു് അന്നുമുതൽ ബുദ്ധൻ്റെ ശിഷ്യരായിതീർന്നു.

ലൌകികവ്യാപാരങ്ങളിൽ ജീവിച്ചുവന്നമനുഷ്യരിൽ ബുദ്ധൻ്റെ ആദ്യശിഷ്യരായിതീർന്നതു ഇവർ രണ്ടുപേരും ആയിരുന്നു.

കുറേകാലംകൂടികഴിഞ്ഞു്, ബുദ്ധൻ തൻ്റെ ശിഷ്യന്മാരേ വിളിച്ചു താഴെപറയുന്നതുപോലെ അവർക്കു ഉപദേശംകൊടുത്തു.

"അന്യരിൽദോഷാരോപണംചെയ്യാതേ സ്വാതന്ത്ര്യം സിദ്ധിയ്ക്കുവാൻ മനുഷ്യർ ശ്രമിയ്ക്കേണ്ടതാണു്. നിഷ്കാമിയായി അഹംഭാവം ഒട്ടും ഇല്ലാതേ ഈശ്വരസൃഷ്ടിയിൽ എല്ലാററിനോടും സമഭാവനയോടുകൂടി കാലംകഴിച്ചുകൂട്ടുന്നവനു മോക്ഷംസുലഭംതന്നേ. അന്തരമില്ലാത്ത സത്യസ്ഥിതിയേയും കൈവല്യത്തേയും, നിഷ്ഠയാൽ ഞാൻ കാണ്മാനിടയായി എന്നാൽ ഇഹലോകാനുഭവങ്ങളാൽ വിശ്വാസം കുറഞ്ഞും, മോഹപാശത്താൽ ബന്ധിതരായും, കാമാതിരേകത്താൽ ദുഷിച്ചും സത്യത്തേ മറന്നും ഉള്ള മനുഷ്യർക്കു ഇതു് എങ്ങിനെ മനസ്സിലാക്കാൻ കഴിയും. സത്യത്തി സകലതിനേയും സമർപ്പിയ്ക്കേണ്ട വാസ്തവം സ്വശക്തിയിലും, സാമർത്ഥ്യത്തിലും, പൌരുഷത്തിലും ആഹ്ലാദിച്ചിരിക്കുന്ന മനുഷ്യനു മനസ്സിലാകുമോ? മനഃസമാധാനത്തിനു് ഹേതുവാകുന്ന ശാന്തി മനുഷ്യനു് ഇഷ്ടപ്പെടുകയില്ല. നിത്യജീവനു് ഇടയാക്കുന്ന നിദ്രയെ മനുഷ്യൻ മരണംഎന്നു് വിചാരിച്ചു് വ്യസനിയ്ക്കുന്നു ആഗ്രഹം, അസൂയ എന്ന ദോഷങ്ങളാൽ മൂടിയിരിക്കുന്ന മനുഷ്യബുദ്ധിയാൽ മോക്ഷമാർഗ്ഗങ്ങൾ എങ്ങിനെ കാണ്മാൻകഴിയും. മേഘങ്ങളാൽ മറഞ്ഞിരിക്കുന്ന ചന്ദ്രനേപ്പോലെ ലൌകികവ്യാപാരങ്ങളാൽ മൂടിയിരിക്കുന്ന മനസ്സിനു് നിർവ്വാണം എന്തെന്നു് അറിയുവാൻകൂടി സാദ്ധ്യമല്ല.

ഈ മഹത്തത്വങ്ങളേ ഞാൻ ഉപദേശിയ്ക്കയും മനുഷ്യർ മനസ്സിലാക്കാതെ ഇരിക്കുകയും ചെയ്താൽ എനിയ്ക്കു് ക്ഷീണത്തിനും ദുഃഖത്തിനും ഞാൻ ഇടയാക്കുകയല്ലയോ.

ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും ബ്രഹ്മലോകത്തിൽനിന്നും സർവ്വേശ്വരൻ ഇദ്ദേഹത്തിൻ്റെ മുമ്പിൽ പ്രത്യക്ഷമായി.

"തഥാഗതൻ ധർമ്മോപദേശം ചെയ്യാതെയിരുന്നാൽ ഭൂലോകം നിശ്ചയമായും നശിച്ചുപോകും ബുദ്ധമുട്ടി കഴിച്ചുകൂട്ടുന്നവരിൽ ദയഉണ്ടാകണേ. മായയാൽ വലയുന്ന മനുഷ്യരേ രക്ഷിക്കേണ. ദുഃഖമാർഗ്ഗങ്ങളിൽ താൽക്കാലികസന്തോഷത്തോടുകൂടി പ്രവേശിച്ചു് പരമദുഃഖത്തെ ഒടുവിൽ അനുഭവിയ്ക്കുന്നവരെ ആ മാർഗ്ഗങ്ങളിൽനിന്നും വിമോചനംചെയ്യണേ. ഭൂലോകത്തിൽ സത്യമാർഗ്ഗത്തെആരാഞ്ഞുകൊണ്ടിരിക്കുന്ന ചുരുക്കം ചിലരെങ്കിലും ഇല്ലയോ. അവർക്കെങ്കിലും നിൻ്റെ ഉപദേശവും തൽഫലവും ഇല്ലെന്നുവരുന്നതു് കഷ്ടമല്ലയോ" എന്നു് സാക്ഷാൽ ബ്രഹ്മദേവൻ ബുദ്ധനോടു് അരുളിച്ചെയ്തു.

ഇതെല്ലാം കണ്ടും കേട്ടും അത്ഭുതപ്പെട്ടു് ബുദ്ധൻ നിഷ്ഠയിൽനിന്നും കണ്ണുതുറന്നുനോക്കി ഉടനേ ഉപദേശംവാങ്ങുവാൻ ജാഗരൂകരായും, മനസ്സു് കേവലം ലൌകികചിന്തകളാൽ മൂടാതെയും, കാമം, ക്രോധം മുത

# യുദ്ധംമൂലമുള്ള നാശങ്ങൾ.

(വൈക്കം, എസ്സ്. രാമൻപിള്ള ബി. എ. ബി. എൽ.)

ഒരു വെള്ളപ്പൊക്കംമൂലം ഒരു നൂറുപേർ മരിച്ചു എന്നും, ഒരു പതിനായിരംരൂപയുടെ നഷ്ടമുണ്ടായി എന്നും പത്രത്തിൽ കേൾക്കുന്ന മാത്രയിൽതന്നെ ലോകം ഞെട്ടുകയും, നിവാരണശ്രമങ്ങൾ ഉടനെ ആരംഭിക്കുകയുംചെയ്യുന്നു. നൂറുവിധവകൾ! അനാഥരായ കുട്ടികളോടുകൂടിയ നൂറുവീടുകൾ! ഹാ! എത്രകഷ്ടം. ഈ ദാരുണസംഭവം ലോകരുടെ ഹൃദയത്തെ ഭേദിക്കതന്നെചെയ്യുന്നു. പ്രകൃതിയുടെ നിഷ്ഠൂരതയെ നാം ശപിക്കുന്നു. എന്നാൽ ഒരു യുദ്ധംമൂലം ലക്ഷക്കണക്കിനു ആളുകൾ കൊല്ലപ്പെടുകയും, സ്വത്തുക്കൾ നശിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ ഈ സഹതാപമാകട്ടെ, ഹൃദയംപൊളിപ്പാകട്ടെ നാം കണ്ടുവരുന്നുണ്ടോ? നമ്മുടെ മനുഷ്യസഹജമായ സഹതാപം അപ്പോൾ എവിടെപോകുന്നു? വെള്ളപ്പൊക്കംമൂലമുണ്ടായ നാശങ്ങളെപ്പററി നാം കേൾക്കുമ്പോൾ വെണ്ണപോലെ ഉരുകുന്ന നമ്മുടെ ഹൃദയം യുദ്ധംമൂലമുള്ള നാശത്തെപ്പററി കേൾക്കുമ്പോൾ കാരിരുമ്പുപോലെ കട്ടപ്പമുള്ളതാകുന്നതു എന്തുകൊണ്ടു? പ്രകൃതിയുടെ കോപംമൂലം കുറച്ചു മരണങ്ങളും ചില നാശങ്ങളും ഉണ്ടാകുമ്പോൾ വിലപിക്കുകയും സഹതപിക്കയുംചെയ്യുന്ന നമ്മുടെ ഹൃദയം ലക്ഷക്കണക്കിനുള്ള മുറിവേററവരുടെ പ്രാണവേദനയോടുകൂടിയ ആർത്തനാദവും, വിധവകളുടെ കണ്ണീരും, ശിശുക്കളുടെ കരച്ചിലും, സർവ്വത്ര നാശവും കാണുമ്പോൾ അലിയാത്തതെന്തു? വായനക്കാരുടെശ്രദ്ധയെ ഞാൻ ഈ ചോദ്യങ്ങളിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

ഇനി ചില വലിയ യുദ്ധങ്ങൾകൊണ്ടു ഉണ്ടായിട്ടുള്ള ആൾനാശത്തിന്റെയും അർത്ഥനാശത്തിന്റെയും ഒരു കണക്കു പരിശോധിക്കുകതന്നെ. ഫ്റഞ്ചുവിപ്ലവവും അതിനെതുടർന്നുണ്ടായ ആഭ്യന്തരകലഹങ്ങളും ഒന്നു നോക്കുകതന്നെ. ആ യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെസംഖ്യ ഇരുപതുലക്ഷമാണു. അത്രയുംതന്നെ ആളുകൾക്കു മുറിവേല്ക്കുകയും അംഗഭംഗംവരികയുംചെയ്തിട്ടുണ്ടു. ആ വിപ്ലവത്തിൽതന്നെ രണ്ടുലക്ഷംസന്താനങ്ങൾ ഫ്രാൻസിനു നഷ്ടമായി. നെപ്പോളിയന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ആസ്റ്റർലിട്ട്സ്തുടങ്ങി വാട്ടർലൂവരെയുള്ള ഒൻപതു മഹായുദ്ധങ്ങളിലായി 19-ലക്ഷത്തിഒൻപതിനായിരം ഭടന്മാരെ വിനിയോഗിച്ചിട്ടുണ്ടു. കൊല്ലപ്പെട്ടവരും അംഗഭംഗം സംഭവിച്ചവരുംആയ ഭടന്മാരുടെ സംഖ്യ 3-ലക്ഷത്തിഎൺപത്താറായിരമാണു. പെനിൻസുലർയുദ്ധത്തിൽതന്നെ അൻപതിനായിരം ഇംഗ്ലീഷുഭടന്മാർ വധിക്കപ്പെട്ടു. അതേയുദ്ധത്തിൽ അഞ്ചുലക്ഷം ഫ്രഞ്ചുഭടന്മാർ മരിച്ചിട്ടുണ്ടു. ഇനി ആ യുദ്ധച്ചെലവിലേക്കു വേണ്ടിവന്നിട്ടുള്ള ധനവ്യയത്തിന്റെ കണക്കും അറിഞ്ഞിരിക്കേണ്ടതാണു. നെപ്പോളിയനു 25-കോടി 50 ലക്ഷം പവൻ ചെലവിടേണ്ടിവന്നപ്പോൾ ഇംഗ്ലീഷുകാരുടെചെലവു 83-കോടി 10 ലക്ഷം പവനാണത്രേ!!

ഇനി ക്രമിയൻയുദ്ധംമൂലമുണ്ടായിട്ടുള്ള നഷ്ടങ്ങൾ പരിശോധിക്കാം. ഇംഗ്ലണ്ടു, ഫ്രാൻസു, റഷ്യതുടങ്ങിയ മൂന്നുരാജ്യക്കാർക്കുമായി 4 ലക്ഷത്തിഎൺപതിനായിരംഭടന്മാർ നഷ്ടപ്പെട്ടു. മററുയുദ്ധങ്ങളെ അപേക്ഷിച്ചു ഈ നഷ്ടം നിസ്സാരമാണു. ഇംഗ്ലണ്ടു 7 കോടി 80-ലക്ഷംപവനും റഷ്യ 14 കോടി 20-ലക്ഷംപവനും ഫ്റാൻസ് 9-കോടി 30 ലക്ഷംപവനും ചെലവാക്കിയിട്ടുണ്ടു. അതായതു ദിവസംപ്രതി ശരാശരി 20-ലക്ഷംപവൻ റഷ്യയും 1-ലക്ഷത്തി 30-നായിരംപവൻ ഫ്റാൻസും, ഒരുലക്ഷംപവൻ ഇംഗ്ലണ്ടും ഈ യുദ്ധത്തിനുവേണ്ടി ചെലവിടേണ്ടിവന്നിട്ടുണ്ടു.

അമേരിക്കൻസിവിൽവാറിന്റെ കണക്കും ശ്രദ്ധേയമാണു. വധിക്കപ്പെട്ടവരുടെസംഖ്യ 6-ലക്ഷവും ചെലവു 12 കോടി 10-ലക്ഷംപവനുംആണു. അതായതു ആഴ്ചതോറും 16-ലക്ഷംപവൻ ചെലവിടേണ്ടതായി വന്നിട്ടുണ്ടു.

ഫ്റാൻസും ജർമ്മനിയും തമ്മിലുണ്ടായ യുദ്ധംമൂലം മൂന്നുലക്ഷത്തി എഴുപത്തോരായിരത്തി എഴുനൂറുപേർ നഷ്ടപ്പെടുകയുംഇരുകക്ഷിക്കാർക്കുമുണ്ടായ ഭയങ്കരമായ നഷ്ടത്തിനുപുറമെ, 31-കോടി 60 ലക്ഷംപവൻ നഷ്ടപരിഹാരാർത്ഥം ഫ്രാൻസു ജർമ്മനിക്കു കൊടുക്കേണ്ടിവരികയും ഉണ്ടായി.

ഇൻഡ്യാചരിത്രത്തിൽ നോക്കുന്നപക്ഷവും ലക്ഷക്കണക്കിനുമനുഷ്യരുടെ പ്രാണനും യുദ്ധംമൂലംനമുക്കുനഷ്ടമായിട്ടുണ്ടെന്നു സ്പഷ്ടമാണു. ബാബറും ഇബ്രാഹിംസുൽത്താനും തമ്മിൽഉണ്ടായ പാനിപ്പട്ടുയുദ്ധത്തിൽതന്നെ ആറുമണിക്കൂർകൊണ്ടു 15000 ആളുകൾ കൊല്ലപ്പെട്ടു. മൂന്നാമത്തെ പാനിപ്പട്ടുസമരത്തിൽതന്നെ ഒരൊററയുദ്ധംകൊണ്ടു 2 ലക്ഷംഭടന്മാർ ഹതരായത്രേ. റ

---

ലായവയുടെ ദോഷഫലങ്ങളെ മനസ്സിലാക്കിയും കഴിച്ചുവരുന്നവരായി കുറച്ചുപേരെ കാണ്മാൻ ഇടയായി.

ഉടനേ "ഈ മനുഷ്യർക്കു മോക്ഷംസിദ്ധിക്കട്ടേ പൂർണ്ണവിശ്വാസത്താലും ശരിയായ അനുഷ്ഠാനങ്ങളാലും ഇവർക്കു ധർമ്മസാധനം ലഭ്യമാകട്ടേ"എന്നു ബുദ്ധൻ വിളിച്ചുപറയുകയും ഇതുകേട്ടു സന്തുഷ്ടനായി, മോക്ഷമാർഗ്ഗത്തെ ബുദ്ധനിൽനിന്നും തന്റെ സൃഷ്ടികളിൽ താല്പര്യമുള്ളവർക്കു മനസ്സിലാക്കാൻ കഴിയുംഎന്നു സമാധാനത്തോടും അനുഗ്രഹബുദ്ധിയോടും ബ്രഹ്മദേവൻ മറയുകയും ചെയ്തു.


---


# സൂക്ഷിപ്പിൻ!

## തട്ടിപ്പിൽ അകപ്പെടരുതേ!

# 501

എന്നു തെററിദ്ധരിക്കാനിടയുള്ള പലസോപ്പുകളും കാണാനുണ്ടു.




ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെന്റു.

19 എ. വാണിയർസ്ട്രീററു;

ജി. ടി. മദ്രാസ്.

ഷ്യയും ടൎക്കിയുമായുണ്ടായ യുദ്ധത്തിൽ വധിക്കപ്പെട്ടവരുടെ സംഖ്യ 2 ലക്ഷമാണു്. പ്ലിവ്നായുദ്ധത്തിൽതന്നെ ഒരൊററദിവസം കൊണ്ടു് പതിനെണ്ണായിരം റഷ്യക്കാർകൊല്ലപ്പെട്ടു.

റഷ്യയും ജപ്പാനും തമ്മിലുണ്ടായതും യൂറോപ്യശക്തികളെ വിഭ്രാന്തിപിടിപ്പിച്ചതുമായ ആ യുദ്ധത്തിൽ റഷ്യയ്ക്കുതന്നെ ആഴ്ചതോറും പത്തുലക്ഷത്തിതൊണ്ണൂററിഏഴായിരത്തി ഇരുന്നൂറു പവൻവീതം ചെലവിടേണ്ടിവന്നു. സിയാംയങ്ങുയുദ്ധക്കളത്തിൽതന്നെ ഇരുപതിനായിരം റഷ്യൻഭടന്മാരും പതിനെണ്ണായിരം ജപ്പാൻകാരും കൊല്ലപ്പെട്ടു ഷാഹ്ഹേയുദ്ധക്കളത്തിൽ പതിനാറായിരം ജപ്പാൻഭടന്മാരും അറുപതിനായിരം റഷ്യാക്കാരും മൃതിയടഞ്ഞു.

അവസാനമായി, കഴിഞ്ഞ ലോകമഹായുദ്ധത്തിലെ ചില കണക്കുകൾക്കൂടി നാം അറിഞ്ഞിരിക്കേണ്ടതായിട്ടുണ്ടു്. യുദ്ധം തുടങ്ങി ആദ്യത്തെ മൂന്നുമാസങ്ങൾക്കിടക്കു്, ഫ്റാൻസിനു എട്ടുലക്ഷത്തി അൻപത്തിനാലായിരവും, ജൎമ്മനിക്കു് ആറുലക്ഷത്തി എഴുപത്തേഴായിരവും ഇംഗ്ലണ്ടിനു എൺപത്തയ്യായിരവും പവൻവീതം ചെലവിടേണ്ടതായി വന്നുകൂടി. ഈയുദ്ധത്തിൽ ആകെ 46ലക്ഷത്തി നാല്പത്തേഴായിരം പേർ വധിക്കപ്പെട്ടിട്ടുണ്ടു. 82ലക്ഷത്തിതൊണ്ണൂററിഏഴായിരംപേൎക്കു് മുറിവുപററുകയും അംഗഹീനത സംഭവിക്കുകയും ഉണ്ടായി. ഇരുപതുലക്ഷത്തി അൻപതിനായിരത്തിനാന്നൂറുപേർ ജൎമ്മനിക്കുതന്നെ നഷ്ടമായിട്ടു് നാൽപത്തിരണ്ടുലക്ഷത്തിരണ്ടായിരംപേൎക്കു മുറിവേററു ബ്രിട്ടീഷുസാമ്രാജ്യസൈന്യങ്ങളിൽതന്നെ പത്തുലക്ഷത്തി തൊണ്ണൂററിഎൻപതിനായിരത്തിതൊള്ളായിരംപേർ വധിക്കപ്പെടുകയും 24 ലക്ഷത്തിതൊള്ളായിരം ഭടന്മാൎക്കു മുറിവേൽക്കുകയും ചെയ്തിട്ടുണ്ടു്. ഫ്രാൻസിനാകട്ടെ മുറിവേററവരുടെ എണ്ണം 18 ലക്ഷത്തിതൊണ്ണൂറായിരവും വധിക്കപ്പെട്ടവരുടേതു് 13 ലക്ഷത്തിതൊണ്ണൂററിമൂവായിരത്തി മുന്നൂറും ആകുന്നു.

ഇനി ഈയുദ്ധച്ചെലവുകൂടി അറിഞ്ഞിരിക്കേണ്ടതാകുന്നു. ജൎമ്മനി (നഷ്ടപരിഹാരംകൊടുത്ത ഭീമമായതുക ഉൾപ്പെടുത്താതെ) ക്കു് പ്രതിദിനം അൻപതുലക്ഷം പവനും ഫ്രാൻസിനു 44 ലക്ഷത്തിഅൻപതിനായിരം പവനും ആകുന്നു. ഈ യുദ്ധത്തിനായി ഏററവും കൂടുതൽദ്രവ്യം ചെലവിട്ടിട്ടുള്ളതു് ഇംഗ്ലണ്ടാണു്. 1917-ൽ ആഴ്ചതോറും 4 കോടി തൊണ്ണൂറുലക്ഷം പവൻവീതം ബ്രിട്ടീഷുഗവൺമെൻറിനു് ചെലവിടേണ്ടതായി വന്നിട്ടുണ്ടു്. 1918ൻെറ അവസാനംവരെ ബ്രിട്ടൺ ഈ മഹായുദ്ധത്തിനുവേണ്ടി അഞ്ഞൂറുകോടി പവൻ ചെലവിട്ടിട്ടുണ്ടത്രേ.

---


## അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.




വൈക്കംതാലൂക്കിലെ 'മുട്ടുചിറ'യിലുള്ള പുരാതന ക്രൈസ്തവദേവാലയം. ചരിത്രപ്രസിദ്ധമായ പേർസ്യൻ കുരിശുള്ളതു ഇവിടെയാണു്. പുരോഭാഗത്തു കാണുന്ന കരിങ്കൽകുരിശിനു 600 കൊല്ലത്തെ പഴക്കമുണ്ടു്. മണിമാളികയ്ക്കു 162-അടി പൊക്കമുണ്ടു്. ഇതു തെക്കേഇന്ത്യയിലെക്കു ഏററവും പൊക്കംകൂടിയ മണിമാളികയാണു്. ഇതിൽ ജൎമ്മനിയിൽ നിൎമ്മിച്ചതും രണ്ടര ടൺ തൂക്കമുള്ളതുമായ 3 മണികൾ ഉണ്ടു്. ഏഴു മൈൽ ദൂരത്തിൽ മണിനാദം കേൾക്കുന്നതാണു്.

(C. Mathew, കടുത്തുരുത്തി)


പണ്ഡിററു് ഡി. ഗോപാലാചാൎലുവിൻെറ

# ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സിരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകറേറണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാൎഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വൎദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീൎന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പു ഇരുന്നതുപോലെ സുദൃഢമായ ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീൎക്കുകയുംചെയ്യും.

എല്ലാ സ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിൎമ്മാതാക്കൾ

**ആയുൎവ്വേദാശ്രമം**

പോസ്റ്റ്ബാക്സ് 247, മദ്രാസ്.



സ്ത്രീകൾക്കുള്ള എഴുത്തുകൾ കൊടുക്കുമ്പോൾ അതോടുകൂടി അവക്കു ചില ചുംബനങ്ങളും കൊടുക്കുക പതിവുള്ള പോളണ്ടുകാരൻ ഒരു തപാൽക്കാരനു് പതിനാലുദിവസത്തെ തടവു് അവിടത്തെ മജിസ്ട്രേട്ടു് വിധിച്ചിരിക്കുന്നു.

* * *

പ്രസിദ്ധ ചലനചിത്രനടനായ റിച്ചാർഡ് ആർലൻെറ നാസികയുടെ അഗ്രത്തിൽ ഒരു പ്രാണി കുത്തുകയാൽ അദ്ദേഹത്തിനു ചികിത്സക്കായി 140 പവനും, അദ്ദേഹം അഭിനയിക്കുന്ന സ്റ്റൂഡിയോയിക്കു് സമയത്തിനു് സിനിമാനടക്കാതെവന്നതിനാൽ 4000 പവനും നഷ്ടമുണ്ടായിരിക്കുന്നത്രേ.

* * *

ബ്രിട്ടൻെറ വിമാനശക്തിയെ വർദ്ധിപ്പിക്കുകയെന്ന നയമനുസരിച്ചു ബ്രിട്ടീഷ് സമുദ്രതീരത്തു ഭീമമായ രണ്ടു വിമാനസങ്കേതങ്ങൾകൂടി നിർമ്മിക്കുവാനുള്ള ചടങ്ങുകൾഎല്ലാം ആരംഭിച്ചിരിക്കുന്നു.

* * *

സ്വർണ്ണം കുത്തിവയ്ക്കുകമൂലം വാതരോഗങ്ങൾക്കു് അത്ഭുതകരമായവിധം സുഖം കിട്ടുമെന്നു ലണ്ടനിലെ വാട്ടർലൂ ആസ്പത്രിയിൽ കണ്ടുപിടിച്ചിരിക്കുന്നു. വാതരോഗം പിടിപെട്ടു് നടക്കുന്നതിനുപോലും സാധിക്കാതിരുന്ന പല രോഗികൾക്കും ഈ ചികിത്സമൂലം പൂർണ്ണസുഖം ലഭിച്ചിരിക്കുന്നു. അഞ്ചുദിവസങ്ങളിൽ ഒരു പ്രാവശ്യംവീതം സ്വല്പം സ്വർണ്ണം ദ്രാവകമാക്കി കുത്തിവയ്ക്കുകയെന്നതാണു ചികിത്സാക്രമം.

* * *

ജർമ്മനിയിലെ നാസി സാമ്പത്തികപരിപാടിയുടെ ജനയിതാവു്, നാസിപാർട്ടിയുടെ സഹസ്ഥാപകൻ, അതിൽ ചേരുവാൻ ഹിററ്ലറിനെ പ്രേരിപ്പിച്ചയാൾ എന്നീവിധത്തിലെല്ലാം ആധുനികജർമ്മൻചരിത്രത്തിൽ ഒരു പ്രധാനസ്ഥാനം അർഹിക്കുന്ന ഹെർഗാട്ടു് ഫ്രെഡ്ഫെഡർ എന്നദ്ദേഹത്തെ ഹിററ്ലറിൻെറ ഉത്തരവനുസരിച്ചു് സാമ്പത്തികമന്ത്രിയെന്ന ഉദ്യോഗത്തിൽനിന്നു് പിരിച്ചുവിട്ടിരിക്കുന്നു.

* * *



ലണ്ടനിലെ ചാമ്പ്യൻ സ്ക്രൾബോയ് ഫുട്ബാളേഴ്സ്.
ഹാമർസ്മിത്തു് സെൻറഡൺസ്റ്റൻസ് സ്ക്കൂളിലെ 11 വിദ്യാർത്ഥികളാണു ലണ്ടൻെറ അഭിമാനപാത്രങ്ങളും എങ്ങും തോല്ക്കാത്തവരെന്നു പ്രശസ്തരും ആയ സ്ക്രൾബോയ് ഫുട്ബാളേഴ്സ്. ഫെബ്രുവരിയിലെ ആഴ്സെനൽ ഫുട്ബാൾ ക്ലബുകാർ ഈ വിദ്യാർത്ഥികൾക്കു ഒരു ചായസൽക്കാരം നൽകിയ അവസരത്തിലെടുത്തതാണു ചിത്രം.

ലോകത്തിലെ സ്ഥിതിഗതികൾ ഒന്നു ശാന്തമായി കഴിഞ്ഞു ഒരു ആററ്ലസ്സ് വാങ്ങിയാൽ മതിയെന്നു അബർഡീൻകാരനായ ഒരാൾ തീരുമാനിച്ചിരിക്കുന്നു.

* * *

കെനിയായിലെ ഒരു നീഗ്രോസ്ത്രീക്കു് മൂന്നു കുട്ടികൾ ഒരേദിവസം ജനിച്ചു താൻ ഉൾപ്പെടുന്ന ജാതിക്കാർ ഇതു് ഈശ്വരകോപ മൂലമുണ്ടായതാണെന്നും അതിനാൽ ഈ ശിശുക്കളെ ജീവനോടു കുഴിച്ചിടേണ്ടതാണെന്നും നിർബന്ധിച്ചു. ഈ ബുദ്ധിമതികളുടെ ശാഠ്യം സഹിക്കുവാൻനിവൃത്തിയില്ലാതെ ആ സാധുമാതാവു് ഈ സാഹസത്തിനു മനസ്സില്ലാമനസ്സോടുകൂടി സമ്മതിച്ചു. ഇതിനെ സംബന്ധിച്ചുണ്ടായ കേസ്സിൽ സ്ത്രീക്കു് ലഭിച്ച മരണശിക്ഷ, പരിതഃസ്ഥിതികളെ ഓർത്തു് മറേറതെങ്കിലും ശിക്ഷയായി രൂപാന്തരപ്പെടുത്തേണ്ടതാണെന്നു അവിടെയുള്ള സ്ത്രീകൾ ഗവർണ്ണരോടു അപേക്ഷിച്ചിരിക്കുന്നു. ഈ അഭ്യർത്ഥനയിൽ യൂറോപ്യൻ സ്ത്രീകളും സംബന്ധിച്ചിട്ടുണ്ടു്.

* * *

വേലചെയ്തുകൂലിവകയിൽ തനിക്കു് 20 പവൻ വരുവാനുണ്ടെന്നും അതീടാക്കികൊടുക്കണമെന്നും എഴുപത്തിരണ്ടുവയസ്സു പ്രായമുള്ള ഒരു റുമേനിയാക്കാരൻ തൻെറ 100 വയസ്സുപ്രായമുള്ള അച്ഛൻെറ പേരിൽ അന്യായം ഫയൽചെയ്തിരിക്കുന്നു.

* * *

മോസ്കോവിൽവച്ചു ഈയിടെ വധിക്കപ്പെട്ട സെർജി കിറോവിൻെറ ശവമഞ്ചം ചുമലിൽ വഹിച്ചു ശ്മശാനത്തിലേക്കു കൊണ്ടുപോയതു് സ്റ്റാലിനും മററുചില ഉയർന്നസോവിയററു ഉദ്യോഗസ്ഥന്മാരുമായിരുന്നു.

* * *

കാറൽഡിഷർ എന്ന ഒരു വിയന്നാക്കാരൻ ഡ്രൈവറെ (34വയസ്സുപ്രായം) കൊലയ്ക്കുവിധിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റു പക്ഷക്കാരനായ ഇയ്യാൾ കൈബോംബുകൾ ഒളിച്ചുവെയ്ക്കുവാൻ ഒരുസഹപ്രവർത്തകനെ ഏല്പിക്കയും സഹപ്രവർത്തകൻ ഭയന്നു് വിവരം പോലീസിൽ അറിവുകൊടുക്കയുംചെയ്തതിനാലാണു് കാറൽ ഈനിലയിൽ എത്തുവാനിടയായതു്.

* * *

മന്ത്രകവചങ്ങൾ (Talismans) കച്ചവടംചെയ്യുക തൊഴിലായി സ്വീകരിച്ചിരിക്കുന്ന പാരീസുകാരൻ ഒരു ബെർട്രാൻറു ട്രല്യൂസിൻെറപേരിൽ രണ്ടു ആഫ്രിക്കാക്കാർ ഒരു കേസ്സു കൊടുത്തിരിക്കുന്നു. ഇയ്യാൾ കോംഗോയിലേക്കു തങ്ങൾക്കു അയച്ചുതന്ന ഭാഗ്യകവചങ്ങൾ ഉപയോഗശൂന്യമായിരുന്നു എന്നാണു അന്യായം.

* * *

പ്രസിദ്ധ വിപ്ലവകാരിയും, തെക്കെഅമേരിക്കായുടെ സ്വാതന്ത്ര്യം സമ്പാദിച്ചയാളുമായ സൈമൺബോളിവാറിൻെറ ജീവചരിത്രം ഡാറിൽ സാനക്കു് എന്ന കമ്പനിക്കാർ ചലനചിത്രമാക്കുവാൻ ഭാവിക്കുന്നു.

* * *

പുതിയ തുറമുഖനിയമമനുസരിച്ചു ഗവർമ്മെൻറിന്റെ അനുവാദംകൂടാതെ വിദേശികപ്പലുകളിൽനിന്നു നാവികന്മാരോ ഭടന്മാരോ വൈമാനികരോ സിംഗപ്പൂർതുറമുഖത്തിൽ ഇറങ്ങുവാൻ പാടുള്ളതല്ല.

* * * *

മുസ്സോളിനിയും മി. ലാവലും ഫ്രാങ്കോ ഇററാലിയൻസന്ധി ഒപ്പിട്ടിരിക്കുന്നു. ആയുധസജ്ജീകരണത്തെ പരിമിതമാക്കുന്നതു സംബന്ധിച്ച ഒരു തീരുമാനത്തിലെത്താൻ അതിൽ മഹാശക്തികളെക്ഷണിക്കുന്നുണ്ടു്. ജർമ്മനിക്കെതിരായി അതിൽ ഒന്നുംതന്നെ ഉദ്ദേശിക്കപ്പെട്ടിട്ടില്ല എന്നുകാണുന്നു. ജർമ്മനി പുനരായി ആയുധസജ്ജീകരണംചെയ്യുന്നതു നിയമവിരുദ്ധമാണെന്നു അതിൽപറയുന്നുമില്ല. അവർ പുറപ്പെടുവിച്ചിരിക്കുന്ന ഒരു ചെറിയ കമ്മ്യൂണിക്കിൽ ഏതേതു വ്യവസ്ഥകളനുസരിച്ചാണു സന്ധിയുണ്ടായിട്ടുള്ളതെന്നു പറയുന്നില്ല. ജർമ്മനി ലീഗിൽചേരണമെന്നു ഫ്റഞ്ചുകാർ ക്ഷണിക്കുന്നതായി അതിൽ കാണുന്നുണ്ടു്. ഇററലിക്കു അബിസീനിയായിൽ വാണിജപരമായുംമററും നിർബാധമായ ഒരു സ്ഥാനമുണ്ടായിരിക്കണമെന്നുള്ളതിൽ ഫ്റാൻസിന്റെ സമ്മതമുണ്ടെന്നറിയുന്നു.


* * *

1933-ലെ ഇംഗ്ലണ്ടിലേയും വെയിൽസിലേയും മരണക്കണക്കു പ്രസിദ്ധംചെയ്തിട്ടുള്ളതിൽനിന്നും, ഏത്രയും ആപത്തുകരഞ്ഞ ജീവകാലഘട്ടം 9 മുതൽ 14 വയസ്സുവരെയുള്ള സമയമാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരുവയസ്സുപ്രായത്തിൽ 36,960 മരണങ്ങളാണു സംഭവിച്ചതു് ഇതു കഴിഞ്ഞവർഷത്തേക്കാൾ കൂടിയസംഖ്യയാണു്. ഒമ്പതും, പത്തും, പതിനൊന്നും വയസ്സുകളിൽ മരണത്തുക യഥാക്രമം 971, 896, 985 എന്നീകണക്കിനാണു്. പന്ത്രണ്ടും പതിമൂന്നുംവയസ്സുപ്രായത്തിൽ മരിച്ചവരുടെ സംഖ്യ ആയിരത്തിൽ കവിഞ്ഞിരിക്കുന്നു പക്ഷെ 14 ാംവയസ്സിൽ മരിച്ചവരുടെഎണ്ണം 902 ആയി കുറയുകയുംചെയ്തു.

* * * *

മ്യൂനിച്ചിലേക്കു പോകാനായി സാഭത്താവൊത്തു ക്രായിസണിൽനിന്നു പാരീസിലേക്കു കെൻറപ്രഭ്വിചെയ്തവിമാനയാത്ര അവരുടെ ആദ്യത്തെ വിമാനയാത്രയായിരുന്നു.

* * *



എച്ച്. എം. എസ്സ്. ഈഗിൾ.

എയർക്രാഫ്റ്റ്കാരിയർ എന്നഇനത്തിൽപെട്ട ഒരു യുദ്ധക്കപ്പലാണിതു്. ഈ കപ്പലിൽ ഏതുസമയത്തും 150-ൽകൂടുതൽ വിമാനങ്ങളും നിമിഷംകൊണ്ടു കൂട്ടിച്ചേർത്തു അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനുവേണ്ടി അനേകശതം സാമഗ്രികളും തയ്യാറാണു്. പൌരസ്ത്യപ്രദേശത്തെ യുദ്ധക്കപ്പലുകളിൽ ഇതുപ്രഥമസ്ഥാനമലങ്കരിക്കുന്നു. മുകളിലത്തെ ഡക്കിൽ വിമാനങ്ങൾക്കു വിഷമംകൂടാതെ വന്നിറങ്ങുവാൻ വേണ്ട സകലസൗകര്യങ്ങളുമുണ്ടു്

ഇംപീരിയൽ വിമാനങ്ങളിൽ അലക്സാണ്ഡ്റിയാ–കറാച്ചി, അലക്സാണ്ഡ്റിയാ കേപ്പ്ടൗൺ, എന്നീ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്നവരുടെ പേർക്കുള്ള കമ്പിസന്ദേശങ്ങൾ ബ്രിട്ടനിലെ ചില പ്രധാനകമ്പിയാഫീസുകളിൽ സ്വീകരിച്ചുവരുന്നു ഈ കമ്പിസർവ്വീസ് ഇപ്പോൾ പരീക്ഷണാർത്ഥം മാത്രമേ നടത്തിത്തുടങ്ങിയിട്ടുള്ളു.

* * *

"ബ്ളാക്ക്ഗാർഡ്സ്" എന്ന ജർമ്മൻ പട്ടാളത്തെ ഹിററ്ലർ രഹസ്യമായി പുനഃസംഘടിപ്പിക്കുന്നു. റെജിമെൻറുനമ്പർ 1 എന്ന പുതിയ അഭിനാമത്തിൽ "ബ്ളാക്കഗാർഡ്സിൽ"നിന്നു ഇരുപതിനായിരം ആളുകളെ വേർതിരിച്ചു ഒരു പുതുസൈന്യം ഇദ്ദേഹം രൂപവൽക്കരിച്ചിരിക്കുന്നു. ഈ പുതുപട്ടാളത്തിന്റെ ഭൂരിഭാഗവും മ്യൂനിച്ചിൽ ഏല്പ്പെട്ടുത്തണമെന്നാണു ഹിററ്ലർവിചാരിക്കുന്നതു്. ആഭ്യന്തരശത്രുക്കളെ ഒതുക്കുവാനുള്ള ഈ സംരംഭം "ബ്ളാക്ക്ഗാർഡ്സിന്റെ" സംഖ്യ കുറയ്ക്കുവാനുള്ള ഒരു മുഖവുരയായി കണക്കാക്കാം.


* * *

P. N. M.

കഴിഞ്ഞ പതിനെട്ടുവർഷങ്ങളായി ഒരു കണ്ണിനു കാഴ്ചയില്ലാതെ കഴിച്ചുകൂട്ടിയ ഒരു വയസ്സൻ പട്ടാളക്കാരനു കട്ടിലിൽനിന്നു വീണതുമൂലം കാഴ്ച ലഭിച്ചിരിക്കുന്നു. മി. എച്ച്. ഗിബ്സൺ എന്ന പേരുള്ള ഇദ്ദേഹം രാത്രി ഉറക്കമെഴുന്നേററപ്പോൾ കട്ടിലിൽനിന്നു വീഴുവാനും വീഴ്ചയിൽ തല ശരിയായി തന്നെ തറയിൽചെന്നു് ഒന്നടിക്കുവാനും ഇടയായി. "കണ്ണിനു സഹിക്കാൻവയ്യാത്ത വേദനയോടുകൂടി ഒരുദിവസം രാവിലെ ഞാൻ ഉണർന്നു. എന്നാൽ എനിക്കു കാഴ്ചയുണ്ടായി എന്നുള്ള പരമാർത്ഥവും അപ്പോഴാണു ഞാൻ ഗ്രഹിച്ചതു്" എന്നാണു് ഇദ്ദേഹംപറയുന്നതു്.

* * *

ജൂലൈ 1-ാംതീയതിമുതലുള്ള ധനവർഷത്തിൽ അമേരിക്കയുടെ പൊതുക്കടം 3423 കോടി ഡാളറായി വർദ്ധിക്കത്തക്കവണ്ണം 452 കോടി ഡാളറിന്റെ കുറവു ബഡ്ജററിലുണ്ടാകുമെന്നു മി. റൂസ്വെൽട് കാൺഗ്രസ്സിനുള്ള തന്റെ സന്ദേശത്തിൽ സംശയിക്കുന്നു. തൊഴിലില്ലായ്മയുടെ പരിഹാരം, വൻപിച്ച പൊതുമരാമത്തു എന്നിഇനങ്ങളിലുള്ള ഭീമമായ ചെലവാണു ഇതിനു കാരണമെന്നു വിചാരിക്കപ്പെടുന്നുഎന്നിരുന്നാലും, ഇന്നത്തെ അപേക്ഷിച്ചു രാജ്യരക്ഷക്കായി ഒരു 18-കോടി ഡാളർ കൂടുതലായി വേണമെന്നാണു പ്രസിഡൻറു ഇപ്പോൾ ആവശ്യപ്പെടുന്നതു്. ഇത്തവണത്തെ ബഡ്ജററിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ചെലവു 842-കോടി ഡാളറും, വരവ് 399-കോടി ഡാളർമാത്രവും ആണു്. ഖജനാവിലെ വർക്കിംഗ് ബാലൻസിൽനിന്നു 74-കോടി ഡാളറും, കടമായി 379-കോടിഡാളറും എടുത്താണു ഈ കുറവു പരിഹരിക്കാമെന്നു തൽക്കാലം വിചാരിക്കുന്നതു്. തൊഴിലില്ലായ്മയിൽ ഗണ്യമായ കുറവുണ്ടെങ്കിലും, അതു ഇപ്പോഴും ഭീമമായിത്തന്നെയിരിക്കുന്നു. ബഡ്ജററിൽ പൂർണ്ണമായി സമീകരണം ഉണ്ടാകുന്നകാലം ഇതുവരെയും സമാഗതമായിട്ടില്ല.



മേണ്ടിലിയിൽ പുതുതായി പണിചെയ്യപ്പെട്ടിരിക്കുന്ന (Aba Bridge) ആബാപാലം. ഇതിന്റെനീളം 2½ ഫർലാംഗാണു്.

Courtesy P. S. Das, Rangoon.
Through C. V. Dev, M. R. agent, Mahe.

# മലയാളരാജ്യം.

1110 മകരം 1 ാംനു- തിങ്കളാഴ്ച

കാൽക്കത്തയിൽ ബോംബെസാറിൽവച്ചു ബി. എസ്. മഹാമണ്ഡലം സമർപ്പിച്ച ഒരു മംഗളപത്രത്തിനു തിരുവിതാംകൂർ ജൂനിയർമഹാറാണി തിരുമനസ്സുകൊണ്ടു ചെയ്ത മറുപടിപ്രസംഗം നമ്മുടെ വനിതാലോകത്തിന്റെ ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നാകുന്നു. ഇന്നു ലോകത്തെ അഭിമുഖീകരിക്കുന്ന സർവ്വപ്രധാനമായ പ്രശ്നം സാമ്പത്തികവും സാമുദായികവുമാണെന്നു റഷ്യ, അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ പരിഷ്കൃതരാജ്യങ്ങളിലെ ചെയ്തികളെ ഉദാഹരിച്ചു തിരുമനസ്സുകൊണ്ടു സമർത്ഥിക്കുന്നു. ഇന്ത്യയിലെ സ്ഥിതിഗതികളെ നിരീക്ഷണംചെയ്യുമ്പോൾ അവിടന്നു ആദ്യമായി കാണുന്നതു ഇവിടത്തെ ഭയങ്കരമായ ദാരിദ്ര്യമാകുന്നു. സാമ്പത്തികവും സാമുദായികവുമായ ഉദ്ധാരണപ്രവൃത്തികൾക്ക്, വിദ്യാഭ്യാസാഹത്യംമൂലം സ്ത്രീജനപക്ഷത്തുനിന്നു ശരിയായ സഹായസഹകരണം കിട്ടുന്നില്ലെന്നുമാത്രമല്ല; വലുതായ പ്രതിബന്ധമുണ്ടാകുന്നു എന്നും തിരുമനസ്സുകൊണ്ടു ചൂണ്ടിക്കാണിക്കുന്നു. ആവംവിധമുള്ള തൊഴിലുകൾചെയ്തു ആദായമുണ്ടാക്കുന്നതു സ്ത്രീജനങ്ങളുടെ അന്തസ്സിനും അഭിമാനത്തിനും ഒരുവിധത്തിലും ഹാനികരമല്ലെന്നും നേരേമറിച്ചു ഇന്നത്തെ കാലസ്വഭാവം ആലോചിക്കുമ്പോൾ അതവരുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത കർത്തവ്യമാണെന്നും ഉൽബോധിപ്പിക്കുന്ന ഭാഗമാണു തിരുമനസ്സിലെ പ്രസംഗത്തിൽ ഏററവും ശ്രദ്ധാർഹമായിരിക്കുന്നതു്. "ഭൗതികവും ബുദ്ധിപരവുമായ സമ്പത്തുകളുടെ ഉല്പാദനത്തിൽ പുരുഷന്റെ സഹചാരിണിയും പങ്കാളിയും ആയിരിക്കുന്നതിനുപകരം സ്ത്രീധനം, അടിയന്തിരാഭരണാദികൾ എന്നീവിധമുള്ള അനാവശ്യവും അനാദായകരവും ആയ ദുർവ്യയങ്ങൾക്കു കാരണമായിത്തീർന്നുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ വിദ്യാഭ്യാസമില്ലായ്മകയും സംകുചിതവീക്ഷണവും, മിതവ്യയം, സാമുദായികവും സാമ്പത്തികവും ആയ ഉദ്ധാരണം എന്നീ പ്രസ്ഥാനങ്ങളുടെ വിജയത്തിനു പ്രതിബന്ധമാകുന്നു" എന്നു തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചതു എത്രയോ പരമാർത്ഥമായിരിക്കുന്നു. ഈ നിലയ്ക്കു ഒരു പരിഹാരം വരുത്തണമെങ്കിൽ അതിലേക്കു ഒരു പ്രസ്ഥാനവും വിപുലമായ പ്രചരണശ്രമങ്ങളും കാര്യപരിപാടികളും ആവശ്യമാകുന്നു. അതു വിദ്യാഭ്യാസവും പൊതുക്കാര്യപ്രസക്തിയുംഉള്ള മഹതികളാമണികൾ ഏറെറടുത്തു നിർവ്വഹിക്കേണ്ട മഹത്തായ ഒരു കർത്തവ്യമായി ശേഷിക്കുന്നു. സ്വാതന്ത്ര്യം എന്നതു പ്രഥമമായും പ്രധാനമായും സാമ്പത്തികമാകുന്നു. ഗൃഹകൃത്യങ്ങൾക്കുവിഘാതമാകാതെതന്നെ കുടിൽവ്യവസായമെന്നനിലയിൽ നടത്താവുന്നതും ഗണ്യമായ ആദായംതരുന്നതുമായ പല കൈത്തൊഴിലുകൾ ഉണ്ടു്. അവയെ നിഷ്കർഷയോടെ അവലംബിച്ചാൽ സ്ത്രീസ്വാതന്ത്ര്യത്തിലേക്കു നിഷ്പ്രയാസം ഒരുവഴി തുറന്നുകിട്ടുകയും ചെയ്യും.

* * *


ഇൻഡ്യാഗവർമ്മെൻറു പ്രാദേശികഗവർമ്മെൻറുകൾക്കു അയച്ചിരിക്കുന്നതായി പ്രസിദ്ധംചെയ്തുകാണുന്ന സർക്കുലർ ഗാന്ധിജിയേയും അദ്ദേഹത്തിന്റെ ഗ്രാമോദ്ധാരണപരിപാടികളേയുംപററി ഗവർമ്മെൻറിനുള്ള യഥാർത്ഥമനോഭാവത്തെ തെളിയിക്കുന്നു. ഗാന്ധിജി ആരംഭിക്കുന്ന അഖിലേന്ത്യാഗ്രാമോദ്യോഗസംഘത്തിന്റെ പ്രവർത്തനത്തിൽ വലുതായ ഒരു വിപത്തിനെ ഗവർമ്മെൻറു ശങ്കിക്കുന്നതായി തോന്നുന്നു. ഗ്രാമീണജനസാമാന്യത്തിന്റെ ഇടയിൽ രാഷ്ട്രീയാശയങ്ങൾ പ്രചരിപ്പിക്കുന്നതിനും ഗ്രാമീണജനതതിയുടെ പിൻതുണയോടുകൂടി പൂർവ്വാധികം വിപുലവും അപ്രതിരോധ്യവും ആയതോതിൽ നിയമലംഘനംവീണ്ടും തുടങ്ങുന്നതിനും ഗാന്ധിജി ഉദ്ദേശിക്കുന്നതായിഗവർമ്മെൻറു പരിഭ്രമിക്കുന്നുണ്ടാവാം. ഇൻഡ്യയിലെ ഗ്രാമവ്യവസായങ്ങളുടെ ഉദ്ധാരണവും തൽഫലമായി ഇൻഡ്യയ്ക്കുണ്ടാകുന്ന സാമ്പത്തികാഭിവൃദ്ധിയും സ്വാശ്രയശക്തിയും ബ്രിട്ടന്റെ സാമ്പത്തികനിലയെ സാരമായി അധഃപതിപ്പിക്കാമെന്ന ഭീതി അധികൃതന്മാർക്കുണ്ടാകുന്നെങ്കിൽ അതിൽ അത്ഭുതമില്ല. ഗവർമ്മെൻറിന്റെ താക്കീതു സ്വദേശിയിലും സ്വാശ്രയബുദ്ധിയിലും ആണു ഇൻഡ്യയുടെ സ്വാതന്ത്ര്യം സ്ഥിതിചെയ്യുന്നതെന്നബോധത്തെ ഇൻഡ്യാക്കാരിൽ വളർത്തുവാൻ ഉപകരിക്കുമെന്നു വിശ്വസിക്കാം. ഗ്രാമീണജനസാമാന്യത്തിന്റെ സ്നേഹവിശ്വാസങ്ങൾ കാൺഗ്രസ്സിനധീനപ്പെട്ടുപോകാതിരിക്കത്തക്കവണ്ണം ഗവർമ്മെൻറും ഗ്രാമോദ്ധാരണവിഷയത്തിൽ കാൺഗ്രസ്സിനോടു മത്സരിച്ചു ഊർജ്ജസ്വലമായി പ്രവർത്തിക്കുവാനുദ്ദേശിക്കുന്നു എന്നുള്ളതു സന്തോഷാവഹംതന്നെ. ഇരുകൂട്ടരും നടത്തുന്ന ഗ്രാമോദ്ധാരണപ്രവർത്തനങ്ങൾതമ്മിൽ കൂട്ടിമുട്ടാത്തപക്ഷം ഗ്രാമീണജനസാമാന്യത്തിനു സാരമായ ഗുണം സിദ്ധിക്കാതിരിക്കുന്നതല്ല. ഗ്രാമീണരുടെ ക്ഷേമാഭിവൃദ്ധിയെക്കാൾ കൂടുതലായി ഗാന്ധിജിയുടെയും കാൺഗ്രസ്സിന്റെയും ഉദ്ദേശങ്ങളെ വിഘാതപ്പെടുത്തുകയെന്നതിലാണു ഗവർമ്മെൻറിന്റെതാല്പര്യമെങ്കിൽ അതുതുലോം ശോചനീയമെന്നേ പറവാനുള്ളൂ. "ഗവർമ്മെൻറു സഹായിക്കയാണു ചെയ്യുന്നതെങ്കിൽ ഞാൻ അത്ഭുതകൃത്യങ്ങൾചെയ്തു കാണിക്കും" എന്നുള്ള ഗാന്ധിജിയുടെ പ്രസ്താവനയും ഈ ഘട്ടത്തിൽ പ്രത്യേകം സ്മരിക്കേണ്ടതാണു്.

* * * *

ഫ്രാൻസും ഇററലിയുംതമ്മിൽ ഒരു സഖ്യത്തിനുള്ള ചടങ്ങുകൾ സകലതും പൂർത്തിയായിരിക്കുന്നതായിട്ടാണു് കാണുന്നതു്. ഈ സഖ്യത്തിന്റെ അർത്ഥം തികച്ചും മനസ്സിലാകമെങ്കിൽ യൂറോപ്പിലെ ഇന്നത്തെ രാഷ്ട്രീയനില സാമാന്യമായിട്ടെങ്കിലും ഒന്നു നിരീക്ഷണംചെയ്യേണ്ടതു അത്യാവശ്യമാകുന്നു. ഫ്രാൻസും ജർമ്മനിയും പരസ്പരം ബദ്ധവൈരികളാണു്. നാസിജർമ്മനി സംഘടിതമായ പ്രാബല്യത്തോടുകൂടി വെഴ്സയിൽ ഉടമ്പടിവ്യവസ്ഥകളെ നിരാകരിക്കയും ലീഗ്ആഫ്നേഷൻസിൽനിന്നു പിന്മാറുകയും രഹസ്യമായി യുദ്ധസന്നാഹങ്ങൾ വർദ്ധിപ്പിക്കയുംചെയ്തുവരുന്നതു ഫ്രാൻസിനു വളരെ അസ്വാസ്ഥ്യജനകമായിത്തീർന്നിട്ടുണ്ടു്. ജർമ്മനിക്കു ഇന്നത്തെ രാഷ്ട്രീയപരിധികളെ ലംഘിച്ചു വികസിക്കേണ്ടതു അത്യാവശ്യമാകുന്നു. സാമ്പത്തികമായും സംസ്കാരപരമായും ചിരകാലം ജർമ്മനിയോടു ബന്ധപ്പെട്ടിരുന്ന ആസ്ട്രിയായെ ജർമ്മൻറീച്ചിനകത്തുൾപ്പെടുത്തണമെന്നു നാസിജർമ്മനിക്കു അതിമോഹമുണ്ടു്. ആസ്ട്രിയാ ജർമ്മനിയുടെ കയ്യിലകപ്പെട്ടുപോയാൽപിന്നെ ഏററുമുട്ടേണ്ടിവരുന്നതു ഇററലിയും ജർമ്മനിയുംതമ്മിലാകുന്നു. ഇങ്ങനെ ജർമ്മനിയുടെ വികാസത്തെപ്പററി ഇററലിക്കും ഫ്രാൻസിനും പൊതുവായുള്ള ആശങ്കകളുടെ ഫലമായിട്ടാണു് ആ വികാസത്തെ അസാധ്യമാക്കത്തക്കവണ്ണംആസ്ട്രിയൻസ്വാതന്ത്ര്യത്തെ നിലനിർത്തുവാൻ അവർതമ്മിൽ കരാർചെയ്യണമെന്നാലോചിക്കുന്നതു്. കൂടാതെ മെഡിറററേനിയൻസമുദ്രത്തിലെ രണ്ടു പ്രധാന മഹാശക്തികളാണു ഇററലിയും ഫ്രാൻസും. ആഫ്രിക്കായുടെ മെഡിറററേനിയൻതീരത്തിലും സോമാലിലാൻഡ് എന്ന ചെങ്കടൽതീരത്തിലും ഇററലിക്കും ഫ്രാൻസിനും അനേകം കാളനികൾഉണ്ടു്. ഈ കാളനികളുടെ അഭിവൃദ്ധിസംബന്ധിച്ചു ഫ്രാൻസിനും ഇററലിക്കും പരസ്പരാസൗകര്യപ്രദമായ പല നീക്കുപോക്കുകളുംചെയ്യാൻ സാധിക്കുന്നതാണു്. യൂറോപ്പിലെ രാഷ്ട്രീയപരിതഃസ്ഥിതികൾമൂലം പരസ്പരം ആവശ്യമായിവന്ന സഖ്യത്തെ നാനാവശങ്ങളിലും പൂർത്തിയാക്കി പരസ്പരം ഒരു ദൃഢബന്ധം സ്ഥാപിക്കുന്നതിനാണു ഫ്രാങ്കോഇററാലിയൻഉടമ്പടിമൂലം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മധ്യയൂറോപ്പിലെ സമാധാനപരിപാലനത്തിനുവേണ്ടിയുള്ള സഹകരണപ്രതിജ്ഞക്കുപകരമായി ഇററലി ഫ്രാൻസിൽനിന്നു സാരമായ പല സൗജന്യങ്ങളും സമ്പാദിച്ചിരിക്കുന്നതായി വാർത്തകളിൽനിന്നു കാണുന്നുണ്ടു്. ജർമ്മനിയെപ്പററിയുള്ള ഭയവും സംശയങ്ങളുമാണു ഇന്നത്തെ യൂറോപ്പിലെ രാഷ്ട്രീയഗതിയേയുംകൂട്ടുകെട്ടുകളെയും നിയന്ത്രിക്കുന്നതെന്നു നിസ്സംശയം പറയാം. ജർമ്മനിയെ ഒററതിരിച്ചുനിർത്തത്തക്കവണ്ണമുള്ള കൂട്ടുകെട്ടുകളും സഖ്യങ്ങളുമുണ്ടാക്കണമെന്നാണു ഫ്രാൻസിന്റെ നിഷ്കൃഷ്ടമായ വിദേശനയം. ഫ്രാൻസും സോവിയററുറഷ്യയുംതമ്മിൽ ഈയിടെനടന്നതും ഫ്രാൻസും ഇററലിയുംതമ്മിൽ ഇപ്പോൾനടത്തിയിരിക്കുന്നതുമായ ആലോചനകളെല്ലാം അതേലക്ഷ്യത്തോടുകൂടിയതാണു്. വെഴ്സയിൽ ഉടമ്പടിമൂലം ജർമ്മനിക്കു വരുത്തിക്കൂട്ടിയിരിക്കുന്നതും ജർമ്മൻകാരുടെ ആത്മാഭിമാനത്തെമഥിക്കുന്നതുമായ രാഷ്ട്രീയാവശതകൾക്കുപരിഹാരമുണ്ടാക്കാതെ യൂറോപ്യൻരാഷ്ട്രീയകാര്യങ്ങളിൽ ഒരുകാലത്തും ശാന്തതയുണ്ടാകുമെന്നു ആശിക്കത്തക്കതല്ല.

---


## ജർമ്മനിയ്ക്കോ ഫ്രാൻസിനോ?



സാർപ്രദേശത്തെ ഒരു കാഴ്ച. ഇന്നലെയാണ സാർപ്രദേശത്തിന്റെ ഭരണസ്വാധികാരം ഫ്രാൻസിനോ ജർമ്മനിയ്ക്കോ എന്നു നിശ്ചയിക്കുന്നതിനുള്ള വോട്ടെടുപ്പ പൂർത്തിയായത്. സാർപ്രദേശം അനേകം കൽക്കരിഖനികളും, വ്യവസായശാലകളുമുള്ള ഒരു ഡിസ്ത്രിക്റ്റാണ്. മുകളിൽ കാണുന്നതു സാർഡിസ്ത്രിക്റ്റിന്റെ തലസ്ഥാനമായ സാർബ്രക്കൻനഗരത്തിലെ ഒരു ഇരുമ്പുവ്യവസായശാലയുടെ ഒരു ഭാഗമാണ്. ദൂരത്തു കാണുന്നതു് ഉരുക്ക് ശുദ്ധിചെയ്യുന്നതിനുള്ള ശാലകളും റോഡിന്റെ മുകളിൽകൂടിപോകുന്നതു വലിയ ഗ്യാസ്കുഴലുകളുമാണ്. യൂറോപ്പിലെ രാജ്യതന്ത്രജ്ഞന്മാർ ഇന്നത്തെ വോട്ടിംഗിന്റെ ഫലം അറിയുന്നതിനു കാത്തിരിക്കുന്നു.

U. P. S.


## കെന്റ മരീനാ വിവാഹം കഴിഞ്ഞു്.



വെസ്റ്റമിൻസ്റ്റർ ദേവാലയത്തിൽവച്ചു വിവാഹംകഴിഞ്ഞു വധൂവരന്മാർ ബക്കിംഗാംകൊട്ടാരത്തിലെ ഗ്രീക്കമാതൃകയിലുള്ള ദേവാലയത്തിൽ ഗ്രീക്ക ആചാരപ്രകാരം വിവാഹചടങ്ങുകൾ പൂർത്തിയാക്കി. വിക്ടോറിയാചക്രവർത്തിനിയുടെ കാലത്തു പണിചെയ്യിക്കപ്പെട്ട പ്രസ്തുത (ഗ്രീക്ക്) ദേവാലയമാണ് ചിത്രത്തിൽ കാണപ്പെടുന്നതു്.

U. P. S.

## ഡ്രസ്ഡനിലെ സ്വംഗർമന്ദിരം



സ്വംഗർ ഡ്റസ്ഡനിലെ ഏററവും പുരാതനമായ ഒരു മന്ദിരമാണ്; പുരാതനജർമ്മൻശില്പകല പ്രകടിപ്പിക്കുന്ന ചുരുക്കം ചില മന്ദിരങ്ങളിൽ ഒന്നാണിതു്. ൧൮-ാംശതാബ്ദത്തിൽ അഗസ്ററ് എന്ന ശക്തൻരാജാവു പണികഴിപ്പിച്ച ഒരുകൊട്ടാരമാണ് സ്വംഗർ.

N. I. A.

## ഗള്ളിവറും ലില്ലിപ്പുട്ടിലെ മനുഷ്യരും



ഇത്രവലിയ കളിപ്പാട്ടം നിങ്ങൾ ആരെങ്കിലും കണ്ടിട്ടുണ്ടോ? ക്രിസ്തുമസ്സു സംബന്ധിച്ചു ലണ്ടനിലെ ഒരു ഷാപ്പിൽ പ്രദർശിപ്പിച്ചിരുന്ന ഒരു കളിപ്പാട്ടമാണ് ഇതു്. ഗള്ളിവർ ഉറങ്ങിക്കിടന്നപ്പോൾ ലില്ലിപ്പുട്ടുകാരായ ചെറുമനുഷ്യർ അസംഖ്യം ചെറുനാരുകൾകൊണ്ടു ബന്ധിക്കുകയും, ഏണികൾ ചാരി പുറത്തുകയറി പര്യടനം ചെയ്യുകയും ചെയ്യുന്ന രംഗമാണു സൃഷ്ടിച്ചിരിക്കുന്നതു്. ഗള്ളിവറും ലില്ലിപ്പുട്ടുകാരും ജീവനുള്ളതുപോലെ അനങ്ങുകയും പ്രവർത്തിക്കുകയും ചെയ്യുമെന്നുള്ളതാണ് ഈ കളിപ്പാട്ടത്തിന്റെ പ്രത്യേകത. പ്രതിമകൾ ൧൫ അടി നീളമുണ്ടു്.

U. P. S.

# വിരക്തഭാഷ.

വിദ്വാൻ പട്ടോളികൊച്ചുകൃഷ്ണൻനായർ.

കാകളി.

‘അല്ലണിവേണി, നിൻസൗന്ദര്യവാരിധിതൻ-
കല്ലോലമർദ്ദനംകൊണ്ടുകുഴങ്ങിഞാൻ
കല്യാണി, പുഞ്ചിരിപ്പാശമയച്ചുനീ
കല്യേ, കരയേറുകെന്നെയെന്നോമലേ
കാരുണ്യപീയൂഷബിന്ദുതുളുമ്പുന്ന
ഗീരുകളാലെനിക്കാശ്വാസമേകുക
കന്ദർപ്പദർപ്പംശമിപ്പിക്കുവാൻതവ-
സുന്ദരപാണിയാലെന്നെത്തലോടുക’
വാക്കുകളേവമവസിതമായതു
പാക്കവേ, പാരംകനിഞ്ഞെന്നപോലിതാ
സുന്ദരീരത്നമമന്ദമൊരുചെറു-
മന്ദസ്മിതപാശമപ്പോളയയ്ക്കയായ്
ശാന്തസുഭഗസുനിർമ്മലമാമതു
താന്തനാംകാമിക്കു ‘തൊട്ടുതൊടാതെ’തായ്
പേശലഗാത്രി തുടർന്നയച്ചാൾപല-
പാശവുമെല്ലാമവനിലസ്പർശിയായ്
‘സോദരാ’ ചൊല്ലിനാൾനല്ലാർമണി “ഭവാ-
നാദരവോടെത്രനിക്കുമെൽഭാഷിതം
മാരകമാദകദ്രവ്യംസ്വദിച്ചുനീ
പാരമഴലാഴിതാഴുന്നു വാസ്തവം
പൂരുഷൻപ്രായേണ പ്രായമായാൽപ്രീതി-
യോരുമീമദ്യപാനത്തി, ലതിൽചിലർ
ബോധംനശിച്ചുവിവേകവിഹീനരായ്
ബാധയായ്ത്തീരുന്നു നാട്ടിനാകവേ
മാദൃശരെത്രപേരുണ്ടെങ്കിലുംഭവാ-
നീദൃശമുള്ളവികാരമകപ്പെട്ടും
നിന്നോടുചോദിച്ചിതാണ്ടുവാൻനീയൊന്നു
നന്നായ്നിനച്ചാലു, മെന്നാൽസ്വസാധ്യമാം
എന്നോടുചൊല്ലിയതെന്തുകരകേറു-
കെന്നോ; ദയനീയനത്രേഭവാൻസഖേ
താവകേച്ഛാവർത്തിയാകിൽ-കരകേറ-
മാവുകയില്ലല്ലോ; സംസാരവാരിധിയിൽ
ഭാവുകശൂന്യമാം മൂഢികുഴനിനീ
മേവുകയാകു, മതെത്രദുഃഖ സ്ഥലം!
മോഹത്തിനാലുൾത്തനാഘാതമേറുനീ
മോഹിച്ചുപോകുമതിനില്ലസംശയം
പാരമമർഷത്തൊടെത്തിനിൻമേനിയെ
ദാരിദ്ര്യനാഗവും ചുറ്റിപ്പിണഞ്ഞിടും
അത്യാർത്തിയാകുന്നനക്രവുമാക്രമി-
ച്ചത്യന്തഭീതിഭവിക്കുംഭവാനഹോ
രോഗശിലയിലടിച്ചുടച്ചായുസ്സു
വേഗംവിലയംഗമിക്കുമേ, മിത്രമേ
ലോകനിയാമകയാകുംപ്രകൃത്യംബ-
യേകയാംസൗന്ദര്യധാമംധരിക്കനീ
മാംസകസൗന്ദര്യമെത്രനിസ്സാരമാ-
ണാമയമേകുവാൻമാത്രമുദിച്ചതാം
ഇന്നലെയില്ലതു, നാളെയുമില്ലതു
വന്നഹോ! പോകുന്നുനീർപ്പോളപോലവേ
സൗന്ദര്യജിജ്ഞാസുവാകിൽഭവാനൊന്നു
സുന്ദരവാനത്തെയീക്ഷണംചെയ്യുക
നീലമേഘങ്ങളെ-ദിവ്യതാരങ്ങളെ-
ലോലലാവണ്യനാമമ്പിളിതന്നെയും
മന്ദപവനസഞ്ചാര, മപ്പോൾദള-
വൃന്ദങ്ങൾതന്നുടെമർമ്മരനിസ്വനം
പാദപാഗ്രങ്ങളിൽവാഴുംശുകാളിതൻ
നാദ, മിവയെത്രസൗന്ദര്യദായകം?
നാനാതരംമനോമോഹനസുന്ദര-
സൂനങ്ങൾനോക്കുക, സംതൃപ്തിനൽകിടും
ഗീതങ്ങൾപാടിപ്പുളച്ചൊഴുകീടുന്ന
ശ്രീലപ്പൂഞ്ചോല, പുഞ്ചവയലുകൾ
നന്ദത്തെ, നിർമ്മല സൗന്ദര്യവാസ്സിതിൽ
മത്തനായാലു, മതെത്രസുഖാവഹം
പോകട്ടെ, മാനസാശാന്തത്തെനിയന്ത്രിച്ചു
ശോകാബ്ധിവിട്ടു വതരണോദ്യുക്തനാകനീ”
“ദേവി” പ്രണമിച്ചവനോതിചൊന്നപോൽ
മേവീടുവാനായ് ശ്രമിക്കാം, ക്ഷമിക്കുക ”

---

## വിഷയവിവരം


പേജ്
1. ലൂയിഗീപിറാൻഡലോ 4
കെ. ഭാസ്കരൻനായർ ബി. എ.
2. വ്യംഗ്യവും മിസ്റ്റിസിസവും 5
മംഗലത്തു വി. കെ. പണിക്കർ.
3. കനിവിൻെറതുള്ളി (കവിത) 7
വിദ്വാൻ നമ്പ്യാതുവീട്ടിൽ നാരായണമേനോൻ
4. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നിറം 8
പി. ദാമോദരൻപിള്ള ബി. എ.
5. സ്കോട്ട്ലൻറുയാർഡ് 9
എം. എൻ. ഗോവിന്ദൻനായർ ബി. എ. ബി. എൽ.
6 ബുദ്ധമതതത്വങ്ങൾ 10
കെ. പി ഗോപാലമേനോൻ
7. യുദ്ധംമൂലമുള്ള നാശങ്ങൾ 11
വൈക്കം എസ്. രാമൻപിള്ള ബി. എ, ബി. എൽ.
8. ലോകചക്രം 13
9. വിമർശനം 15
10. വിരക്തഭാഷ (കവിത) 18
വിദ്വാൻ പട്ടോളി കൊച്ചുകൃഷ്ണൻനായർ.
11. ഭാരതം 19
12. ധർമ്മസങ്കടം 21
ടി. കെ. അയ്യപ്പപ്പണിക്കർ,
13. ലീലാപ്രേമം (ചെറുകഥ) 23
എം. പി. സാഹിബ് ആലപ്പുഴ
14. അനാഥസൌഭാഗ്യത്തോട് (കവിത) 24
എൻ. ലളിതാംബികഅന്തർജ്ജനം
15. കമ്യൂണിസ്റ്റിനെപരിശോധിച്ചു 25
ജി. പി.
16. സയാമിലെ ‘ലച്ചസ്വ’വനചാർ 27
ആറന്മുള എസ്. രാഘവൻപിള്ള
17. കൌതുകരംഗം 28
പുളിമാത്തു രാഘവൻനായർ.
18. ചാണക്യാസ്തമനം 29
ഡി. ശങ്കരയ്യർ ബി. എ. ബി. എൽ.


മുഖചിത്രം: --

ഗാരി ആൻഡേഴ്സൺ എന്ന പേരായ ചിത്രകാരിണി. ലോസ് ആഞ്ജലസിലെ ഒരു ഭക്ഷണശാലയിൽ പരിചാരികയായി ജോലിചെയ്തുവരുന്ന 19 വയസ്സു പ്രായമുള്ള ഈ യുവതി ‘കലാഭ്യസനം’ എന്ന തൻെറ ജീവിതമോഹം സാധിക്കുന്നതിനു ഒരു വിശേഷരീതിയിൽ പണം സമ്പാദിക്കുന്നു നിങ്ങൾ കാപ്പിയോ മററുവല്ലതുമോ ആർഡർചെയ്യുന്നതു വ്യക്തവചനങ്ങളിലല്ലെങ്കിൽ ഒരു നിമിഷംകൊണ്ടു, പെൻസിലിൻെറ രണ്ടോ മൂന്നോ ദ്രുതചലനംകൊണ്ടു, ഈ യുവതി മേശവിരിപ്പിന്മേൽ നിങ്ങളുടെ ഒരു ചിത്രം രചിക്കുന്നു. നിങ്ങൾ ഉദാരമായ ഒരു സംഭാവന നൽകുകയും ചെയ്യും.


U. P. S.


---


1935
12 താം കലണ്ടർ
ഇനാം!
PURE SILK.
$2\frac{1}{2}$ വീതി 5 മുഴം ഒന്നാന്തരം
ഗാറൻറിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4·
30-1-35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവർക്കു
ഡസന് Rs. 25·
പട്ടുജവുളിത്തരങ്ങളുടെ
ക്യാററ്‌ലാഗ് സൗജന്യം:
ടി. ആർ. ലൂംസ് കമ്പനി,
205 ഈസ്റ്റുവെളിസ്ട്രീറ്റു മധുര.
T. R. LOOMS Coy.,
205 East Veli St. MADURA.


പ്രസിഡൻറു റൂസ്‌വെൽററും ഏഴു സെനററർമാരും ആറു പ്രതിനിധിസഭാംഗങ്ങളും ചേർന്നു 3 മണിക്കൂർനേരംനടത്തിയ ഒരു കാൺഫറൻസ് അടുത്തഭാവിയിലേക്കുള്ള ദുരിതനിവാരണപ്രവൎത്തനപരിപാടി തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ ആവശ്യത്തിലേക്കു പെട്ടെന്നു 88 കോടി ഡാളർ ആവശ്യമുണ്ടു. അടിയന്തിരദുരിതനിവാരണപ്രവൎത്തനങ്ങൾ ക്രമേണ കുറച്ചിട്ടു ബാക്കിവരുന്ന ഫണ്ടു് പുതിയ പരിപാടിയുടെ നിർവഹണത്തിനായി ഉപയോഗിക്കുന്നതാണു. പ്രസിഡൻറു റൂസ്‌വെൽററ കാൺഗ്രസ്സിനയച്ച സന്ദേശത്തിൽ സൂചിപ്പിച്ച സാമുദായികപ്രവൎത്തനപരിപാടിയെ തരിപ്പിക്കുന്നതിനെപ്പററിയും ആലോചിച്ചു 35 ലക്ഷം ജനങ്ങൾക്കു തൊഴിൽലഭിക്കത്തക്കവണ്ണം പൊതുമരാമത്തുകൾ ആരംഭിക്കുന്നതിനു നാനൂറുകോടി ഡാളർ കാൺഗ്രസ്സിനോടാവശ്യപ്പെടാൻ റൂസ്‌വെൽററു നിശ്ചയിച്ചിരിക്കുന്നു.

* * *





‘ശരനാഥ’ത്തിലെ ഒരു ക്ഷേത്രം.

Courtesy, Gopinathan.

## ഭാരതം.

ഇററാവാ ഖാദിപ്രദർശനം ഉൽഘാടനംചെയ്ത മി. സുന്ദരലാൽ സ്വദേശിയെന്ന വാക്കിന്റെ അർത്ഥം ലളിതജീവിതമെന്നാണെന്ന് പ്രസ്താവിച്ചിരിക്കുന്നു.

*  *  *  *

സ്വരാജ്യസംഘം സിക്രട്ടറിയേററിലെ ഒരു ദ്യോഗസ്ഥനായ മി. എ. സി. ചാററർജി സഖ്യംബ്യൂറോവക പ്രചരണവേലകൾ നടത്തുന്നതിനായി ആറുമാസത്തെ അവധിക്ക് ബോംബയിൽ എത്തിയിരിക്കുന്നു.

*  *  *

ഡെൽഹിയിലെ രാജമുദ്രാലയത്തിൽനിന്ന് ആയിരത്തിൽകൂടുതൽ ഗ്രന്ഥങ്ങൾ ആരോ മോഷ്ടിച്ചുകൊണ്ടു പോയിരിക്കുന്നു.

*  *  *

കൽക്കത്താ ബൌബാസ്സർവീഥിയിൽ താമസിക്കുന്ന ഒരു ശ്രീമതി അന്നപൂർണ്ണദേവിക്ക് ഇപ്പോഴുള്ള ഏഴുകുട്ടികൾക്കുപുറമേ, ഒരു ക്രിസ്തുമസ്സ് സമ്മാനം എന്നനിലയിൽ ഇതാ ഒരേസമയം മൂന്നുശിശുക്കൾകൂടി ജനിച്ചിരിക്കുന്നു.

*  *  *

മേലുദ്യോഗസ്ഥനെപ്പററി അടിസ്ഥാനരഹിതമായ ഭയമുണ്ടായി കാസൂർ എന്ന സ്ഥലത്തെ ഒരു ഹെഡ്കാൺസ്ററബിൾ മരണമടഞ്ഞിരിക്കുന്നു. ഒരു മോട്ടോർലോറിയിൽഡ്റൈവരുടെ വലത്തുവശത്തിരുന്നു പട്ടണത്തിൽകൂടി ഇയാൾ എവിടെയോ പോകുമ്പോൾ എതിർവശത്തുനിന്നു ഒരു കാർ വരുന്നതു കാണുവാൻ ഇടയായി അതു പോലീസ്സ്സൂപ്രണ്ടിന്റെ കാറാണെന്നും, പിടികൂടിയാൽ ട്റാഫിക്ക്നിയമത്തിനു വിരുദ്ധമായ തന്റെ യാത്രക്കു ശിക്ഷ ലഭിക്കുമെന്നും ഭയന്നു ഓടിക്കൊണ്ടിരുന്ന ലോറിയിൽനിന്നും ഇയാൾ വെളിയിൽചാടി സാരമായ മുറിവുകൾപററി മരിച്ചുപോകുകയാണു ചെയ്തതു്. എതിരെവന്നകാറിൽ സൂപ്രണ്ടില്ലായിരുന്നുതാനും.

*  *  *

സർ അബ്ദുർറഹിമിനെ അസ്സംബ്ളി അദ്ധ്യക്ഷനായി തിരഞ്ഞെടുക്കുന്നപക്ഷം ഇൻഡിപ്പെൻഡൻറ്കക്ഷിയുടെ നേതാവായി തീരാമെന്ന് മി. ജിന്നായിക്ക് ആശയുണ്ട്. എന്നാൽ സർ അബ്ദുർറഹിമിന്റെ അവകാശങ്ങളെ സസന്തോഷം വിക്ഷിക്കുവാൻ ഗവർമ്മെണ്ട് ഒരുക്കമല്ലന്നും അതിനാൽ മി. ജിന്നായുടെ ആശ നിരാശയായി പരിണമിക്കുവാൻ ഇടയുണ്ടെന്നും “ഹിന്ദുസ്ഥാൻ ടൈംസിന്റെ ’ ഒരു ലേഖകൻ എഴുതുന്നു. ആസ്ഥാനത്തേക്ക് യോഗ്യൻസിൻധ്മുസ്ലീം നേതാവായ സർ ഗുലാം ഹസ്സൻ ഹിദായത്തുള്ളായാണെന്നാണ് ഗവർമ്മെൻറിന്റെഭാവം. ഇദ്ദേഹം മന്ത്രിയെന്നനിലയിലും ബോംബെഗവർമ്മെൻറിന്റെ എക്സിക്യൂട്ടീവ് കൗൺസിൽഅംഗം എന്ന നിലയിലും പൊതുജനസേവനം 13വർഷക്കാലം നിർവ്വഹിച്ചിട്ടുള്ള ഒരുദേഹമാണ്.

*  *  *

കൈമോശംവന്നുപോയ 1300 രൂപായുടെ ഒരു ചെക്കു കിട്ടിയതു മാറുവാൻ ബാങ്കിൽചെന്നു കയറിയ എൺപതുവയസ്സുപ്രായമുള്ള ഒരു മുഹമ്മദീയനെ ബോംബെപോലീസ്സ് അറസ്ററുചെയ്തിരിക്കുന്നു. ചെക്കു കൈമോശംവന്നുപോയ വിവരം ചെക്കുടമസ്ഥൻ ബാങ്കുകാരെ അറിയിച്ചതുമൂലമാണു കള്ളി വെളിക്കാകുവാൻ ഇടയായതു്.

*  *  *

കുടിക്കുവാൻ കുറച്ചുവെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടപ്പോൾ “അധികപ്രസംഗം” പറഞ്ഞതിനാൽ സ്വപുത്രനെ ഹേമദണ്ഡം ഏല്പിച്ചു എന്ന കുററംചുമത്തി ലാഹോർസ്വദേശിയായ ഒരു സിക്കുകാരന്റെപേരിൽ കേസ്സെടുത്തിരിക്കുന്നു.

*  *  *

തൊഴിലില്ലാതെ ഉഴലുന്നവരെ സഹായിക്കുന്നതിനും, സാമുദായികദുരാചാരങ്ങളെ ഉൻമൂലനം ചെയ്യുന്നതിനും ഒരു പുതിയ “ഹിന്ദുറിലീഫ്”സംഘം ലാഹോറിൽ ആരംഭിച്ചിരിക്കുന്നു.

*  *  *

1933-ൽ പഞ്ചാബിലെ ജനനനിരക്കാണു ഇന്ത്യയിൽ കൂടിനിൽക്കുന്നതു്. ശിശുമരണനിലയും പ്രഥമസ്ഥാനം ആ സ്ഥലത്തിനാണെന്നു റിപ്പോർട്ടുകളിൽ നിന്നു കാണുന്നു.

*  *  *

അനന്തപ്പൂരു ഡിസ്ത്രിക്ടിലെ ക്ഷാമാവസ്ഥ സംബന്ധിച്ചു പെട്ടെന്നു വേണ്ട നടപടികൾ നടത്താൻ ഗവർമ്മെൻറു തീർച്ചയാക്കിയിരിക്കുന്നു. പെനുക്കോണ്ടാതാലൂക്കിലെ രണ്ടു ടെസ്ററുവർക്കുകൾ റിലീഫ്വർക്കുകളായി രൂപാന്തരപ്പെടുത്തുന്നതിനു ഗവർമ്മെൻറനുവദിച്ചിരിക്കുന്നു.

*  *  *

ഒരു ആംഗലകവിയും ഗ്രന്ഥകാരനുമായ മി. ഡാഗ്ലസ് എയിൻസ്ലീ ഇപ്പോൾ ആദ്യമായിഇന്ത്യയിലെത്തിയിരിക്കുന്നു. കുറെനാൾ അദ്ദേഹം ഏതൻസ്, ഹേഗ്, പാരീസ്, മുതലായ സ്ഥലങ്ങളിലെ ബ്രിട്ടീഷ്ലെഗേഷനിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം പല ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹൈന്ദവസാഹിത്യവുമായി പരിചയപ്പെടുകയാണു അദ്ദേഹത്തിന്റെ സന്ദർശനത്തിന്റെ ഉദ്ദേശം. തന്റെ പിതാമഹനായ ഗ്രാൻറ്ഡഫ് എന്നയാൾ ഒരു മഹാരാഷ്ട്ററാജ്യത്തിലെ സൈന്യാധിപനായിരുന്നു എന്നും, കുറെക്കാലംമുൻപുതന്നെ മാതുലനായ സർ എം– ഇ– ഗ്രാൻറ് ഡഫ് മദ്രാസ്ഗവർണരായിരുന്നു എന്നും അദ്ദേഹം ഒരു കൂടിക്കാഴ്ചയിൽ പറയുന്നു.

*  *  *

ചാരുചന്ദ്രബോസിന്റെ “ബിദ്രോഹി” എന്ന പ്രസിദ്ധ ആഖ്യായികയെ ഈസ്ററ്ഇന്ത്യാഫിലിംകമ്പനിക്കാർ സിനിമയായി പ്രദർശിപ്പിക്കുന്നു.

*  *  *

ഗ്വാളിയറിലെ ഒരു ജെയിൻക്ഷേത്രത്തിൽനിന്നു 4000 തോലാ തൂക്കമുള്ള മൂന്നു വെള്ളിവിഗ്രഹങ്ങൾ മോഷ്ടിക്കപ്പെട്ടിരിക്കുന്നു. മോഷണത്തിനുശേഷം കള്ളന്മാർ അമ്പലത്തിനു തീയുംവച്ചു എന്നാണറിയുന്നതു്.

*  *  *



ഗാന്ധിജിയുടെ ഗ്രാമീണപുനരുദ്ധാരണപദ്ധതിക്കുവേണ്ടിസ്വജീവിതത്തെ വിനിയോഗിക്കുവാൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്ന രാജ്കുമാരി അമൃതകാവുർ.



മിസ്സ് കമലാബായി ജോഗ്—ബോംബെ ജെ. ജെ. സ്ക്കൂൾ ആഫ് ആർട്ട്സ് വിദ്യാർത്ഥിനിയായിരുന്ന ഈ വനിത അനേകം കലാപ്രദർശനങ്ങളിൽ വിജയമുദ്രനേടിയിട്ടുണ്ട്. ഇപ്പോൾ ഇവർ ബോംബെ വിക്ടോറിയാ ടെക്നിക്കൽ ഇൻസ്ററിററ്യൂട്ടിൽചേർന്നു ഇലക്ട്റിക്കൽ വയർമെൻസ് സർട്ടിഫിക്കററ് കോഴ്സു നടത്തിവരുന്നു.

ജെ പി. സി. റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളിൽ ബർമ്മയിലെ ഇന്ത്യാക്കാരുടെ താല്പര്യങ്ങളെ ദോഷകരമായി സ്പർശിക്കുന്ന സംഗതികളെപ്പറ്റി അറിയിക്കുന്നതിനായി രണ്ടു ഇന്ത്യൻ ഡെപ്യൂട്ടേഷൻ (ഒന്നു് ഇന്ത്യൻസ്റേറററ്സിക്രട്ടറിയുടെ അടുക്കലേക്കും, അടുത്തതു് വൈസ്രോയിയുടെ അടുക്കലേക്കും) ഈ മാസത്തിൽ തന്നെ പുറപ്പെടുന്നതാണെന്നറിയുന്നു.

*   *   *

മി. അഭ്യങ്കർ മരിച്ചതിൽ അനുശോചിക്കുന്ന ഒരു പ്രമേയം കൽക്കട്ടാകാർപ്പറേഷൻ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

*   *   *

ഹിന്ദുമതത്തിൽനിന്നു വേർപെടുത്താൻവയ്യാത്ത യോഗശാസ്ത്രത്തെപ്പററിയുള്ള ഒരു പുസ്തകം ശ്രീയോഗീന്ദ്രൻ എന്നയാൾ എഴുതിയിട്ടുണ്ടു്. അതു വാങ്ങിയവരിൽ 28ശതമാനം ക്രിസ്ത്യാനികളും, 14ശതമാനം മുസ്ലീങ്ങളും, 40ശതമാനം ഹിന്ദുക്കളുമാണെന്നു ഗ്രന്ഥകാരൻ പറയുന്നു ഏഡൻ, ലാററ്വിയ, എന്നീ സ്ഥലങ്ങളിൽ രണ്ടു യോഗാഭ്യാസശാലകൾ സ്ഥാപിക്കുന്നതായും അറിയുന്നു

## കേരളം

കൽക്കട്ടായിൽ എഴുന്നള്ളിത്താമസിക്കുന്ന തിരുവിതാംകൂർമഹാരാജാവുതിരുമനസ്സിലെ പക്കൽനിന്നും, വൈസ്രോയിയുടെആളെന്നുള്ള വ്യാജേന 500 ക തട്ടിയെടുത്തു, വഞ്ചിക്കാൻശ്രമിച്ച കേസ്സിലെ പ്രതിയായ ആംഗ്ലോഇന്ത്യൻ യുവാവിനു കൽക്കത്താ ചീഫ് പ്രസിഡൻസിമജിസ്ട്രേട്ട മി- എസ്സ്- കെ. സിൻഹാ 6 മാസത്തെ കഠിനതടവു ശിക്ഷനൽകിയിരിക്കുന്നു.

*   *   *

ഇനിയത്തെ അഖിലേന്ത്യാവനിതാസമ്മേളനം തിരുവിതാംകൂറിൽ ആഘോഷിക്കുന്നതിനു കഴിഞ്ഞ കറാച്ചീസമ്മേളനത്തിൽ വച്ചു ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നു.

*   *   *

ബ്രഹ്മശ്രീ എൻ. ഈശ്വരൻനമ്പൂതിരി  
ബി. എ. ബി. എൽ.  
ശീരവെള്ളി, മേപ്രാൽ.



തിരുവല്ലായിലെ മലയാളബ്രാഹ്മണരിൽനിന്നും ഇദംപ്രഥമമായി ബി. എൽ. പാസ്സായിരിക്കുന്ന ഇദ്ദേഹം കോട്ടയം ജില്ലാക്കോടതിയിൽ സന്നതെടുത്തു വ്യവഹരിച്ചുവരുന്നു

Revi Studio, Thiruvalla.

കൽക്കത്തായിൽ എഴുന്നള്ളിത്താമസിക്കുന്ന തിരുവിതാംകൂർ ജൂനിയർമഹാറാണി തിരുമനസ്സിലേക്കു ബോബസാറിൽവച്ചു ബി എസ്സ് മഹാമണ്ഡലം കഴിഞ്ഞ ആഴ്ച ഒരു മംഗളപത്രം സമർപ്പിച്ചിരിക്കുന്നു. തിരുമനസ്സുകൊണ്ടു അതിലേക്കു നൽകിയ മറുപടി ഏററവും ശോഭയമായിരുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു

*   *   *

തിരുവിതാംകൂർ ഗവർമെന്റിൽനിന്നും കർഷകജനനിവാരണത്തിനുവേണ്ട ഉപായങ്ങൾ ആലോചിച്ചു രൂപീകരിക്കുവാനായി ലാൻഡു റവന്യൂ കമ്മീഷണർ അദ്ധ്യക്ഷനായും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരായ ഏതാനും മാന്യന്മാർ അംഗങ്ങളായും ഒരു കമ്മററി രൂപീകരിച്ചിരിക്കുന്നു.

*   *   *

ഇയിടെ മദ്രാസിൽനടന്ന സംഗീതകാൺഫറൻസിൽ തിരുവിതാംകൂറിനു പ്രാധാന്യം സിദ്ധിച്ചിരിക്കുന്നു. തിരുവനന്തപുരത്തുനിന്നും ഈ കാൺഫറൻസിൽ പങ്കെടുത്ത മിസ്സസ്സ ശങ്കരമേനവനു ഗാനകലയിലുള്ള അനിതരസാധാരണമായ സാമർത്ഥ്യത്തെ സമാദരിച്ചു ഗോഖലെഹാളിൽവച്ചു സംഗീതകാൺഫറൻസുവകയായി വെള്ളിയിൽ ഒരു ലക്ഷ്മിവിഗ്രഹം സദിരിന്റെ അവസാനത്തിൽ ജഡ്ജി മി കൃഷ്ണസ്വാമി അയ്യരാൽ നൽകപ്പെട്ടു അഡയാർകൺവെൻഷനിലും ഈ മഹതി ക്ഷണിക്കപ്പെട്ടു സന്നിഹിതയായി. ഭിന്നരാജ്യപ്രതിനിധികൾ അവരുടെ ഗാനകലയെ ബഹുമാനപൂർവ്വം വാഴ്ത്തി.

*   *   *

മി. ജെ. ദാസയ്യാ.



മാർത്താണ്ഡം Y. M. C. A. യുടെ ആഭിമുഖ്യത്തിലുള്ള ഗ്രാമീണപുനരുദ്ധാരണ കേന്ദ്രത്തിൽനിന്നും Boy's work സംബന്ധിച്ച കാര്യങ്ങൾക്കായി നിയമിച്ചിട്ടുള്ളതു ഇദ്ദേഹത്തെയാണ്.

By M R. Agent, Parassala.




മീനച്ചൽ, പൂഞ്ഞാറിനു സമീപമുള്ള മലമ്പ്രദേശത്തുണ്ടായ അത്ഭുതകരമായ ഒരുകദളിവാഴക്കുലയുടെ ചിത്രമാണു മുകളിൽകാണുന്നതു്. പ്രസ്തുതകുലയിൽ 26 പടലകളും 700-ൽപരംകായകളുമുണ്ടായിരുന്നു.

Courtesy Kuzhivelly.

# "ധർമ്മസങ്കടം."

കെ. അയ്യപ്പപ്പണിക്കർ കണ്ടങ്കര.

ലോകത്തിൽ പലതരത്തിലുള്ള സങ്കടങ്ങൾ മനുഷ്യർ അനുഭവിക്കുന്നു അഷ്ടിക്കു നിവൃത്തിമാർഗ്ഗം ഇല്ലാതെ ഒരു കൂട്ടർ ദാരിദ്ര്യത്താൽ ഉഴലുന്നു ആരോഗ്യമില്ലാത്ത മററൊരുകൂട്ടർ രോഗപീഡയേ സഹിച്ചുഴലുന്നു വിചാരിച്ചിരിക്കാത്ത ദൈവദുർവ്വിധിയാൽ സ്വജനങ്ങളുടെ അകാലമൃത്യുനിമിത്തം ഉണ്ടാകുന്ന വിയോഗദുഃഖം മററു ചിലരേ നിരന്തരം പീഡിപ്പിക്കുന്നു മനോഭിലാഷംപോലെ കാര്യങ്ങൾ സാധിക്കാതെ ഇച്ഛാഭംഗതരംഗിണികളെ മല്ലിട്ടു നീന്തിത്തുടിച്ചു കണ്ണീരുകടിച്ചു വേറൊരുകൂട്ടർ എന്നും ഗൃഹനിലയേ പഴിച്ചു കാലംകഴിക്കുന്നു മാത്സര്യയുക്തങ്ങളായ വിഷലിപ്തശരങ്ങൾക്കു തുല്യം പരക്കുന്ന, അപവാദഭീഷണതകളേററു തലപൊക്കാതെ മൂർഛിതന്മാരായി വേറൊരുകൂട്ടർ അതിരററ സങ്കടത്തേ അനുഭവിച്ചു കണ്ണീരോടുകൂടി വലയുന്നു ശിവ, ശിവ! കൂലങ്കഷമായി നോക്കുകയാണെങ്കിൽ സങ്കടം ഏതൊരുവിധമെങ്കിലും അനുഭവിക്കാത്തവർ വളരെ ചുരുക്കം. ലോകത്തിൽ ഇപ്രകാരം സാമ്രാജ്യശ്രീ വഹിക്കുന്ന. ദുഃഖത്തിന്റെ മാഹാത്മ്യം ഒന്നു ഓർത്തറിയേണ്ടതുതന്നെ. സർവ്വസാധാരണത്വം സാധനങ്ങളുടെ വിലയേയും മതിപ്പിനേയും കുറയ്ക്കുമെങ്കിൽ, ദുഃഖത്തിനാണല്ലോ ഈ ഫലം ആദ്യമായി കാണേണ്ടതു്. പക്ഷേ ധനശാസ്ത്രകാരന്റെ സാധനവും തത്വശാസ്ത്രജ്ഞന്റെ മനോവികാരസാധനമാകുന്ന ദുഃഖവുമായി വളരെ അന്തരമുണ്ടു് ഇതു രണ്ടിനേയും ഒരു നിയമമല്ല, ഭരിക്കുന്നതു്. "ടെന്നിസൺ" എന്ന ആംഗലകവി, സയുക്തികമായി സ്ഥാപിച്ചിരിക്കുന്നതുപോലെ സാധാരണത്വം സങ്കടത്തിന്റെ വ്യാപ്തിയെയും ഉഗ്രതയെയും അധികമാക്കുന്നതേയുള്ളു. എന്നാൽ സങ്കടാവലിയെപ്പററി പ്രത്യേകം ചിന്തിക്കുന്നതുകൊണ്ടും മുൻകൂട്ടി അറിയുന്നതുകൊണ്ടും വേറൊരു ഗുണമുണ്ടാകുന്നു. അതായതു സങ്കടങ്ങളുടെ മാഹാത്മ്യത്തെയും ഈ ലോകത്തിൽ തന്നിമിത്തമുണ്ടാകുന്ന പ്രയോജനത്തെയുംഅറിഞ്ഞു "മിൽട്ടൻ" എന്ന വേറൊരു ആംഗലകവിയുടെ മതമനുസരിച്ചു അവയെ സഹിക്കുന്നതിനു മനുഷ്യക്കു വേണ്ടത്ര ധൈര്യമുണ്ടായേക്കാം.

മുൻപറഞ്ഞ സങ്കടങ്ങൾക്കു മനുഷ്യർ സാധാരണ ഉത്തരവാദിത്വത്തെ താന്താങ്ങളിലോ പ്രകൃതിയിലോ ആരോപിച്ചുവരുന്നു ഈവിധം ഉത്തരവാദിത്വം നേരിട്ടു വഹിക്കുന്നതിനു യാതൊരു വിഷയവുംഇല്ലാത്ത വേറൊരു സങ്കടമാണു്എന്റെ ലേഖനവിഷയം. ധർമ്മസങ്കടം അനുഭവിക്കുന്നവർ ആരെയും കുററംപറവാനില്ല. കുററംപറവാൻ ഈവിഷയത്തിൽ ആരെയും കാണുന്നില്ല എന്നുള്ളതു ഈ സങ്കടത്തിന്റെ അനുഭവബാധയെ ഒട്ടുംതന്നെകുറയ്ക്കുന്നുമില്ല. നേരേമറിച്ചു തന്നിമിത്തമുണ്ടാകുന്ന നിസ്സഹായതയാൽ മനഃപീഡ വർദ്ധിക്കുന്നതേയുള്ളു. ധർമ്മസങ്കടം മുൻപറയപ്പെട്ട സങ്കടങ്ങളിൽനിന്നും വേറെയും ചില പ്രധാനപ്പെട്ട സംഗതികളിൽ അന്തരപ്പെട്ടുകാണുന്നു അതായതു മററു സങ്കടങ്ങൾക്കു നിവൃത്തിമാർഗ്ഗങ്ങളെ തേടാം. പക്ഷെ ധർമ്മസങ്കടത്തിനു യാതൊരു പരിഹാരവുമില്ല അനുകമ്പാപ്രേരിതനായ ഒരു ധനികൻ വേറെ ഒരുവന്റെ ദാരിദ്ര്യബാധയെ അകററാൻ ശ്രമിച്ചേക്കാം. അതിസമർത്ഥനായ ഒരു ഭിഷഗ്വരന്റെ ഔഷധപ്രയോഗചാതുര്യം ഒരു രോഗിയുടെ തല്ക്കാലസങ്കടത്തിനെങ്കിലും നിവൃത്തിവരുത്തിയേക്കാം. മതവിശ്വാസമോ സന്യാസവൃത്തിയോ ദൈവവിധിമൂലമുണ്ടാകുന്ന സ്വജനവിയോഗദുഃഖത്തെ ശമിപ്പിച്ചേക്കാം ലോകപ്രവൃത്തികൾക്കു കേന്ദ്രസ്ഥാനമാകുന്ന ആശാബന്ധം ഭഗ്നാശയന്മാരെ പുനർജ്ജീവിപ്പിച്ചു എന്നുംവരാം. കാലദൈർഘ്യമോ ആത്മമിത്രങ്ങളുടെ സാന്ത്വനമോ അപവാദഭരുവിനുവേണ്ടത്രധൈര്യംകൊടുത്തു എന്നും വന്നേക്കാം. എന്നാൽ ഈ യാതൊരുവിധമായ പരിഹാരവും ഇല്ലാത്തതു് എന്നു പറയപ്പെടുന്ന സങ്കടം ലോകത്തിൽ "ധർമ്മസങ്കടം" ഒന്നുമാത്രമേയുള്ളു.

ധർമ്മസങ്കടം ഇപ്രകാരം പരിഹാരമററ സങ്കടമാകകൊണ്ടു് മററുസങ്കടങ്ങളേക്കാൾ ഇതിനു് വ്യഗ്രതകൂട്ടമെന്നുള്ളതിനു് തർക്കമില്ലല്ലോ. ഇതരസങ്കടങ്ങൾമററുജനങ്ങളാൽ അറിയപ്പെടുന്നതും തന്നിമിത്തം ഇതരന്മാരുടെ അനുകമ്പയ്ക്കും. സഹതാപത്തിനും ഇടയായിത്തീരുന്നതുമാണു്. ധർമ്മസങ്കടമാവട്ടെ ഇതരന്മാരുടെ നോട്ടത്തിനു വിഷയീഭവിക്കുന്നില്ല. പറഞ്ഞറിഞ്ഞാൽതന്നെയും അന്യനു അനുകമ്പതോന്നുകയോ അഥവാ തോന്നിയാലും ആയതു ആശ്വാസകരമായി പരിണമിക്കുകയോ ചെയ്യുന്നില്ല. ഇതരസങ്കടങ്ങളെ തന്റെ സ്നേഹിതന്മാരെ അറിയിക്കുന്നതിനു ഒരുവനു ഔൽസുക്യംതോന്നുന്നു. പക്ഷെ തന്റെ ധർമ്മസങ്കടങ്ങളെ ഒരു മിത്രത്തെ അറിയിക്കുന്നതിൽ തന്റെ അഭിമാനബുദ്ധി ഒരു പ്രത്യേകബന്ധത്തെ അനുഷ്ഠിക്കുന്നു. ഇംഗ്ലീഷ്ധർമ്മശാസ്ത്രകാരന്മാർ സാധാരണ എന്നു പറഞ്ഞുവരുന്ന മനഃകരുത്തു മററു സങ്കടങ്ങളുടെ തീക്ഷ്ണതയെ അനുഭവിക്കുന്നതിനു വേണ്ട ക്ഷമാശക്തിനൽകുന്നു. തന്നിമിത്തം മനക്കരുത്തുള്ളവർ ദൈവവിധി മുതലായ ദുഃഖങ്ങൾക്കു കീഴടങ്ങുന്നു. നേരേമറിച്ചു അപ്രകാരമുള്ള മനക്കരുത്തു്, അല്ലെങ്കിൽ സ്വാതന്ത്ര്യബുദ്ധി, ധർമ്മസങ്കടങ്ങൾക്കു മൂർച്ചകൂട്ടി, അക്ഷമതയെ പ്രകടിപ്പിക്കയും ഒടുക്കലും കീഴടങ്ങാതാക്കുകയും ചെയ്യുന്നു.

രണ്ടുതരത്തിലുള്ള സങ്കടങ്ങളുടെയും പരസ്പരവിരുദ്ധതയെ ഇങ്ങനെ വ്യക്തമാക്കിയതിൽനിന്നും ധർമ്മസങ്കടം എന്നാൽ എന്തു സങ്കടമാണെന്നു നമുക്കു ഏറെക്കുറെ അറിയാൻ കഴിയുന്നു. ബഹുലങ്ങളായ സംവരണങ്ങളോടുകൂടിയ ഒരാൾക്കു പലതരത്തിലുള്ള ധർമ്മങ്ങൾ, അല്ലെങ്കിൽ കൃത്യങ്ങൾ അനുഷ്ഠേയങ്ങളായി ഇരുന്നേക്കാം. ഈ കൃത്യനിർവ്വഹണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളിന്റെ കൃത്യപഥങ്ങൾക്കു ചിലപ്പോൾ അന്യോന്യസംഘട്ടനങ്ങളും വിരുദ്ധകളും നേരിട്ടേയ്ക്കാം. അപ്പോഴത്രേ അയാൾ ധർമ്മസങ്കടത്തെ അനുഭവിക്കുന്നതു്. പരസ്പരവിരുദ്ധങ്ങളായ പ്രവൃത്തികൾ അല്ലെങ്കിൽ കൃത്യങ്ങൾ പ്രാധാന്യത്തിൽ അന്തരപ്പെട്ടുകാണുന്നു എങ്കിൽ അയാൾ ഭാഗ്യവാൻതന്നെ. എന്തെന്നാൽ പ്രധാനകൃത്യത്തെ നിർവ്വഹിച്ചു ധർമ്മസങ്കടത്തിൽനിന്നും ഒഴിഞ്ഞു അയാൾക്കു കൃതകൃത്യനാകാൻ സാധിക്കുന്നതാണു് പക്ഷെ അനുഭവത്തിൽ സൌമ്യമായ ഈ വഴി വളരെ ദുർല്ലഭമത്രെ. ഒരുപോലെയുള്ള പ്രാധാന്യത്തോടുകൂടിയ കൃത്യങ്ങളെ ഒരേസമയത്തു സാധിക്കേണ്ടതായിട്ടാണു സാധാരണ മനുഷ്യക്കു കണ്ടുവരാറുള്ളതു്. അപ്പോഴൊക്കെയും ധർമ്മസങ്കടം അനുഭവിക്കാതിരിപ്പാൻ നിവൃത്തിഇല്ല. ഇങ്ങനെവരുന്ന അവസരങ്ങളിലെല്ലാം മനുഷ്യർ വിവേചനാശക്തിയേ പ്രയോഗിച്ചു, വിരുദ്ധങ്ങളായിക്കാണപ്പെടുന്ന ഈ കൃത്യങ്ങളിൽ താന്താങ്ങളുടെ തല്ക്കാലസ്ഥിതിക്കു എന്തെങ്കിലും ഒന്നിനു പ്രധാനതയെ യുക്തിപൂർവ്വം കല്പിച്ചു് മററുള്ളവയ്ക്കു ധർമ്മബ്ഭാരം അപ്പാൽ വരുത്തിവച്ചു് ആ ഒന്നിനെ അനുഷ്ഠിച്ചു് കൃതകൃത്യതയേ ഭാവിക്കുന്നു. എന്നാൽ വാസ്തവം വിചാരിക്കയാണെങ്കിൽ ഇതൊരുതരം ഭീരുത്വംതന്നെ. എന്തെന്നാൽ ഇതൊരു ധർമ്മസങ്കടമാണെങ്കിൽ നമ്മുടെ നിർവ്വചനപ്രകാരം വിരുദ്ധങ്ങളായിക്കാണപ്പെടുന്ന കൃത്യങ്ങൾക്കു യഥാർത്ഥത്തിൽ പ്രാധാന്യം ഒരുപോലെ ഇരിക്കാനെ തരമുള്ളു. ആ സ്ഥിതിക്കു ഒരുവൻ അവയിൽ ഏതിനെയെങ്കിലും ഒന്നിനെ ബലികഴിച്ചു മററതിനെ പൂജിക്കുന്നുഎങ്കിൽ തല്ക്കാലകാര്യസാദ്ധ്യത്തിനുള്ള ഈ പൂജ അയാളുടെ ഭീരുത്വംതന്നെയല്ലേ? എവിടെ പരസ്പരവിരുദ്ധങ്ങളായ കൃത്യങ്ങൾക്കു ഒരുപോലെയുള്ള പ്രാധാന്യം വാസ്തവത്തിൽ ഉണ്ടോ അവിടെമാത്രമേ ധർമ്മസങ്കടം എന്നു് പ്രയോഗിപ്പാൻ പാടൊള്ളു. ഈ ലക്ഷണപൂർത്തിയില്ലാതെയുള്ളയിടത്തും സാധാരണ ധർമ്മസങ്കടം എന്നു പറയാറുണ്ടു് ഇങ്ങനെ വിലക്ഷണങ്ങളായ ധർമ്മസങ്കടങ്ങൾക്കു മുൻ പറയുന്നതായ മാഹാത്മ്യം ഒന്നുംതന്നെ ഇല്ലാ. വാസ്തവത്തിലുള്ള ധർമ്മസങ്കടങ്ങൾക്കു പുരാണകഥകളിൽ അനവധി ദൃഷ്ടാന്തങ്ങളുണ്ടു്.

സൂര്യവംശരാജാവായ ഹരിശ്ചന്ദ്രന്റെ ധർമ്മസങ്കടാവസ്ഥതന്നെ ഇതിനു പ്രഥമദൃഷ്ടാന്തം. അനൃണനായിതീരുന്നതിനു വേണ്ടി താൻ ഒരു ചണ്ഡാളനു് അടിമപ്പെട്ടതിന്റെശേഷം, അവന്റെ കൊലപാതകകൃത്യം നമ്മുടെ ഹരിശ്ചന്ദ്രമഹാരാജാവിന്റെകൃത്യമായിത്തീരുന്നു.തദവസരത്തിൽത

ന്റെഭാര്യയായ ചന്ദ്രമതി കൊലപാതകശിക്ഷയ്ക്കു് അർഹയായി തീർന്നു, തന്റെ വാളിനു് ഇരയാകേണ്ടവളായിത്തീരുന്നു — പ്രത്യക്ഷപ്പെടുന്നു. ഇവിടുത്തെ കൃത്യവിരുദ്ധതയെനോക്കുക ചണ്ഡാളന്റെ ഭൃത്യനായിരിക്കുന്നിടത്തോളം വധകൃത്യത്തെ അദ്ദേഹം ആചരിച്ചേതീരൂ. വിധിപ്രകാരം അഗ്നിസാക്ഷിയായി താൻ വിവാഹംകഴിച്ച അനന്യാശ്രയയായിരിക്കുന്ന പട്ടമഹിഷിയെ വധിക്കയെന്നുള്ളതു് ഒരു കാരണവശാലും തന്റെ കൃത്യമായിവരാൻ പാടുള്ളതല്ല. ഇവിടെയാണു് ധർമ്മസങ്കടം. ഹരിശ്ചന്ദ്രന്റെ ഖഡ്ഗം ചന്ദ്രമതിയേ മുറിവേല്പിക്കുന്നില്ലതന്നെ. മുറിവേല്പിക്കാൻ പാടില്ല. മുറിവേല്പിക്കുന്നു എങ്കിൽ, അദ്ദേഹം ധർമ്മബ്ഭ്രംശത്തെ ചെയ്യുന്നു. അതിനാലത്രേ ഇവിടെ ദൈവികചൈതന്യം വിഷ്ണുരൂപത്തിൽ അവതരിക്കുന്നതു്. ഇപ്രകാരം ദൈവം അവതരിക്കാതെ ഈ ധർമ്മസങ്കടനിവൃത്തി ഒരുവിധത്തിലും ഒരിക്കലും വരുന്നതല്ല. ധർമ്മസങ്കടത്തിനു് വേറൊരുദാഹരണം ദക്ഷയാഗാവസരത്തിൽ പാർവ്വതി അനുഭവിച്ചതുതന്നെ. അഭിമാനനിലയനമായ തന്റെ ഭർത്താവിന്റെ ആജ്ഞയെ ലംഘിക്കയെന്നുള്ളതു് ധർമ്മഭ്രംശംതന്നെ. തന്റെ പിതാവിന്റെ ഉത്സവത്തിൽ പങ്കുകൊള്ളുന്നതിനു് ക്ഷണനമില്ലെങ്കിലും ആഗ്രഹിക്കേണ്ടതു ഒരു പുത്രിയുടെ കടമയത്രേ! ഉത്സവപ്രിയയായ പാർവ്വതീദേവി ഈ ധർമ്മസങ്കടാവസ്ഥയിൽ ദക്ഷന്റെ യാഗശാലയിൽ എത്തിയപ്പോഴത്രേ തന്റെ ഈ ധർമ്മഭ്രംശം തനിക്കു ബോദ്ധ്യപ്പെടുന്നതു്. പിന്നീടു അവൾക്കു ജീവിച്ചിരിക്കണമെന്നുതന്നെയും ആശയില്ലാതാകുന്നു. ധർമ്മഭ്രഷ്ടയായ പാർവ്വതിക്കു തന്റെ ദേഹത്തെ യാഗാഗ്നിയിൽ ദഹിപ്പിക്കാതെ ഇരിക്കാൻ നിവൃത്തിയില്ല. ഭൂതഗണങ്ങൾ ദക്ഷവധത്തെ വരുത്തിവയ്ക്കുന്നു. ഇവിടേയും ഈശ്വരന്മാരാണു സങ്കടനിവൃത്തിവരുത്തുന്നു.

സാദ്ധ്വിയായ ശകുന്തളയുടെ ധർമ്മസങ്കടംനോക്കുക ഗാന്ധർവ്വവിവാഹംനിമിത്തം ഗർഭിണിയായിത്തീർന്നിരിക്കുന്ന ശകുന്തളയെ ദുഷ്യന്തൻ സ്വീകരിക്കാതിരിക്കുന്നിടത്തോളം അദ്ദേഹത്തിന്റെ രാജധാനിയിൽ താമസിക്ക എന്നുള്ളതു് അവളുടെ കുലധർമ്മത്തിനു അടുത്ത കൃത്യമല്ല. ഇങ്ങനെ തിരസ്കൃത എന്ന മട്ടിൽ താതകണ്വാശ്രമത്തെ വീണ്ടും അഭയംപ്രാപിക്കുന്നതും ഒട്ടുംതന്നെ യോഗ്യമല്ല. ഇതാ ഇവിടെയാണു് ധർമ്മസങ്കടം അവിടെ ഉത്തമലക്ഷണങ്ങളോടുകൂടിയ ശകുന്തളയ്ക്കു് ഒരുതരത്തിലും ഒഴിയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് സ്വമാതാവായ മേനക ആവിർഭവിച്ചു് കൈക്കൊള്ളേണ്ടിവരുന്നു. എങ്ങിനെയായാലും ദൈവികചൈതന്യം ഈ ദശാവസരങ്ങളിൽ പ്രത്യക്ഷപ്പെട്ടേതീരൂ. സാധാരണ എല്ലാവരും കേട്ടിരിക്കാനിടയുള്ള ഉദാഹരണങ്ങളെ ഇവിടെക്കുറിച്ചു എന്നല്ലാതേ പുരാണദൃഷ്ടാന്തങ്ങളിൽ ഇപ്പറഞ്ഞവ അതിപ്രധാനങ്ങൾ എന്നു അർത്ഥമില്ല. ഇപ്രകാരമുള്ള പല ഉദാഹരണങ്ങളും പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്നവയെ പ്രത്യേകം ആലോചിച്ചു് ധർമ്മസങ്കടമാഹാത്മ്യത്തെ അറിഞ്ഞുകൊള്ളേണ്ടതാണു്.

ഇനിയും നവീന സങ്കല്പകഥകളിൽ കാണുന്ന ധർമ്മസങ്കടദൃഷ്ടാന്തങ്ങളെക്കുറിച്ചു ആലോചിക്കാം. ഇംഗ്ലീഷിൽ എഴുതിട്ടുള്ള പ്രധാന നോവലുകളിൽഎല്ലാം ധർമ്മസങ്കടങ്ങൾ ധാരാളം ഉണ്ടായിരിക്കുമെങ്കിലും "ജോർജ്ജ് എലിയട്ടിന്റെ" കൃതികൾ ഈ ലക്ഷണങ്ങളെ പ്രത്യക്ഷപ്പെടുത്തുന്ന ധർമ്മസങ്കടങ്ങളെകൊണ്ടു സംപൂർണ്ണങ്ങളാണു്. ധർമ്മസങ്കടത്തിൽനിന്നും ഒഴിയാൻ ശ്രമിക്കുന്നവർക്കു സദാ നാശം സംഭവിക്കയും തന്നിമിത്തം ഈ ഗ്രന്ഥകർത്രിയുടെ നോവലുകൾ മിക്കവാറും ശോകരസത്തിൽ അവസാനിക്കയുംചെയ്യുന്നു.

ചരിത്രകഥകളിലും ധർമ്മസങ്കടം അനുഭവിക്കാതെയുള്ള ഒരു വീരപുരുഷനേയും നാം കാണുന്നില്ല. നമ്മുടെ അനുഭവത്തിലും ചിലപ്പോൾ നാം ധർമ്മസങ്കടം അനുഭവിക്കേണ്ടിവരും. ഇവിടെ ഈ സങ്കടനിവാരണം വരുത്തുന്ന ദൈവികചൈതന്യത്തെ ചിലർ ഭാഗ്യമെന്നും മറ്റുചിലർ യദൃച്ഛാസംഭവമെന്നും പറയുന്നു. ഫലിക്കത്തക്കവണ്ണം നിർവ്വഹിക്കപ്പെടാത്ത ഒരുകൃത്യം മനഃസാക്ഷിക്കനുസരണമായ ഒരു കൃത്യമാകുന്നില്ല. ഏതുപണിയിൽ ഇരിക്കുന്നവന്റേയും മേലാവു് ഇവന്റെ കൃത്യങ്ങളെ വിഫലങ്ങളാക്കാൻ ശ്രമിക്കുന്നുഎങ്കിൽ ഇവനു അപ്രകാരമുള്ള ധർമ്മസങ്കടങ്ങൾ അനുഭവിക്കാതിരിപ്പാൻ നിവൃത്തിയില്ല. സർക്കാർ പണിയിൽ ഇരിക്കുന്നവനും ചിലപ്പോൾ ധർമ്മസങ്കടങ്ങൾ ഉണ്ടാകുന്നു. ഏതുനിലയിൽ ഇരിക്കുന്നവനേയും ബാധിക്കുന്ന ഒന്നാണു് ധർമ്മസങ്കടം എന്നുള്ളതു്. പഠിക്കാൻ തീരെ താല്പര്യമില്ലാത്തകുട്ടികളെ പഠിപ്പിക്കുന്നകൃത്യം ഏൽക്കുന്നവനുണ്ടാകുന്ന ധർമ്മസങ്കടം ചില വാദ്ധ്യാന്മാർക്കു അനുഭവമാണല്ലോ.

ആചാരക്രമങ്ങൾ നമ്മുടെഇടയിൽ പലരേയും വിവാഹവിഷയത്തിൽ ധർമ്മസങ്കടം അനുഭവിപ്പിക്കുന്നുണ്ടു്. കോപിയായ ഒരു വർത്തകനെ സേവിക്കുന്ന ഒരു ഭൃത്യനും നിത്യവുംധർമ്മസങ്കടം അനുഭവിക്കുന്നു.

സ്ത്രീലമ്പടനായ ഒരു ഭർത്താവിനേക്കൊണ്ടു എന്തുമാത്രം ധർമ്മസങ്കടം ഒരു പതിവ്രതയായ സ്ത്രീരത്നം അനുഭവിക്കേണ്ടിവരുന്നു. കുലടയായ ഒരു പ്രാണപ്രേയസിയെക്കുറിച്ചു അവസാനമില്ലാത്ത ധർമ്മസങ്കടം അനുഭവിക്കുന്ന യോഗ്യപുരുഷന്മാരും ദുർല്ലഭമല്ല. ഇക്കാരണംകൊണ്ടുണ്ടാകുന്ന ധർമ്മസങ്കടത്തിൽനിന്നും നിവൃത്തിമാർഗ്ഗത്തെ നേടി നാശമടഞ്ഞിട്ടുള്ള സ്ത്രീപുരുഷന്മാർ ധാരാളമല്ലേ? ഹാ! ഭയങ്കരം!! എന്നാലും എന്തു ചെയ്യാം!! ഇവയിൽ നിന്നും ഒഴിയണമെങ്കിൽ അവിടെ ദിവ്യശക്തി പ്രത്യക്ഷപ്പെടണം. അതു സാധിക്കുന്നതോ? എങ്കിലും, സാധിക്കുന്നില്ലെന്നു പറയാൻ പാടില്ല. പക്ഷെ ആളുകൾ അതിനെ ദൈവസാന്നിദ്ധ്യം എന്നു പറയുകയില്ലായിരിക്കും. പേരെന്തെങ്കിലും ആകട്ടെ കൃപാവാരിധിയായ ദൈവം നയാസ്പദമായ ഒരു സമ്പ്രദായത്തെ ധർമ്മസങ്കടത്തിന്റെ വിഷയത്തിൽ മനുഷ്യർക്കു വരുത്തിയിട്ടുണ്ടു്. അതായതു് ധർമ്മസങ്കടത്തെ അനുഭവിക്കുന്നതിൽ ഉത്തമന്മാർക്കു ഒരു 'മുദിത'യെ പ്രദാനംചെയ്തിട്ടുണ്ടു്. മനഃകരുത്തു എന്നു പറവാൻ നിവൃത്തിയില്ല. മനക്കരുത്തുകൂട്ടുംതോറും ധർമ്മസങ്കടത്തിന്റെ തീക്ഷ്ണത കൂടുകയേഉള്ളു എന്നു പ്രസ്താവിച്ചുവല്ലോ. പക്ഷെ അകാരണമായ ഒരു സന്തോഷഭാവന ഈ സങ്കടങ്ങളെ മല്ലിടുന്നതിൽ ഉത്തമന്മാർക്കു ഉണ്ടാകാതെയിരിക്കയില്ല ഒരു ശാസ്ത്രകാരനും ഈ ഭാവനയ്ക്കു തക്കതായ സമാധാനം പറകയില്ല. ബ്രഹ്മാനന്ദത്തിൽ സദാമഗ്നമായിരിക്കുന്ന സാക്ഷാൽ പരമാത്മാവിന്റെ മനുഷ്യലീനമായിരിക്കുന്ന ചൈതന്യാംശത്തിന്റെ ആനന്ദാങ്കുരസ്ഫുരണംതന്നെയായിരിക്കാമോ, "ധർമ്മസങ്കടം."


# ശ്രീമഹാഭക്തചരിതാമൃതം.

## കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്തു്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല.

ഗ്രന്ഥം മുഴുവൻ എഴുതി തീരുംമുമ്പായി ഗ്രന്ഥകർത്താവിനു് സാക്ഷാൽ പണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവ്വസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം ഒരാവർത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെടുവിൻ.

മലയാളഭാഷയിൽ 50-ൽ ശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളു. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു.

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4 ാംഭാഗം വില രൂപാ 1.

നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവർക്കു് 3-രൂ. 8 ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.

ചെറുകഥാപംക്തി.

# "ലീലാ" പ്രേമം
## അഥവാ
# പങ്കജാക്ഷനു പററിയ പരാജയം.

എം. പി. സാഹിബ്ബ്, ആലപ്പുഴ.

കഴിഞ്ഞ രാത്രിയിലെ സ്വപ്നം പങ്കജാക്ഷനു 'ഉറക്കക്ഷീണ'ത്തെ ഉളവാക്കി. എങ്കിലും പതിവനുസരിച്ചു പ്രഭാതത്തിൽ കൃത്യം അഞ്ചുമണിക്കുതന്നെ ഉറക്കമെണീററു. പങ്കജാക്ഷൻ ദീർഘകായനും, നല്ല ചൊടിചൊടിപ്പുള്ള ഒരു യുവാവുംകൂടിയാണു്. സ്വതേതന്നെ കറുത്തിരുണ്ട മുഖത്തു മസൂരിയുടെ അടയാളങ്ങൾകൂടി ആയപ്പോൾ അയാളുടെ അഞ്ജനനിറത്തിൽ ഒരു മാററുകൂടെ കൂടി രാവിലത്തെ കാപ്പികുടികഴിഞ്ഞു മോടിയായി ശരീരം ഒന്നു അലങ്കരിച്ചതിനുശേഷം ചാരുകസേരയിൽ കിടന്നു പങ്കജാക്ഷൻ ആലോചനതുടങ്ങി. ചിന്താപരമ്പരകൾ മനസ്സിനെ വലയംചെയ്തിരുന്നതിനാൽ സമയംപോയതു അയാൾ അറിഞ്ഞതേയില്ല. ആ ദിവസം എങ്ങനെ കഴിച്ചുകൂട്ടണമെന്നുള്ള വിചാരം അയാളെ വല്ലാതെ വിഷമിപ്പിച്ചു. അവസാനം മദ്രാസ് കാഴ്ചബംഗ്ലാവിലേക്കു പോകാമെന്നു തീർച്ചയാക്കി, അങ്ങോട്ടു നടകൊണ്ടു.

പങ്കജാക്ഷൻ കാഴ്ചബംഗ്ലാവിന്റെ ഉള്ളിലേക്കു പ്രവേശിച്ചു. അവിടെ ഉണ്ടായിരുന്ന വിവിധജന്തുക്കളെ കണ്ടാനന്ദിച്ചതിനുശേഷം ചുററിത്തിരിഞ്ഞു അവസാനം കാണികൾക്കു വിശ്രമിക്കുവാനിട്ടിരുന്ന ഒരു ബെഞ്ചിൽ ആസനസ്ഥനായി. ചിന്താതപ്തമനസ്കനായി സുരഭില മനോഹരമായ ആരാമത്തിൽനിന്നും വീശിയ മന്ദപവനനേററു ബെഞ്ചിലിരിക്കുമ്പോൾ നേരേ അകലെയുള്ള ഒരു പുൽതകടയിൽ കിടന്നിരുന്ന ഒരു പേടകത്തിന്റെനേർക്കു അയാളുടെ കണ്ണുകൾ പാഞ്ഞു. സൂര്യപ്രഭയേററു പേടകത്തിന്റെ മുകളിൽവിരിച്ചിരുന്ന "വെൽവെററ്" കനകാഭമായി തിളങ്ങിക്കൊണ്ടിരുന്നു. വല്ല യുവതിയുടെയും പക്കൽനിന്നും കാഴ്ചബംഗ്ലാവുസന്ദർശനാവസരത്തിൽ കളഞ്ഞുപോയതായിരിക്കണം അതു് എന്നു കരുതി അയാൾ വേഗം ആ സ്ഥലത്തേക്കു ഓടി. ആ പേടകത്തിന്റെ ആകൃതി നമ്മുടെ കഥാനായകനെ വിസ്മയാകുലനാക്കി. ഇതിന്റെ ഉടമസ്ഥ ആരായിരിക്കാമെന്നുള്ള ജിജ്ഞാസ അയാളെ അധികം വ്യാകുലപ്പെടുത്തി. വലിയ പ്രയത്നമൊന്നുംകൂടാതെ പെട്ടി തുറന്നു അതിൽ കണ്ട ഒരു കത്തു അയാൾ കരസ്ഥമാക്കി. കത്തു അടക്കംചെയ്തിരുന്ന കവർ തുറന്നപ്പോൾതന്നെ നല്ല പരിമളം നാലുപാടും വീശിത്തുടങ്ങി. ഒരു സൌന്ദര്യധാമത്തിന്റെ കയ്യക്ഷരമായിരിക്കണം അതു് എന്നു നമ്മുടെ കഥാനായകൻ ഉടൻതന്നെ തീർച്ചയാക്കി. കത്തിന്റെ ഒരുവശത്തു സർവാംഗമോഹിനിയായ ഒരു സ്ത്രീരത്നത്തിന്റെ ഫോട്ടോവും ഉണ്ടായിരുന്നു. പങ്കജാക്ഷൻ കുറഞ്ഞതു ഒരുമണിക്കൂർസമയം ആ ഛായാപടം നോക്കി അമ്പരന്നുനിന്നുപോയി. ചന്ദ്രബിംബസദൃശമായ വദനം, ചുരുണ്ടു കറുത്തിരുണ്ട കേശഭാരം, സാരസദളസമാനമായ നയനങ്ങൾ, എന്നുവേണ്ട ഒരു സൌന്ദര്യധാമത്തിനു ആവശ്യമായ സകല യോഗ്യതകളും ആ സ്ത്രീരൂപത്തിനുണ്ടായിരുന്നു. ഫോട്ടോയിൽ കണ്ട നതാംഗി ഇമചിമ്മാതെ ഉററുനോക്കുന്നതായും അയാൾക്കു തോന്നി. ഇതിനുമുമ്പു ഇത്തരത്തിലുള്ള ഒരു വനിതയെ അയാൾ കണ്ടിട്ടേയില്ലായിരുന്നു.

പിന്നീടു അയാളുടെ ശ്രദ്ധയെ ആകർഷിച്ചതു ആ ഛായാപടത്തിന്റെ അടുത്തു എഴുതിയിരുന്ന വാചകങ്ങളായിരുന്നു.

"ഈ സന്ദേശം ആരു വായിക്കുന്നുവോ അവൻ തീർച്ചയായും മഹാഭാഗ്യവാൻതന്നെ, പ്രേമസമ്പാദനത്തിൽ നിരാശാഭരിതയായി ആശാസാദ്ധ്യത്തിന്റെ കരകാണാതെ മഹാസങ്കടത്തിൽകിടന്നു ഉഴലുകയാണു ഞാൻ ചെയ്യുന്നതു്. ഇനിയെങ്കിലും ഞാൻ ആഗ്രഹിക്കുന്നതരത്തിൽ ഒരു യുവാവിനെ ലഭിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു ഞാൻ ഈ ഉപാധിയെ കൈക്കൊണ്ടതു്. എനിക്കിഷ്ടം കൃഷ്ണവർണ്ണമുള്ളവരോടാണു്. അവരിലാണു് എനിക്കു അധികം വിശ്വാസം. മേൽ പ്രസ്താവിച്ചതരത്തിലുള്ളവരാണെങ്കിൽ സധൈര്യം എന്റെ അടുക്കലേക്കു വരിക. അതല്ലാ ആകൃതി നേരേ വിപരീതമാണെങ്കിൽ, ഈ പേടകം എവിടെ കിടന്നുവോ അവിടെ ദയവുചെയ്തു ഇട്ടിട്ടു പൊയ്ക്കൊള്ളുക."

എന്നു് "ലീലാ"

8, നോമൺതെരുവു്, മയിലാപ്പൂർ.

ഇതായിരുന്നു കത്തിലെ വാക്യങ്ങൾ.

കത്തിലെ വാചകങ്ങൾ എന്തെന്നില്ലാതെ ഭ്രമിപ്പിച്ചതിനാൽ പലവുരു വായിക്കാൻ അയാൾ പ്രേരിതനായി. അവൾ നിശ്ചയമായും ഒരു നിർഭാഗ്യതന്നെയായിരിക്കണം, അല്ലെങ്കിൽ ഇപ്രകാരം വരുവാൻ കാരണമെന്തെന്നു അയാൾ ഊഹിച്ചു. അവളെ ഏതെങ്കിലുംതരത്തിൽ സുന്ദരന്മാർ കബളിപ്പിച്ചതുകൊണ്ടായിരിക്കണം അവൾ ആത്തരക്കാരെ പെട്ടെന്നു വെറുക്കുവാൻ കാരണമെന്നു ആത്മനാ ചിന്തിച്ചും അവിചാരിതമായി സംഭവിച്ച സംഗതികളുടെ വക്രഗതിയെപ്പററി അത്യധികം അതിശയിച്ചും കൊണ്ടു അയാൾ കാഴ്ചബംഗ്ലാവിൽനിന്നു വെളിക്കിറങ്ങി അടുത്തുണ്ടായിരുന്ന ഒരു ഹോട്ടലിൽകയറി ഊണുകഴിച്ചശേഷം സന്തോഷസമന്വിതം മയിലാപ്പൂർ ബസ്സ്റ്റാന്റിലേക്കു നടകൊണ്ടു. നിർഭാഗ്യവശാൽ മയിലാപ്പൂരിലേക്കുള്ള ബസ്സ് അന്നില്ലായിരുന്നു.

എന്നാൽ ലീലയെ കാണുവാനുള്ള അത്യാകാംക്ഷ വീട്ടിലേക്കു പോക



തിരുവല്ലായിലെ ഓണച്ചന്ത.

Courtesy M. K. K. Nair.

Photo by Revi Studio, Thiruvalla.

ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള
ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാർക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. ഐസ്സ്. മാധവൻപിള്ള,
സ്വദേശിക്കുത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

വാൻഅയാളെ അനുവദിച്ചില്ലെന്നതന്നെഅല്ലാ; സ്പെഷ്യൽകാറിൽ മയിലാപ്പൂരിലേക്ക് പോകുവാൻ പ്രേരിതനാക്കി അവളുടെ മനോഹരരൂപത്താലപഹൃതനായി പല ആശാസൌധങ്ങളും കെട്ടിപ്പൊക്കിക്കൊണ്ടായിരുന്നു അയാൾ യാത്രചെയ്തതു്. അതുകൊണ്ടു അയാൾ യാത്രാക്ലേശം അറിഞ്ഞതേയില്ല. നോമൺതെരുവിൽ കണ്ട രമ്യഹർമ്മ്യം അയാളെ വല്ലാതെ അമ്പരപ്പിച്ചു. എങ്കിലും ക്രമാലെന്യേ അഭീഷ്ടനിവൃത്തിക്കുവേണ്ടി മാളികയുടെ ഉള്ളിലേക്കു അയാൾ നടകൊണ്ടു. ആ സൌധത്തിന്റെ രണ്ടാമത്തെനില ഒരു കച്ചവടസ്ഥലമായിരുന്നു. "എന്തിനായിട്ടാണു താങ്കൾ ഇങ്ങോട്ടു വന്നതു്" എന്നുള്ള ഒരു കച്ചവടക്കാരന്റെ ചോദ്യത്തിനു, "ലീലാ" എന്നു പേരോടുകൂടിയ ഒരു യുവതി ഇവിടെ എങ്ങാനും ഉണ്ടോ," എന്നുള്ള മറുപടിയാണു പങ്കജാക്ഷൻ നൽകിയതു്. അതേ! ഉണ്ടു. എന്നു അയാൾ മറുപടി പറഞ്ഞു ആഗതനെ മാനേജരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി.

മാനേജർ കുശലപ്രശ്നാനന്തരം പങ്കജാക്ഷനോട്ട് ഇരിക്കാൻ പറഞ്ഞു. അയാൾ ഉപവിഷ്ടനായ ലീലയെ സംബന്ധിച്ചു ചോദ്യംതുടങ്ങി ലീലായെ സംബന്ധിച്ചു താങ്കൾ ഏതുവിധേന അറിവാനിടയായി എന്നുള്ള മാനേജരുടെ ചോദ്യത്തിനു, അയാൾ തനിക്കു കാഴ്ചബംഗ്ലാവിൽനിന്നും കിട്ടിയ കത്തു് മാനേജരെ ഏല്പിച്ചു.

മാനേജർ—നിങ്ങൾ തീർച്ചയായും ഒരു ഭാഗ്യവാൻതന്നെ.

പങ്ക—നിങ്ങൾ ലീലയുടെ പിതാവായിരിക്കാം പലരും ലീലയെ കബളിപ്പിച്ചു. അല്ലേ? ഇപ്പോഴുള്ള യുവാക്കന്മാർ മിക്കവരും വലിയ "പണിയും തട്ടിപ്പും"കൊണ്ടു നടക്കുന്നവരാണ്. ലീല എവിടെ?

അതെ! അതെ! എന്നുപറഞ്ഞു മാനേജർ അടുത്ത മുറിയിലേക്കുപോയി ഉടനെ തിരിച്ചുവന്നു. വെളിയിൽ എടുത്താലുടൻ പരിമളധോരണിയെ പ്രദാനം ചെയ്യുന്ന ധവളനിറത്തിലുള്ള ഒരു ചെറിയ പളുങ്കുകുപ്പി പങ്കജാക്ഷന്റെ കയ്യിൽകൊടുത്തു.

മാനേജർ—"നിങ്ങൾ ഇതിന്റെ വിലയായ എട്ടണ ഇങ്ങുതരു. ലീലയെ സംബന്ധിച്ചുള്ള കഥയെല്ലാം ഞാൻ ഇപ്പോൾതന്നെ നിങ്ങളെ ധരിപ്പിക്കാം."

പങ്കജാക്ഷൻ വേഗം അണ എട്ടുംകൊടുത്തു.

മാനേജർ—ഇതാണ് "ലീലാ സ്നോ" (Leela Snow ഇതു് മസൂരിഅടയാളങ്ങളെ മുഖത്തുനിന്നും നിശ്ശേഷം ഇല്ലാതാക്കുന്നതും തൊലിക്കു മാർദ്ദവമാക്കുന്നതും, മുഖപ്രസന്നതയുണ്ടാക്കുന്നതും ആകുന്നു. ഞങ്ങളുടെ കമ്പനിയിൽ പ്രത്യേകരീതിയിൽ പാകം ചെയ്യുന്ന ഈ "സ്നോ"യ്ക്കു ഇൻഡ്യാമുഴവൻ പ്രചാരമുണ്ടാക്കാൻവേണ്ടി ഞങ്ങൾ ഇത്തരം നവംനവങ്ങളായ ഉപായങ്ങൾ കണ്ടുപിടിച്ചു് പരസ്യംചെയ്യുക പതിവാണ്.

പങ്കജാക്ഷൻ കോപംകൊണ്ടും ലജ്ജകൊണ്ടും പ്രത്യുത്തരം ഒന്നുംനൽകാതെ, വിളറിയ മുഖത്തോടും അസഹനീയമായ നിരാശതയോടുംകൂടി അവിടം വിട്ടുപോയി. തന്റെ പെട്ടെന്നുള്ള "എടുത്തുചാട്ടത്തെ"ക്കുറിച്ചു് അയാൾ പശ്ചാത്തപിച്ചു. ഇമ്മാതിരിയുള്ള കച്ചവടക്കാരുടെ നൂതനപരസ്യങ്ങൾ പൊതുജനങ്ങളെ വളരെ വഞ്ചിക്കുന്നതാണ്. അവയെ തന്നാൽ കഴിയുംവിധത്തിലെല്ലാം തടയണമെന്നു അയാൾ തീർച്ചയാക്കി. ആ "ലീലാസ്നോ" എടുത്തു മൂന്നുനാലുപ്രാവശ്യം അയാൾ സൂക്ഷിച്ചുനോക്കി. കോപം സഹിക്കവയ്യാതെ അതിനെ ഒട്ടധികം ശപിച്ചു. അതുകൊണ്ടും അരിശം തീരാഞ്ഞിട്ടു്, നാലുപാടും ഒന്നു നോക്കിയതിൻശേഷം, ആരും കാണാതെ അവിടെ അടുത്തുണ്ടായിരുന്ന ഒരു തടാകത്തിൽ ലീലാസ്നോയെ വലിച്ചെറിഞ്ഞിട്ടു് മദ്രാസ്സിലേക്കുള്ള ബസ്സ്സ്റ്റാൻറിലേക്ക് നടന്നു.

---

# *അനാഥസൌഭാഗ്യത്തോട്.

എൻ. ലളിതാംബികഅന്തർജ്ജനം.

(ഓമനക്കുട്ടൻ എന്ന രീതി)

നിഷ്കളങ്കവികസിതബാല - പുഷ്പവല്ലരി! മോഹനേ!
ഇക്കൊടുംവെയിലേററുനീകഷ്ടം - മിത്രനേരത്തേവാടിയോ.

ഉച്ചനേരത്തേച്ചണ്ഡവാതമേ—റുച്ചലിതമായാടി നീ-
പാഴ്ച്ചതിപ്പുഴക്കുത്തുമേററുകൊ - ണ്ടുഗ്രവേദനതേടിയോ.

ഓമലേ! നിൻനിസർഗ്ഗയൌവനം - പാഴിലായ്പ്പോയീപാവനേ.
കാമനുംവേണ്ടാദേവനുംവേണ്ടാ സൂനമേനിൻറജീവിതം

ഭൃംഗപാളികളാത്തുടുത്തുനിൻ—ഭംഗിയേസ്തുതിക്കില്ലിനി
തുംഗവാത്സല്യമാർന്നുചെയ്കയി—ല്ലംഗലാളനമാരുതൻ.

ദിവ്യമാമുഷഃകാന്തിയിൽകണ്ടേൻ—നവ്യകോരകമായിഞാൻ
ഇന്നിതാവെറുംനിന്ദ്യപുഷ്പമായ് - നിന്നെയിക്ഷിപ്പൂനിർമ്മലേ.

ഭൂരിസൌരഭ്യമാർന്നിട്ടുംതവ—ചാരുസൌന്ദര്യമീവിധം
പാരിലംപരത്തിന്നുമില്ലാതെ—യാരനാഥമായ്ത്തീർത്തതും

പോട്ടെയായതുപുഷ്പമേനിന്റെ—നഷ്ടസൌഭാഗ്യമിന്നിയും
കിട്ടുമോയെന്നുനോക്കിടാംഞാനീ—ക്കഷ്ടകാലമകററിടാം.

മഞ്ഞുവെള്ളംതളിച്ചുമന്ദമാ—യിന്ദുകാന്തിയിലങ്ങനെ
കുന്ദസൂനങ്ങളൊത്തുവാഴുന്നൊ—രന്നുനീവിളങ്ങീടുമേ

ഇന്നതിന്നൊരുങ്ങുന്നുഞാനതിൽ—നിന്നുപിന്തിരിച്ചീടുവാൻ
സുന്ദരി!നിൻവിരോധമല്ലാതെ—യൊന്നുമില്ലനിരോധനം

ബന്ധുരാഭമാംനിന്നുടെനറും—കാന്തിപൂരമിതെന്തിനോ
ഹന്ത!നൾകുന്നതോമലേവെറു—മന്ധകാരത്തിന്നപ്പുറം

വർദ്ധിതസൌരഭ്യോൽക്കരമാമീ—മർദ്ദിതാമ്പലലോലമെയ്
നൽപുതുപനിനീർതളിച്ചുകൊ—ണ്ടിപ്പൊഴുംഞാൻതലോടിടാം.

മൌഗ്ദ്ധ്യമാംപാപശങ്കയാംമഹാ—ധാർഷ്ട്യമാർന്നിയെൻകരം
പുഷ്പരാഗവിവശമാമിതു—തട്ടിമാററാതിരിക്കണേ

തുമധുതുളുമ്പുന്നനിന്നുടെ—കോമളാനനമൊന്നിനി
പ്രേമശോണമാമെൻമുഖംചേർക്കി—ലോമനേ!നീക്ഷമിക്കണേ!

* ഈയിടെ അഭിനയിക്കപ്പെട്ടതും നംപൂതിരിവിധവകളുടെ സങ്കടാവസ്ഥയെ ചിത്രീകരിക്കുന്നതുമായ ഒരു പ്രഹസനത്തിൽനിന്നു്. നംപൂതിരിവിധവയോടു കാമുകൻചെയ്യുന്ന നിവേദനം.

---


## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള
ഒരു യഥാർത്ഥ സാധനം.
സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.
വളകൾ ജോടി ഒന്നിനു രൂപാ 3.
കാററ്ലാഗ് ഇനാം.
ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്കു്, 187 ചൈനബസ്സാർറോഡ്,
ജി.ടി. മദ്രാസ്സ്.

തൂലികാ ചിത്രവാർത്ത.

# കമ്യൂണിസ്റ്റിനെ പരിശോധിച്ചു.

## പത്രപ്രസ്താവന.

(ജി. പി)

നേരം 'പരപരാന്നു' വെളുത്തപ്പോൾ ശിംശിമാരൻപിള്ളവന്നു ഡാക്ടരെ വിളിച്ചുണർത്തി. കാലും കയ്യും കടഞ്ഞു ഒരു ശിശുവിനെപ്പോലെ വായ്പിളർന്നു ചിരിച്ചുകൊണ്ടാണു ഡാക്ടർ ഗോമ ഉറക്കത്തിൽ നിന്നുണർന്നതു്- "ഞാൻപോകുന്നു അങ്ങു പുറകേ വന്നേക്കണം" എന്നു മന്ത്രിച്ചിട്ടു ശിംശിമാരൻപിള്ള ആ കുളുർത്ത പ്രഭാതത്തിൽ ഇറങ്ങി നടന്നു. ആധുനികമൂകാസുരനായ താച്ചൻ വെളുപ്പിനെ ഒരു പന്നിയെപ്പോലെ പാഞ്ഞുചെന്നു ആ മൈതാനത്തിന്റെ പര്യന്തഗുല്മത്തിൽ മറഞ്ഞിട്ടുണ്ടായിരുന്നു.

മൈതാനത്തിന്റെ അരികോടുചേർന്നു കുനിപ്പിടച്ചുനിന്ന ഓലമേഞ്ഞതുള്ള ഒരു ഒററപ്പുരയിലായിരുന്നു ഗുട്ടർജിയുടെ കിഴവനായ പിതാവു പാർത്തിരുന്നതു. ഗുട്ടർജിയുടെ ശുഷ്കിച്ച മാതാവും ഇളംപ്രായക്കാരായ സഹോദരിസഹോദരന്മാരുമെല്ലാം അവിടെത്തന്നെയുണ്ടായിരുന്നു. ഗുട്ടർജി, വീട്ടുജോലിയൊന്നുംചെയ്യാതെ വെറും തോന്ന്യാസക്കാരനായി കൊച്ചുകുട്ടനെന്നുള്ളപേരിൽ നടന്നിരുന്ന അക്കാലംമുതല്ക്കേ അയാളുടെ പിതാവു വാതംപിടിച്ചു ഒരുകാൽ സ്തംഭിച്ചു കിടക്കയായിരുന്നുവെന്നുള്ളതു ആ ഗൃഹത്തിന്റെ ഒരുഅന്തർവ്യഥയാണു്. എങ്കിലും ഗുട്ടർജി അതേപ്പററിയൊന്നും മനസ്സുപുണ്ണാക്കുവാൻ പോയില്ല. അയാൾ ഒരുകാര്യംചെയ്തു. ചില പ്രസംഗക്കാർ, പ്രക്ഷോഭണക്കാർ, ലീഗുകാർ, മിഷൻകാർ ഇവരുടെ പുറകെയെല്ലാംനടന്നു വീട്ടിൽനിന്നു നിരന്തരമായി അപ്രത്യക്ഷപ്പെട്ടുതുടങ്ങി ഒടുവിൽ അയാൾ ഒരു അസ്സൽകമ്മ്യൂണിസ്ററും ഗുട്ടർജിയുമായി ഇപ്രകാരം രൂപാന്തരപ്പെട്ടതെങ്ങനെയെന്നുള്ളതു ഇന്നും ഒരു ഗഹനവിഷയമായിരിക്കുന്നതേയുള്ളു.

ശിംശിമാരൻപിള്ള ഗുട്ടർജിയുടെ പിതാവിന്റെ ഭവനത്തോടു സമീപിച്ചുതുടങ്ങിയതോടെ വാതംപിടിച്ചു സ്തംഭിച്ചുകിടക്കുന്ന ആ കിഴവൻ ഭക്തിപരവശനായി ഉച്ചത്തിൽച്ചൊല്ലുന്ന കീർത്തനശ്ലോകങ്ങൾ കേട്ടുതുടങ്ങി. ഭക്തിയൊന്നു ബലമായിട്ടുണ്ടെങ്കിൽ മററു തകരാറുകളെപ്പററി യാതൊന്നുമാലോചിക്കേണ്ടതില്ലെന്നുള്ള ഭക്തമതമനുസരിച്ചു വാതരോഗപീഡിതനായി പുരയ്ക്കുള്ളിൽകിടക്കുന്ന ആ പടുവൃദ്ധൻ തന്റെ കീർത്തനശ്ലോകങ്ങളിലെ സുബദ്ധാബദ്ധങ്ങളെപ്പററി യാതൊന്നും ചിന്തിച്ചില്ല. ഈശ്വരനിൽ ഒരു എത്തും പിടിയും കിട്ടിപ്പോയമട്ടിൽ അയാൾ ഇങ്ങിനെ കിടന്നുവിളിച്ചു: —

ദയകിരിചുമന്നുപാൻണിബംവെളങ്ങീ
നളിനമുകൊളജാലേമന്നഹാസംതൊടങ്ങി
പനിമതിമറവായി ചങ്കനാദംമൊഴങ്ങീ
ഒണരുകകാണികാണ്മാനമ്മരേത്രിച്ചമ്മരേ–
എന്റെപൊന്നുത്രിച്ചമ്മരേശാ. (ശാ!
ത്രിച്ചമ്മരത്തുപെരുമാൾക്കുചെറുപ്പമെന്ന–
ങ്ങൊച്ചേവിളിച്ചുപറയുന്നിതുലോകരപ്പോ
വിശപംചമക്കുമൊടനേയതുകാതൊഴിക്കം
വിശൈപകനായകൻകള പ്പുരയെന്നപോലെ
ഒള്ളതാണോഎന്റെപെരുമാളേ!
ദതിയുറിതൊട്ടുവാൻനിളമില്ലാത്ത–
നീപോയിത്രിപുവനമടിയളന്നവാ–
റെങ്ങിനേവാസുദേവാ,

എന്റെ വാസുദേവാ അതെങ്ങിനെയാണു പറയെന്റെവാസുദേവാ, എന്റെ പൊന്നുവാസുദേവനല്ല്യോപറ; എന്റെവാതത്തിന്റെ ദീനം പേതമാക്കണേ വാസുദേവാ!

ഇങ്ങിനെ ഒരു മാതിരി ചമ്പൂപ്രായത്തിൽ വൃദ്ധൻ പുരയ്ക്കകത്തിൽകിടന്നു വിലപിച്ചു ഭക്തിപാരവശ്യം പ്രകടിപ്പിക്കുമ്പോൾ ഗുട്ടർജിയൊളിവിൽ വരാന്തയിലിട്ടിരുന്നഒരുപഴയബഞ്ചിലിരുന്നു് അക്ഷമനായി ചിലഗോഷ്ടികൾ കാട്ടുകയായിരുന്നു. അയാൾ ദ്രംഷ്ടികളിട്ടുരുട്ടമുഴിഞ്ഞും മൂക്കു ചുളിച്ചും മുഷ്ടിചുരുട്ടി സ്വന്തം തുടയിലിടിച്ചും തന്നത്താൻ തുരുതുരെ പറഞ്ഞുതുടങ്ങി. "വാസുദേവൻ, വാസുദേവൻ — അന്ധവിശ്വാസത്തിന്റെ അടിത്തട്ടിലെത്തിപ്പോയി. നശിച്ചു നശിച്ചു മതം, മതം. കറുപ്പുതന്നെ കഞ്ചാവുതന്നെ മതം കറുപ്പാണു് കഞ്ചാവാണു്" ഗുട്ടർജിയുടെ ആത്മഗതംകേട്ടു് അയാളുടെ പിതാവ് കീർത്തനം നിർത്തിയിട്ടു് മുറിയിൽ കിടന്നുകൊണ്ടു് ഇങ്ങിനെ വിളിച്ചുചോദിച്ചു: —

"എടാ-കുട്ടാ—എന്റെ കൊച്ചുകുട്ടാ-നീ രാവലെ എണ്ണീററിരുന്നുകൊണ്ടു് കള്ളിന്റേയും കഞ്ചാവിന്റെയും കാര്യം പറയുന്നതു് എന്തുവാടാ. എടാ മാപാപി എന്നാൾ മൊകത്തു ഇററുവെള്ളോമൊഴിച്ചു് രണ്ടു പന്ത്രോംനുള്ളിയിട്ടോണ്ടു് നാരായണ ജപിയെടാ. എടീ കുഞ്ഞേലിയേ നിന്റെ മോൻ പെഴച്ചുപോയെടീ. എടീ അവനു പ്രാന്താടീ. അവനിതാ രാവിലേ എറങ്ങിയിരുന്നോണ്ടു് കള്ളെന്നും കറപ്പെന്നും ഒക്കെ കുത്തുകുശാപ്പറയുന്നൊടീ".

പിതാവിന്റെ ഈ പ്രലപനം കേട്ടപ്പോൾ ഗുട്ടർജി വല്ലാതെ ക്ഷോഭിച്ചു. അയാൾക്കു ഇരിപ്പുറയ്ക്കാതെയായി. അയാൾ ഇരുന്നായിടത്തുനിന്നു എണീററു് മുഖം കനിച്ചു തിരിച്ചു് അങ്ങോട്ടുമിങ്ങോട്ടും ചീററിക്കൊണ്ടു ഉദ്ഘമിച്ചു.

"അപ്പനാണു് കള്ളും കഞ്ചാവും കറുപ്പും പറയുന്നതു്. അല്ലെങ്കിൽപിന്നെ ഉറിതൊട്ടകാര്യവുംമററും പറഞ്ഞാൽ ദീനംഭേദമാകുമോ അന്ധവിശ്വാസം- അന്ധവിശ്വാസം"

വൃദ്ധൻ: — (അത്ഭുതവും കോപവും നിറഞ്ഞസ്വരത്തിൽ) അയ്യോടാ — ഞാം കള്ളും കഞ്ചാവും കുടിച്ചെന്നാണോടാ നീ പറയുന്നതു്. എടാ തന്തയ്ക്കുകുററംപറയുന്ന കോമാളീ. ദൈവസം അഞ്ചാറുചക്രത്തിന്റെ വേലയെടുക്കാൻ പ്രായമാകുംവരെ തീററിപ്പോററിയതിന്റെ കൂലിയാണോ ഇതു്. മഹാപാപീ നീ ഇങ്ങിനെ വയ്യാത്തഎന്നെയും പുള്ളരെയും വിട്ടിട്ടു് കണ്ടടം പെറുക്കാനിറങ്ങിയല്ലോടാ. വല്ലപ്പോഴും വരുമ്പളും നെനക്കു ലക്കില്ല്യോടാ (വാത്സല്യമസൃണമായ അയഞ്ഞസ്വരത്തിൽ) എടാ-കൊച്ചുകുട്ടാ-മോനേ നെനക്കു പ്രാന്താണോടാ. അയ്യോ നേരേചൊവ്വേ ഇത്ര എണ്ണപൊത്തി കുളിക്കാതേം നനയ്ക്കാതേം ആയിട്ടാണേ എവൻ ഇങ്ങിനെയായതു്."

ക്രോധസന്താപവാത്സല്യസമ്മിളിതമായ ഈ പ്രലപനങ്ങളെ ശ്രവിച്ചു ശ്വാസംമുട്ടിയതിൻവണ്ണം ഗുട്ടർജി പ്രാണവ്യയാണചേഷ്ടകൾ കാട്ടിക്കൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും നടക്കുമ്പോൾ ശിംശിമാരൻപിള്ള വരാന്തയിൽ വന്നുകയറി. സ്നേഹിതനേക്കണ്ടു് ഗുട്ടർജി മന്ദഹസിക്കുകയും 'ഹല്ലോ കാമ്രേഡ്' എന്നു് അഭിസംബോധനംചെയ്തുകൊണ്ടു് ഓടച്ചെന്നു കൈപിടിച്ചു കുലുക്കുകയുംചെയ്തു. "നിങ്ങളുടെ അച്ഛൻ എന്താണു കിടന്നു നിലവിളിക്കുന്നതു" എന്നു് ശിംശിമാരൻപിള്ള ഗുട്ടർജിയോടു ചോദിച്ചു. അതിനു് "ഓൾഡ് ഏജ് സൂപ്പർസ്റ്റിഷൻസ് ആൻഡ് ഡിസീസ്" (വയസ്സുകാലത്തെ അന്ധവിശ്വാസങ്ങളും സുഖക്കേടുകളും) എന്നു് ഗുട്ടർജി അലക്ഷ്യമായിമറുപടിപറഞ്ഞു. 'വരൂ' എന്നു് വിളിച്ചു് പൂച്ചയ്ക്കു കയറിട്ടതിൻവണ്ണം പുറകോട്ടു ചുരുണ്ടു ഞൊന്നുവലിയുന്ന ഗുട്ടർജിയേയും പിടിച്ചുകൊണ്ടു ശിംശിമാരൻപിള്ള മുറിക്കുള്ളിൽകയറി. അവിടെ മുക്കൂട്ടിന്റെയും വയ്യെണ്ണയുടെയും ഗന്ധം ദുസ്സഹമാംവിധം വ്യാപിച്ചിരുന്നു. കറുത്തുനീണ്ടു് ശാഖകളോടുകൂടിയ ഒരു സാധനം ഉച്ചിവെളുത്തു ഒരു കട്ടിലിൽ മുരണ്ടുകൊണ്ടു കിടന്നതു ഗുട്ടർജിയുടെ പിതാവായിരുന്നു "ആരാ-അതു്" എന്നു ഒരു ഇഴഞ്ഞസ്വരത്തിൽ ഗുട്ടർജിയുടെ പിതാവു ചോദിച്ചു. "ഞാനാണു് മൂപ്പീന്നെ" എന്നു് ശിംശിമാരൻപിള്ള മറുപടിപറഞ്ഞു. ശിംശിമാരൻപിള്ള അന്ധാളിച്ചുപോകുമാറു് കിഴവൻ "എന്റെ ചിമിചിമാരാകുഞ്ഞേ എന്നു് വിളിച്ചു് വലിയവായിൽ ഒരു കരച്ചൽ കരഞ്ഞു. അതുകേട്ടുവൃദ്ധൻ മരിക്കുവാൻ പോകയാണെന്നുവിചാരിച്ചു വീട്ടിലുള്ളവരെല്ലാം ഓടിയെത്തി. കീറിപ്പറിഞ്ഞ കറുത്ത വേഷങ്ങൾ ധരിച്ചിരുന്ന ചില പെൺകുട്ടികളുടെ,മുഖം പൊത്തിയ കൈകൾക്കിടയിലൂടെ 'കീ' എന്നു് ക്രന്ദനലേശങ്ങൾ പുറത്തേക്കു ക്ഷരിച്ചു.

കിഴവൻ:—"എന്റപ്പനേ, എന്റെ കൊച്ചുകുട്ടൻഇങ്ങിനെ പെഴച്ചുപോയല്ലോ. വയ്യാത്തകാലത്തു വേലയെടുത്തു തരുമെന്നാണേ ഞാൻ വെചാരിച്ചതു്. എന്നിട്ടു്—എന്നിട്ടു് ............... ..............."

കഫംകെട്ടിയ വൃദ്ധന്റെ കണ്ഠമടഞ്ഞു. ശിംശിമാരൻപിള്ള ആശ്വസിപ്പിച്ചു. "മൂപ്പിന്നേ—കരയാതിരിക്കണം ഇതൊന്നും ആരും പറഞ്ഞാലൊക്കുകയില്ല ജാതകദോഷമാണ്. ചിലപ്പോൾ ഗ്രഹങ്ങൾ വല്ലാത്ത സ്ഥാനങ്ങളിൽ നിന്നാൽ വേണ്ടാത്തതിനൊക്കെ ആളുകൾ ചാടിപ്പുറപ്പെടും".

കിഴ: —(സങ്കടസ്വരത്തിൽ) "ഇന്നലെ എലഞ്ഞിപ്പൊരയ്ക്കലേ അദ്ദേ്യം കവളംമടലുമെട്ടത്തോണ്ട് എവനേ തല്ലാൻ ഇട്ടോടിച്ചെന്നു പറഞ്ഞു. അദ്യത്തിനെ വെറുപ്പിച്ചിട്ട് ഈ കഴവേറിക്ക് വല്ല കാര്യോം ഒണ്ടോ. ചെലപ്പോ ഒന്നുമില്ലാതെ വന്നാലേ ചങ്കാഴിനെല്ല് അവിടുന്നാ വാങ്ങുന്നത്."

ശിംശി: "അതു സാരമില്ല. അമ്മാവൻ അപ്പോഴത്തെ കോപത്തിന് ഏതോ പറഞ്ഞെന്നേ ഉള്ളു. ഇപ്പോൾ അതെല്ലാം മറന്നുകാണും. അദ്ദേഹത്തിന്റെ സ്വഭാവമാണതു്."

ഗുട്ടർ: "ചങ്കാഴിനെല്ല്! ബൂർഷ്വാസ്!! ആ ഉദാരപ്രവൃത്തികളൊക്കെ പാവങ്ങളെ കബളിപ്പിക്കുവാനുള്ള തൊഴിലുകളാണ്. എന്തായിരുന്നാലും ഞാൻ ഇതൊന്നും വകവയ്ക്കുകയില്ല. തല്ലിക്കൊല്ലട്ടേ. എന്നാലെന്തു് ഈ ദാരിദ്ര്യത്തിനുള്ള കാരണം ഒന്നിച്ചുരീക്കണം."

കിഴ—(ഭീതിയോടെ) 'അയ്യോ-ദാ-അവൻ പിന്നെയും തൊടങ്ങിയേ-എടാ ഇനിക്കി നാട്ടിൽകെടന്നു പൊറുക്കേണ്ടയോടാ—നീ ഇപ്പ ഞങ്ങെറങ്ങിപ്പോകും. (ശിംശിമാരൻപിള്ളയേ നോക്കി ആശയോടെ) അപ്പനേ നമ്മടവിടെ വന്നിരിക്കുന്ന ഡാക്കിട്ടരെക്കൊണ്ടേ കൊച്ചുകുട്ടനേ ഒന്നു കൊഴലുവെപ്പിച്ചു നോക്കാമോ?"

ഗുട്ടർജി മൂക്കുചുളിച്ചു ശിംശിമാരൻപിള്ള പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു.

"അതു അപ്പാത്തിക്കിരിഡാക്ടരല്ല."

കിഴ: —"ഹയ്യോ—പിന്നെ ഈ നാട്ടുകാരെല്ലാം പറേന്നതു് അദ്യം വല്യ കൈപ്പുണ്യമൊള്ള ആളെന്നാണ്. അതാണേ എന്റപ്പനേ ഞാഞ്ചോദിച്ചതു്."

ശിംശി: —"എന്തുചെയ്യാം വാക്കുകൾ പോലും മനസ്സിലാകാത്തതാണു നമ്മുടെ ആളുകളുടെഇടയിൽ പ്രചരിപ്പിച്ചിരിക്കുന്നതു്. ആട്ടെ നമുക്കു നിവൃത്തിയുണ്ടാക്കാം. മൂപ്പീന്ന് വിഷമിക്കാതെകിടക്കണം."

"വരണം" എന്നു് ഗുട്ടർജിയേയും ഗ്രഹിച്ചുകൊണ്ട് ശിംശിമാരൻപിള്ള പുറത്തിറങ്ങി. "കേട്ടോ അസ്സേ മതം കറുപ്പാണ്. വെറും കറുപ്പുതന്നെ" എന്നു ഗുട്ടർജി ശിംശിമാരൻപിള്ളയുടെ ചെവിയിൽ ഉപദേശിച്ചുകൊടുത്തു. "എവിടെപ്പോകയാണ്?" എന്നു് നടക്കുന്നതുകണ്ടു് ഗുട്ടർജി ശിംശിമാരൻപിള്ളയോടു ചോദിച്ചു. "ശ്ശായ്-വരണം" എന്നു ശാസിച്ചു് ശിംശിമാരൻപിള്ള ഗുട്ടർജിയേയുംകൊണ്ടു നടന്നു. "എവിടെപ്പോകയാണു കാമ്രേഡേ" എന്നു സ്നേഹാധിക്യത്താൽ ഒന്നു കൊഞ്ചിക്കുഴഞ്ഞു് ഗുട്ടർജി വീണ്ടും ചോദിച്ചു. ശിംശിമാരൻപിള്ള ഒന്നു ചിരിയ്ക്കുകമാത്രം ചെയ്തു.

അവർ രണ്ടാളുംകൂടി മൈതാനത്തിന്റെ വടക്കേഅരികുപററി നടന്നു പടിഞ്ഞാറേ കോണിലെത്തി. ശിംശിമാരൻപിള്ള കിഴക്കുനിന്നും പടിഞ്ഞാറോട്ടും ഗുട്ടർജി പടിഞ്ഞാറുനിന്നും കിഴക്കോട്ടും അഭിമുഖമായി നിന്നു സംഭാഷണംതുടങ്ങി. എന്താണു സംഭാഷണംചെയ്യുവാനുള്ളതു്? അവർ അതുമിതും പറഞ്ഞു. ഒടുവിൽ ശിംശിമാരൻപിള്ള പടിഞ്ഞാറോട്ടു ഒട്ടുകണ്ണിട്ടുനോക്കിയതിന്റെശേഷം ഒരു രഹസ്യംപറയാനുണ്ടെന്നുള്ളമട്ടിൽ ഗുട്ടർജിയുടെ രണ്ടു തോളുകളിലും കൈകളിട്ടു. ഗുട്ടർജി ഏകാഗ്രതയോടെ കണ്ഠംനീട്ടി നിന്നു. തന്റെ ചെവിയ്ക്കുപുറകിൽ ശ്വാസോച്ഛ്വാസംചെയ്യുന്നതിന്റെ നേരിയശബ്ദം അല്പാല്പം കേൾക്കുന്നുണ്ടോ എന്നു ഗുട്ടർജി സംശയിക്കാതിരുന്നില്ല. എന്നാൽ അയാൾ അതിനെ അത്ര വകവച്ചില്ലെന്നേയുള്ളു.

ഈ സമയമെല്ലാം കണ്ണുംമൂക്കുമൊഴിച്ചു ബാക്കിഭാഗമെല്ലാം ഒരു പച്ചപ്പുതപ്പുകൊണ്ടു മൂടിപ്പുതച്ചു ഡാക്ടർ ഗോമ ഗുട്ടർജിയുടെ പുറകിൽ കുനിപ്പിടച്ചുനിന്നു ആ പ്രസിദ്ധ കമ്മ്യൂണിസ്റ്റിനെ പരിശോധിക്കുകയായിരുന്നു. ഒടുവിൽ പരിശോധനത്തിന്റെ 'തകൃതി'യ്ക്കിടയിൽ ഡാക്ടരുടെ മൂക്ക് ഗുട്ടർജിയുടെ കഴുത്തിന്റെ പിൻഭാഗത്തു ഒന്നു മുട്ടുവാൻഇടയായി. ഗുട്ടർജി എന്തെന്നില്ലാതെ ഭയപ്പെട്ടു ഒരു ഭീഷണശബ്ദത്തോടെ രണ്ടടി മേലോട്ടുചാടി. അയാൾ തിരിഞ്ഞു വിരലുകൾവിടർന്ന കൈകളുംപരത്തി കണ്ണുകളുംതുറിച്ചു വായുംചുരുക്കി വട്ടക്കാലിൽനിന്നുകൊണ്ടു പേടിച്ചു ശ്വാസംകിട്ടാത്ത സ്വരത്തിൽ മൂടിപ്പുതച്ച ആളിനോടു ചോദിച്ചു;

"ഹാ ഹാ-രാ അതു്. ഇലഞ്ഞിപ്പുര-രയ്ക്കലേ അദ്ദ്യേ..."

ഗുട്ടർജിയുടെ ഈ ഭാവവികാരങ്ങളെല്ലാം കണ്ടു ഡാക്ടർ ഗോമയും അമ്പരന്നുപോയി. എന്തോ ഗുട്ടർജിയുടെ ഭാവഭേദങ്ങൾ മനസ്സിൽ പതിഞ്ഞുണ്ടായ അന്തരംഗത്തിന്റെ വികൃതിമൂലമായിരിക്കണം, ഡാക്ടരും ഗുട്ടർജിയെ അനുകരിച്ചു അതേരീതിയിൽ ചോദിച്ചു.

"ഹാ-ഹാ-രാ അതു്. ഇലഞ്ഞിപ്പുരയ്ക്കലേ അദ്ദ്യം അല്ല–"

"അസ്സേ ശിംശിമാരൻപിള്ളേ!" എന്നു അഗാധമായസ്വരത്തിൽ വയററിൽ കൈവച്ചു ഗുട്ടർജി അദ്ദേഹത്തിന്റെ 'കാമ്രേഡി'നെ വിളിക്കയും ദയനീയമായി നോക്കുകയും ചെയ്തു. ഗുട്ടർജിയുടെ ഈ 'പങ്കപ്പാടുകൾ' എല്ലാംകണ്ടു ഡാക്ടർ കരുണാർദ്രചിത്തനായി. ആ സാധുവിനെ തെല്ലൊന്നാശ്വസിപ്പിക്കാമെന്നുവിചാരിച്ചു ഡാക്ടർ പുതപ്പഴിച്ചു ദൂരെയെറിഞ്ഞു. ഡാക്ടർ ഗോമയെക്കണ്ടു എന്തോ ഒരു ഭൂതാവേശമുണ്ടായതിൻവണ്ണം "ബൂർഷ്വാ! ബൂർഷ്വാ!!" എന്നു പുലമ്പിക്കൊണ്ടു ഗുട്ടർജി അവിടെനിന്നും കുതിച്ചു ഒരു നെട്ടോട്ടമോടി. ഈ തക്കവുംകാത്തുകൊണ്ടു കുററിക്കാട്ടിലൊളിച്ചിരുന്ന തടിയൻ താച്ചൻ ഒരു വേട്ടപ്പട്ടിയെപ്പോലെ ഗുട്ടർജിയുടെപുറകേ പൊങ്ങിക്കുതിച്ചു. "ഹേ-ഓടേണ്ടാ-ഒന്നുമില്ലാ ഹയ്യോ കൊല്ലാം!" എന്നു് ശിംശിമാരൻപിള്ള ഉദ്ഗാരം ചെയ്തതു് ആരും ശ്രദ്ധിച്ചില്ല. ഡാക്ടർ ഒരു കൽപ്രതിമപോലെ നിന്നതേ ഉള്ളു. തിരിഞ്ഞു നോക്കി താച്ചനേക്കൂടി പുറകിൽ കണ്ടപ്പോൾ കൂകിവിളിച്ചു് ഗുട്ടർജി വാണംപോലെ ആകാശത്തിൽ പാഞ്ഞു. അയാൾ ദൂരെ അപ്രത്യക്ഷപ്പെട്ടു തേങ്ങിത്തളന്ന് നാവുംനീട്ടി തോളുംതാഴ്ത്തി താച്ചന് മടങ്ങേണ്ടതായിട്ടാണു വന്നതു്. വളരെ നാളത്തേക്കു ഗുട്ടർജി തദ്ദേശത്തെ പിന്നെ സ്മരിച്ചിട്ടേയില്ല.

പ്രഭാതത്തിൽ ഒരു കുറുനരിയേ വേട്ടയാടാൻ പോയി തളർന്നു കഴഞ്ഞു മടങ്ങുന്നതിൻവണ്ണം ഡാക്ടരും സംഘവും വിശപ്പോടെ ഇലഞ്ഞിപ്പുരയ്ക്കൽ മടങ്ങിയെത്തി. "എന്താ പിടികൂടിയോ?" എന്നു് "ഇലഞ്ഞിപ്പുരയ്ക്കലേ അദ്ദ്യം" ചോദിച്ചതിനു് "ഓ-ഒട്ടോക്കെ" എന്നും "ഞാൻ ഇത്തരത്തിലുള്ളതിനെ അധികം കണ്ടിട്ടില്ല" എന്നും ഡാക്ടർ മറുപടിനൽകി.

അവിടെനിന്നും യാത്രതിരിക്കുന്നതിനു മുൻപായി ഡാക്ടർ ഗോമ തന്റെ നൂതനാനുഭവത്തെ പരാമർശിച്ചു് 'മലനാടൻ' പത്രത്തിനു ഒരു പ്രസ്താവന നൽകി. 'ഡാക്ടർ ഒരു കമ്മ്യൂണിസ്റ്റിനെ പരിശോധിച്ചു തലയിൽ കുഴപ്പമുണ്ട്' എന്നിങ്ങനെയുള്ള തലക്കെട്ടുകളിൽ ആ ദിനപ്പത്രം പ്രസ്തുത പ്രസ്താവനയേ പ്രസിദ്ധപ്പെടുത്തി.

## പ്രസ്താവന.

"എന്റെ ആദ്യത്തെ അഭിപ്രായത്തിനു ഒരു ഒന്നാംതരം തെളിവായ ഒരു സമുദായജീവിയെ ഞാൻ ഭാഗ്യംകൊണ്ടു കണ്ടുമുട്ടിയരിക്കുന്നു ഒരു സമ്മേളനത്തിൽവച്ചാണു കണ്ടുമുട്ടുവാൻ ഇടയായതെന്നുള്ളതും പ്രസ്താവ്യമാണ്. 'കൊച്ചുകുട്ടൻ' എന്നും കുട്ടൻചെറുക്കനെന്നും കുട്ടൻപിള്ളയെന്നും മററുമുള്ള നാമധേയത്തിൽ വ്യവഹരിക്കപ്പെട്ട ഈ യുവാവു് ഗുട്ടർജിആയതെങ്ങിനെയെന്നു് എനിക്കു നിശ്ചയമില്ല. ഗുട്ടർജി എന്ന പദത്തിന്റെ ധാതുവിനെയും പദപരിണാമത്തെയും മററുംപററി വ്യാകരണജ്ഞന്മാർ അഭിപ്രായം ഈ പത്രദ്വാരാ അറിയിക്കുന്നതു ലോകാനുഗ്രഹമായിരിക്കും. ഗുട്ടർജി മാംസരഹിതനായ ഒരു യുവാവാണ്. സമുദായത്തിനു ഇങ്ങിനെയുള്ളവർ ഗുണമോ ദൂഷ്യമോ എന്നു് സമുദായശാസ്ത്രജ്ഞന്മാർ ചിന്തിക്കേണ്ടിയിരിക്കുന്നു. "മതം കറുപ്പാണ് ബൂർഷ്വാ" ഈ പദങ്ങൾ എപ്പോഴും ഈ വിദ്വാൻ ശബ്ദിച്ചുകൊണ്ടു നടക്കുന്നു. ഭ്രാന്തിന്റെ ലക്ഷണങ്ങളൊന്നും ഈ യുവാവിനു് ഇല്ലെന്നാണു എനിക്കു തോന്നുന്നതു്. ഇയ്യാൾ ഒരു കമ്മ്യൂണിസ്റ്റാണെന്നു പറയുന്നു. പാശ്ചാത്യദേശങ്ങളിൽ സമൂഹപരിഷ്കാരം നടത്തുന്ന ചിലരുടെ അഭിപ്രായങ്ങളെ അച്ചടിച്ചു് പുസ്തകരൂപത്തിൽ ഇവിടെ ഇറക്കുമതിചെയ്തതിനെ നേരാംവണ്ണം മനസ്സിലാക്കാതെ കാണാപ്പാഠം പഠിച്ചുകൊണ്ടു നടക്കയാൽ ഇയ്യാളുടെ തലയ്ക്കു സാരമായ കുഴപ്പം പററിയിട്ടുണ്ടെന്നു ഞാൻ ബലമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു."

# സയാമിലെ 'ലച്ചൂസ്' വനചരർ.

(ആറന്മുള, എസ്. രാഘവൻപിള്ള.)

സയാം എന്ന ബൌദ്ധരാജ്യത്തു് അനവധികാലം മിഷ്യനറിവേലയിൽ കഴിഞ്ഞുകൂടിയ ദേഹവും ഒരു ആസ്ത്രേലിയൻ യൂറോപ്യനുമായ മി. സ്മിത്തുഫൗഗ് എന്ന ദേഹം, സയാംരാജ്യത്തുള്ള വനവിഭാഗങ്ങളിൽ താമസിച്ചുവരുന്ന "ലച്ചൂസ്" എന്ന മനുഷ്യനാമധാരികളെപ്പററി ഇപ്രകാരം പറയുന്നു.

.........ഈ വർഗ്ഗക്കാർ കൂട്ടംകൂട്ടമായി മനുഷ്യർക്ക് അപ്രാപ്യവും, ഏററവും ഭയപ്രദവുമായ വനവിഭാഗങ്ങളിൽ താമസിച്ചുവരുന്നു. കാഴ്ചയിൽ ഒരുതരം മഞ്ഞനിറംകലർന്നവരും കരുവാളിച്ച ദേഹപ്രകൃതിയോടുകൂടിയവരുമായ ഇവർ വിരൂപന്മാരും, കേവലം അപരിഷ്കൃതരും ആകുന്നു. ഒരു വക ദുഷിച്ച സയാംഭാഷയാണു് ഇവർസംസാരിച്ചുവരുന്നതു്. ഇവർ കാട്ടുപുല്ലുകൾ പിഴുതെടുത്തു അതുകൊണ്ടുണ്ടാക്കിയ ഒരുതരം കൂടുകളിൽ വസിച്ചുവരുന്നു. ഒരു വീട്ടിൽ ഒരു സ്ത്രീയും പുരുഷനും ഒന്നിച്ചു താമസിക്കുന്നു. ഇവരുടെ വീടുകൾ മിക്കവാറും അടുത്തും, മരങ്ങളുടെ ചുവടുകളിലും ആണു സ്ഥാപിതമായിരിക്കുന്നതു്. അടുത്തുള്ള മരങ്ങളിൽ കയറുന്നതിനു അതിൽ'കുത'കൾ വെട്ടിയിരിക്കും ഇവരുടെ ഭക്ഷണരീതി പ്രത്യേകതരത്തിലാണു. സകല മൃഗങ്ങളുടെ മാംസവും ഇവർ ഉപയോഗിക്കും. സർപ്പമാംസം ഇവർക്കു എത്രയും പ്രിയപ്പെട്ടതും അതിന്റെ മാംസം അവരുടെ ദേവന്റെ പൂജാസാധനവുമാണു്. മാംസം ചുട്ടുതിന്നുന്നു ഉറവവെള്ളം കുടിക്കുന്നു പുരുഷന്മാരും സ്ത്രീകളും ഒന്നിച്ചു സഞ്ചരിക്കാറില്ല പുരുഷന്മാർ ഒരു കൂട്ടമായി സഞ്ചരിക്കുന്നെങ്കിൽ സ്ത്രീകൾ ഒരു വെററുചേർന്നു നടക്കുന്നു. വിവാഹരീതി വളരെ അത്ഭുതമാണു്. ഒരു പുരുഷനു ഏഴുവയസ്സുള്ളപ്പോൾ പത്തുവയസ്സുള്ള സ്ത്രീയെപരിണയിക്കുന്നു. പുരുഷന്മാരെ രക്ഷിക്കേണ്ട ചുമതല സ്ത്രീകൾക്കാണു്. അതിനാണു പ്രായംകൂടിയ സ്ത്രീ ഭാര്യയായിരിക്കണമെന്നു അവരുടെ "സാമൂഹ്യനിബന്ധന" നിർബന്ധിക്കുന്നതു്. ഒരു മലയിൽ താമസിക്കുന്ന കൂട്ടർ (പുരുഷന്മാർ) ആ മലയിലുള്ള "പെൺകുട്ടി"കളെ കല്യാണം കഴിക്കയില്ല. അടുത്ത മലയിലുള്ള പെൺകുട്ടികൾ അവർക്കു വിധിക്കപ്പെട്ടിരിക്കുന്നു. വിവാഹം ബഹുവിചിത്രതരമായ ചടങ്ങുകളോടുകൂടി നടത്തുന്നു. ആണിന്റെയും പെണ്ണിന്റെയും മലയിലുള്ള സകല ആളുകളും വിവാഹത്തിനു കൂടുന്നു. മാംസം ചുട്ടതും, പഴങ്ങളും, കിഴങ്ങുകളും "സദ്യയ്ക്കു" വിളമ്പുന്നു. ജലം, എവരുംകൂടിച്ചെന്നു പൊയ്കയിൽനിന്നോ ഊററിൽനിന്നോ കുടിക്കുന്നു. വധൂപിതാവുവേണം വിഭവങ്ങൾ വിളമ്പുവാൻ. അയാൾക്കു ക്ഷീണമൊമറേറാ ഉണ്ടാകുന്ന അവസരങ്ങളിൽ അയാളുടെ "കുടുംബ"ത്തിലുള്ളവർക്കും വിളമ്പാം. ഇവർ മൃഗചർമ്മം കൊണ്ടു നഗ്നത മറയ്ക്കുന്നു. സ്ത്രീകൾ ഒരു മൃഗവാറുകൊണ്ടു മാറുകെട്ടിവരിഞ്ഞു സൂക്ഷിക്കുന്നു. സ്തനം അന്യർ കാണുന്നതു കുറച്ചിലായി കരുതത്തക്ക ഒരു പരിഷ്കാരം അവർക്കുണ്ടു്. വിവാഹം കഴിഞ്ഞാൽ—ഒരു കുന്തമാണു വധു, വരനു സമ്മാനിക്കുന്നതു്. ഉടൻതന്നെ പെണ്ണിനെ വരമന്ദിരത്തിലേക്കു കൊണ്ടുപോകുന്നു. അവൾ വരഗൃഹത്തിലെത്തിയാലുടനെ ഗൃഹത്തിനു നാലുചുവട്ടം വലംവച്ചു ഭർത്തൃമാതാപിതാക്കന്മാരുടെ കാൽകഴുകിയ വെള്ളംകുടിക്കുന്നു. "എന്നും നിങ്ങളെ ശുശ്രൂഷിച്ചുകൊള്ളാം" എന്നു സത്യവുംചെയ്യുന്നു. മാതാപിതാക്കന്മാരെ ഭക്തിയോടു പൂജിക്കുന്നതിൽ ലച്ചൂസ്‌വർഗ്ഗക്കാർ തല്പരരാണു്. ഏകദേശം ആറുമാസക്കാലത്തോളം ഭാര്യയെ ഭർത്താവിനു ഉപയോഗിക്കാൻപാടില്ല. മാതാപിതാക്കന്മാരെ മാത്രം പരിരക്ഷിച്ചു അവരുടെ ഇഷ്ടാനുസരണം നടക്കുകയാണു് അവൾ ചെയ്യേണ്ടതു്. ഏതൊരു പുരുഷനും പത്തുവയസ്സിനുമുമ്പുതന്നെ വിവാഹിതനായിരിക്കും. പളുങ്കുമാലകൾ ചില കാട്ടുമൃഗനഖങ്ങൾ മുതലായ ആഭരണങ്ങൾ സ്ത്രീകൾ നിത്യവും ധരിക്കുന്നു. പരിഷ്കാരമുള്ള ഗ്രാമീണരെക്കാണുന്നതിൽ ഇവർക്കു സന്തോഷമാണുള്ളതു്. കാട്ടിൽ ചെല്ലുന്നവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ ഈ വനചരർ തയാറാണു്. പക്ഷേ അവരുടെ ഗൃഹിണിമാരോടുമാത്രം നാട്ടുകാർ ശബ്ദിക്കരുതെന്നു നിർബ്ബന്ധമുണ്ടു്.

ഇവർക്കു ആണ്ടിൽ ഒരു ഉത്സവാഘോഷം ഉണ്ടു്. അതു ഈ കാടരുടെ ദേവനായ "മിലിയ" എന്ന ദൈവത്തിന്റെ പുറന്നാളാണു്. ഓരോ മലയിലും ഓരോ ദൈവം വീതം ഉണ്ടായിരിക്കും അന്നു വലിയ സദ്യയും ചില ആട്ടവും തുള്ളലുകളും നടക്കുന്നതുകൂടാതെ ഒരു കാട്ടുപോത്തിനെ ദേവനു ബലികൊടുക്കുകയുംചെയ്യുന്നു. ദേവനെ പ്രതിഷ്ഠിച്ചിരിക്കുന്നതു് ഗുഹകളിലായിരിക്കും. ആണ്ടുതോറും ഉത്സവത്തിനുതലേന്നാൾ മണ്ണുകൊണ്ടു ദേവനെ "മെനഞ്ഞു" ഗുഹയിലിരുത്തുന്നു. ദേവനു നിവേദിക്കുന്നതു അധികവും സർപ്പമാംസമാണു്. അതു പച്ചയായിരിക്കും.

ഇവരിൽ ചിലരെ ക്രിസ്തുമാർഗ്ഗം സ്വീകരിപ്പിച്ചതിനെപ്പററി ആ മിഷ്യനറി ഇങ്ങനെ പറയുന്നു.

ഞാൻ ഇവരുടെ വാസസ്ഥാനത്തു് എത്തിച്ചേർന്നപ്പോൾ കാണപ്പെട്ട ചിലർ മറഞ്ഞുകളഞ്ഞു. ഒരു ആൾ എന്റെ സമീപംഎത്തി ഞാൻ ചെന്നതു എന്തിനെന്നു കൈകാട്ടി ആംഗ്യസംഭാഷണംചെയ്തു. എന്റെ സ്നേഹസംഭാവിതഭാവം കണ്ടു് അവൻ ഏററവും അടുത്തുവന്നു് ഇരുന്നു് ഞാൻ ചില മധുരസാധനങ്ങൾ അവനു കൊടുത്തതിനെ അവൻ കയ്യിൽവച്ചു തിരിച്ചും മറിച്ചും നോക്കിയിരിക്കുന്നതു കണ്ടു ഉടനെ അതിൽ ചിലതു ഞാൻ വായിലിട്ടുതിന്നു. അവനോടും തിന്നുവാൻ ആംഗ്യംകാട്ടി. അവൻ എന്തൊ ഉറച്ചുശബ്ദിച്ചശേഷം അതു ചവച്ചിറക്കി. അതിന്റെ രുചി അവനത്രപിടിച്ചില്ലെന്നു അവന്റെ മുഖഭാവം എന്നെ ധരിപ്പിച്ചു. ശബ്ദംകേട്ടപ്പോൾ പത്തുമുപ്പതുപേർ അവിടെയെത്തി അവന്റെ പുറകിലായി ഇരുന്നു. അവൻ അവരോടായി എന്നെ ചൂണ്ടിക്കൊണ്ടു എന്താണ്ടൊക്കെ സംസാരിച്ചു. അവരും ചിരിച്ചു. ഞാൻ എന്റെ കയ്യിലുണ്ടായിരുന്ന മധുരപദാർത്ഥങ്ങൾ അവർക്കൊക്കെ അല്പാല്പം കൊടുത്തു. ആദ്യം എന്നെ അഭിമുഖീകരിച്ചവന്റെ മുഖത്തുനോക്കി സമ്മതം വാങ്ങിയശേഷം അവരെല്ലാവരും ആ പദാർത്ഥങ്ങളെ തിന്നശേഷം മുഖം ചുളിച്ചുകാട്ടി. ഞാൻ എന്റെ ആല്യസന്ദർശകനെ കൈകാട്ടിവിളിച്ചുകൊണ്ടു ഒരു ഉയന്ന പാറപ്പുറത്തുകയറിയപ്പോൾ മററുള്ളവരും ഞങ്ങളെ അനുഗമിച്ചു. ഞാൻ ആ പാറപ്പുറത്തുകേറിമുട്ടുകുത്തി ദൈവത്തെ പ്രാർത്ഥിച്ചപ്പോൾ, എന്തുദ്ദേശത്തിന്മേലോ അവരും സന്തോഷസമേതം അപ്രകാരം പ്രവർത്തിച്ചു. അന്നു നാലുമണിയോടുകൂടി ഞാൻ അവരുടെ ദേവനെ സന്ദർശിച്ചു മുട്ടുകുത്തിവന്ദിച്ചപ്പോൾ അവർ ഏവരും അത്ഭുതപ്പെട്ടുകൊണ്ടു എന്റെ ചുററുംകൂടി. എനിക്കവർ ശേഷപ്പെട്ട ചില ഫലങ്ങൾ, അവർ തിന്നുന്നതിനായി സമ്മാനിച്ചു. ഞാൻ ചിലതു ഭക്ഷിച്ചശേഷം ശേഷമുള്ളവയെ എന്റെ സഞ്ചിയിൽ നിക്ഷേപിച്ചു. അഞ്ചുമണിയോടുകൂടി ഞാൻ തിരിച്ചുപോരാൻഭാവിച്ചപ്പോൾ അവരിൽ നാലഞ്ചുപേർ എന്നെഅനുഗമിച്ചു കാടിന്റെ മിക്കവാറും അതിർത്തിവരെ വന്നശേഷം തിരിച്ചുപോയി....

മിഷ്യനറി അവരിൽ അനേകശതംപേരെ മൂന്നുകൊല്ലത്തെ പ്രയത്നഫലമായി മാനസാന്തരപ്പെടുത്തി. അവർക്കു വിദ്യാദാനവുംചെയ്തു. ആ മാനസാന്തരക്കാർ ഇപ്പോൾ ബാങ്കോങ്കുപട്ടണത്തിൽ വേലചെയ്തു ഉപജീവിക്കുന്നു.

---


പൊയ്പ്പോയലോകം.

സർ. ആർതർ കോണൻഡോയിലിന്റെ

**THE LOST WORLD**

എന്ന നോവലിന്റെ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# കൗതുകാരംഗം.

## നിങ്ങൾക്കറിയാമോ?

പുളിമാത്തു് രാഘവൻനായർ.

### 1. പാശ്ചാത്യരുടെ വിവാഹമുറകൾ.

പാശ്ചാത്യരുടെയിടയിൽ മുറ അറിയാതെ അടുത്തബന്ധുക്കളെപ്പോലും വിവാഹം കഴിച്ചുവന്ന ഒരു പതിവുണ്ടായിരുന്നു. ഇങ്ങനെ മുറതെററിയുള്ള വിവാഹം നിയന്ത്രിച്ചുകൊണ്ടുള്ള നിയമശാസനത്തിൽ അടിയിൽ കുറിക്കുന്നവരുടെ വിവാഹം നിഷേധിച്ചിരിക്കുന്നു.

ഒരു പുരുഷൻ 'തൻെറ മാതാമഹി പിതാമഹൻെറഭാൎയ്യ, ഭാൎയ്യയുടെ അമ്മുമ്മ, അമ്മാവി, ചിററമ്മ, ചിററപ്പൻെറഭാൎയ്യ, അമ്മാവൻെറഭാൎയ്യ ഇളയമ്മ, അമ്മാവിയുടെ അനിയത്തി അമ്മായിയുടെതള്ള, ഭാൎയ്യയുടെ തള്ള, പുത്രിമാർ, മകൻെറഭാൎയ്യ, മകൻെറമകൾ, മകളുടെപുത്രി' ഇളയസഹോദരിയും മൂത്തസഹോദരിയും, പൗത്രൻെറ ഭാൎയ്യ, മകളുടെ മകൻെറഭാൎയ്യ, ഭാൎയ്യയുടെ പുത്രൻെറയോ പുത്രിയുടെയോ പുത്രിമാർ, സഹോദരപുത്രിമാർ, സഹോദരീപുത്രിമാർ ജ്യേഷ്ഠൻെറമകൻെറഭാൎയ്യ, സഹോദരീപുത്രഭാൎയ്യ, ഭാൎയ്യാസഹോദരപുത്രി, ഭാൎയ്യാസഹോദരീപുത്രി— ഇത്രയുംബന്ധുക്കളെ വിവാഹം ചെയ്തുകൂടാത്തതാകുന്നു.

ഇതുപോലെ സ്ത്രീയ്ക്കും, അപ്പൂപ്പൻ, അമ്മൂമ്മയുടെഭൎത്താവു്, ഭൎത്താവിൻെറ പിതാമഹൻ, പിതൃസഹോദരൻ, മാതൃസഹോദരൻ, ചിററമ്മപേരമ്മമാരുടെ ഭൎത്താക്കൾ, ഭൎത്തൃസഹോദരൻ, മാതൃഭൎത്താവു്, ഭൎത്തൃപിതാവു്, ഭർത്തൃപുത്രർ, പുത്രർ, ജാമാതാവു സഹോദരീഭൎത്താക്കൾ, പിതൃസഹോദരപുത്രിമാരുടെ പുത്രർ, പുത്രഭാൎയ്യാപുത്രർ, പൗത്രീഭൎത്താ, സഹോദരപുത്രൻ, സഹോദരീപുത്രൻ, സഹോദരസഹോദരീപുത്രഭൎത്താക്കൾ, ഭൎത്തൃസഹോദരപുത്രൻ, ഇവരുമായുള്ള ബാന്ധവവും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ ഘട്ടത്തിൽ പാശ്ചാത്യനാട്ടുകളിൽ ആണിനും പെണ്ണിനും, വിവാഹവുംവിവാഹമോചനവും, സ്വേച്ഛപോലെ എത്ര വേണമെങ്കിലുമാകാമെന്നുള്ളകാൎയ്യവും വായനക്കാർ സ്മരിക്കുമല്ലോ.

പരിഷ്കാരകേന്ദ്രങ്ങളെന്നു മിസ് മേയോപ്രഭൃതികൾ കാണിക്കുന്ന മേൽനാട്ടിലെ 'കല്യാണമുറ' ഈവിധം 'പെററതള്ള കൂടിപ്പിറവിബന്ധംമറന്നാണു നടന്നുവന്നതെന്നറിയുമ്പോൾ അത്തരം നാഗരീകതയ്ക്കു നാം ബന്ധനമസ്കാരം പറകയെ ഗതിയുള്ളല്ലോ.

* * *

### 2. "പശുവും, ശിശുവും, പാമ്പും പാട്ടിൻഗുണമറിഞ്ഞിടും."

പശുക്കളെ തട്ടിയും തടവിയും ചൊറിഞ്ഞുംമററുമാണല്ലോ നാം സാധാരണ പാൽ കറന്നെടുക്കുന്നതു്. എന്നാൽ അമേരിക്കയിലെ പശുപാലകർ അവരുടെതൊഴുത്തുകളിൽ 'റേഡിയോയന്ത്രം' സ്ഥാപിച്ചു് അവമൂലം സംഗീതം കേൾപ്പിച്ചു പശുക്കളെ കറന്നുതുടങ്ങിയിരിക്കുന്നുവത്രെ. പാട്ടു കേട്ടാൽ പശു സ്വസ്ഥമായിനിന്നു ധാരാളം പാൽ കൊടുക്കുമെന്നത്രെ അവരുടെ അനുഭവം.

* * *

### 3 നഖംകണ്ടാൽ ആരോഗ്യമറിയാം.

ഡോക്കടർ താർമൻപോപ്പിയസു എന്ന പാശ്ചാത്യഭിഷക്ക്വരൻ പറയുന്നതു ഒരാളുടെ നഖംകൊണ്ടു അയാളുടെ സുഖസ്ഥിതി നിൎണ്ണയിക്കാമെന്നാണു്. അരോഗദൃഢഗാത്രനായ ഒരാളുടെ നഖം റോസാപ്പൂപോലിരിക്കുമത്രെ. അയാളുടെ നഖം മൃദുവായിരിക്കും 'പ്രകാശമാനമായിരിക്കയുമില്ല.' നീലവൎണ്ണമുള്ളനഖം ഹൃദയക്ഷോഭത്തെ സൂചിപ്പിക്കുന്നു. അതല്ലെങ്കിൽ രക്തപ്രവാഹത്തിനുള്ള തടസ്സത്തെ കാണിക്കുന്നു. ശുദ്ധവെള്ളനഖം ഒരാളുടെ ശരീരത്തിൽ രക്താംശമേഇല്ലെന്നു കാണിക്കുകയാണുപോൽ. മെലിഞ്ഞും മഞ്ഞളിച്ചുമുള്ളനഖങ്ങൾ 'തലക്കിലെപശയുടെ അംശത്തിൻെറ കുറവിനെസൂചിപ്പിക്കുന്നു എന്നിത്യാദി പലതുംകണ്ടുപിടിക്കാമെന്നത്രെ ഡോക്ടർപറയുന്നതു്

* * *

### 4. കണ്ണാടികാണിച്ചു റയിൽനിറുത്തും പോൽ.

നാം മുഖംനോക്കാനുപയോഗിക്കുന്ന കണ്ണാടികാണിച്ചു ഓടുന്നറയിൽവണ്ടി നിൎത്താമെന്നു ജർമ്മനിയിലെ ഒരു വിജ്ഞാനവിദഗ്ദ്ധൻ കണ്ടുപിടിച്ചിരിക്കുന്നു. റെയിൽ വേഗംകുറയ്ക്കാനും എഞ്ചിൻഡ്രൈവർക്കു കമ്പിയില്ലാക്കമ്പിസന്ദേശം അയപ്പാനുമുള്ള മാർഗ്ഗങ്ങളും ഇദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ടു പോൽ.

* * *

### 5. ഭാവിയിൽ മിനിട്ടിനെയല്ല, സെക്കൻെറിനേയായിരിക്കുംകണക്കാക്കുക.

പ്രഫസ്സർലോ, എന്ന പാശ്ചാത്യപണ്ഡിതർ, ഭാവിയിലെ മനുഷ്യജീവിതത്തെപ്പററി എന്താണു പറയുന്നതു്? വിജ്ഞാനവൎദ്ധനയനുസരിച്ചു് മനുഷ്യൻെറ ബുദ്ധിശക്തിയും ഒന്നിനൊന്നു വികസിച്ചുകൊണ്ടു തന്നെവരും. കാലാന്തരത്തിൽ മനുഷ്യൻ മിനിട്ടിനെ വിലവയ്ക്കുന്നതിനുപകരം സെക്കൻെറിനെ പരിഗണിക്കേണ്ടതായി വന്നു കൂടും-'പത്തടിച്ചു രണ്ടുസെക്കൻെറിനു്', കാണാം. എന്നായിരിക്കും ഭാവിമനുഷ്യൻെറ സമയഗണന. ഇന്നത്തെ മഹാവിജ്ഞാനവിദഗ്ദ്ധരെയെല്ലാം അന്നു മഹാമൂഢരായി ഗണിച്ചു പരിഹസിക്കും ഭാവിമനുഷ്യനു ശരീരശക്തി കുറഞ്ഞും ബുദ്ധിശക്തികൂടിയുമിരിക്കും. തലമുടിക്കുറവു്, കാഴ്ചക്കുറവു്, ഇവയെല്ലാം ഇതിൻെറ സൂചനകളാണു്. ഭാവിയിൽമനുഷ്യനെ നയിക്കുന്നതെല്ലാംയന്ത്രങ്ങളായിരിക്കും. എന്നത്രേ 'ലോ'യുടെ അഭിപ്രായം.

* * *

### 6. തേളിൻെറ ജീവിതവൈചിത്ര്യം.

തേളുകളെ കണ്ടിട്ടില്ലാത്തവർ കുറയും. എന്നാൽ അവയുടെ ജനനം വളർച്ച മുതലായവയുടെ ചരിത്രം അറിയാവുന്നവർ ചുരുക്കമായിരിക്കുമെല്ലോ. തേൾജാതിയിൽ ആണു പെണ്ണിനെ തേടുകയല്ല നേരേമറിച്ചാണു പതിവു്. പെൺതേൾ ആൺതേളിനെ ചെന്നുകണ്ടു കൊമ്പുകുത്തി നെടുനേരം നില്ക്കും ഉടനെ ആൺതേളും അതനുസരിച്ചു കൊമ്പുനീട്ടും. താമസിയാതെ രണ്ടുംകൂടി മുൻകൈകൾചേൎത്തു നൃത്താടിത്തുടങ്ങും. ഈ നൃത്തംപട്ടം ഒന്നിനൊന്നുമാറി മൂന്നുനാൾവരെ നിലനിൽക്കും. പെട്ടന്നു, വിരക്തയായിത്തീരുന്ന പെൺതേൾ തൻെറ മുൻകയ്യിലുള്ള കൊമ്പു് കണവൻെറ കഴുത്തിൽ ബലമായിറുക്കി അതിനെ കൊല്ലും. അങ്ങനെ അവരുടെ ദാമ്പത്യം ഭൎത്തൃഹത്യയിൽ അവസാനിക്കുന്നു അനന്തരം ഗർഭിണിയായിത്തീരുന്ന പെൺതേൾ പ്രസവകാലംവരെ എവിടെയെങ്കിലും രഹസ്യമായി കഴിഞ്ഞുകൂടുന്നു. ഒരു തേൾ 50 ൽകുറഞ്ഞു കുഞ്ഞുങ്ങളെ പ്രസവിക്കാറില്ല ഈ കുഞ്ഞുങ്ങളും തള്ളയെകൊന്നു അതിൻെറ മൃതകപിളൎന്നാണത്രെ പുറത്തുവരിക. ഇങ്ങനെ പിറവിയിലെ തള്ളയും തന്തയും ഇല്ലാതെ താന്തോന്നികളായികഴിയുന്ന തേളുകളാണു കാണുന്നവരെയെല്ലാം കുത്തി അങ്ങിനെ അവരുടെ ചവിട്ടും അടിയും ഏററുചാകുന്നതു്. നോക്കുക പ്രകൃതിമാഹാത്മ്യം!

* * *

### 7. പത്രത്തിൽ പരസ്യം ചെയ്താലുള്ളഫലം.

പത്രങ്ങളിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിൽ വിശ്വാസമില്ലാത്ത കൂട്ടരാണു മലയാളികൾ. പത്രത്തിൽ കാണുന്നതൊക്കെ കള്ളമെന്നുപറയാൻ മടിയില്ലാത്തവർ പഠിച്ചവരുടെയിടയിലും പിടിപ്പതുള്ളപ്പോൾ ഇതിൽ പഴിപറയാനില്ലല്ലോ. എങ്കിലും, പ്രസിദ്ധപ്പെട്ട ഒരു വണിക്സംഘമായ യൂറോപ്പിലെ ലയൺ ആൻറുകോ — തലവൻ പരസ്യത്തെപ്പററി പറഞ്ഞിരിക്കുന്ന ഭാഗം ശ്രദ്ധേയമാണു്. ആദ്യം രണ്ടു പെൻസുവിലയ്ക്കുള്ള ചായപ്പൊടി പാക്കററു് വാങ്ങി ചില്ലറക്കച്ചവടം തുടങ്ങിയ ഞങ്ങളുടെ കമ്പനി ഇന്നു് 85-ലക്ഷം പവനിലധികം മൂലധനമുള്ള ഒരു വമ്പിച്ച കമ്പനിയാകാനുള്ള മുഖ്യകാരണം, വൃത്താന്തപത്രവിജ്ഞാപനമാണു്. ആദ്യമാദ്യം പരസ്യംകൊണ്ടു ആശിക്കുന്ന ഫലം കിട്ടിയില്ലെന്നു വന്നേക്കാമെങ്കിലും 'മുടങ്ങാതെയുള്ള പരസ്യംമൂലം വ്യാപാരവൎദ്ധനയും അമിതലാഭവും തീൎച്ചയായും ഉണ്ടാകു'മെന്നത്രേ ഇദ്ദേഹം പറയുന്നതു്. പരസ്യമിടുന്നതു ആക്ഷേപമാണെന്നുകൂടി കരുതുന്ന നമ്മുടെ നാട്ടുകാർ എന്തുപറയുമോ?

* * *

### 8. അതുമൊരു മാമൂൽ.

ആഫ്രിക്കായിലെ ഗിരിനിവാസികളിൽ ചിലർ അവരുടെ പെൺകുട്ടികൾ ഋതുമതികളായാൽ കഴുത്തോളം കുഴികുഴിച്ചു അവരെ അതിലാക്കി കഴുത്തളവു് മണ്ണിട്ടു് പത്തുദിവസം സൂക്ഷിക്കുക പതിവാണുപോൽ. പുഷ്പിണികളിൽ ആദിത്യപ്രകാശമേൽക്കുന്നതു പാപമെന്നാണത്രെ അവരുടെ ധാരണ. ഇതുപോലെ മരക്കൊമ്പുകളിൽ ഏറുമാടങ്ങൾകെട്ടി മൂന്നാഴ്ചവരെ രജസ്വലകളെ അതിൽ സൂക്ഷിക്കുന്ന കൂട്ടരുംഅവിടെയുണ്ടു പോൽ. നമ്മുടെ മലയരയന്മാർ, കാണിക്കാർ, തുടങ്ങിയവരിലും, ഈവക ചില മാമൂലുകൾ കാണുന്നുണ്ടത്രെ.

# ചാണക്യാസ്തമനം.

ഡി. ശങ്കരയ്യർ ബി. എ. ബി. എൽ

(തുടർച്ച്)

[ചാണക്യൻ കതകുതുറന്നു് അകത്തു പ്രവേശിച്ചിട്ടു കതകുകൾ ബന്ധിക്കുന്നു. തിരിഞ്ഞുനിന്നു ഇരുവരെയും നോക്കിക്കൊണ്ടു കുറേനേരം നില്ക്കുന്നു അവർ അന്യോന്യം മാറുന്നു. നിശ്ശബ്ദം.]

ചാണക്യൻ ഞാൻ ചക്രവർത്തിയെക്കണ്ടു സംസാരിച്ചു.

ബിന്ദു—അദ്ദേഹത്തിന്റെ നിശ്ചയത്തിനു ഭേദമില്ലേ

ചാണക്യ—ആ ഒരു ഗുണംമാത്രം അദ്ദേഹത്തിൽ ശേഷിച്ചിട്ടുണ്ടു്.

ബിന്ദു – അദ്ദേഹം രാജ്യഭരണം ഉപേക്ഷിക്കുന്നു.

[ചാണകൻ ഇന്ദുലേഖയെ അതി ക്രൂരമായി വീക്ഷിക്കുന്നു. അവൾ മുറിവിട്ടുപോവാനായി കതകിന്റെ അടുത്തു വരുന്നു ]

ചാണക്യ—അതേ. ഉപേക്ഷിക്കയാണു്.

ബിന്ദു—ഇന്ദു! ധൃതിവെയ്ക്കരുതു്. നിനക്കു നിൽക്കാം. നിന്നെ അറിയിക്കുവാൻ നിവൃത്തിയില്ലാത്ത യാതൊരു രഹസ്യവും ഞങ്ങൾക്കില്ല. പ്രിയെ! നിനക്കെന്താണു പരിഭ്രമം. വിഷ്ണുഗുപ്താ! നമ്മുടെ ആചാര്യർ വന്നുകഴിഞ്ഞോ.

ചാണക്യ—എനിക്കു അവരെപ്പററി അന്വേഷണമില്ല. അവരും അവരുടെ വാക്കുപോലെതന്നെ അർത്ഥരഹിതമായ സൃഷ്ടികളാണു്. ഞാൻ ഒരു തത്വജ്ഞനാണു്. ഞാൻതന്നെ ഒരു തത്വമാണു്. എനിക്കു അവയെപ്പററിമാത്രമേ അന്വേഷണമുള്ളു.

ബിന്ദു വിഷ്ണുഗുപ്താ! ഇരിക്കരുതെ. ഇന്ദു! എന്റെ സമീപത്തു വന്നിരിക്കൂ. നമ്മുടെ അനുരാഗം ഒരു തത്വം. തത്വജ്ഞനായ വിഷ്ണുഗുപ്തനിൽനിന്നും നാം അതെന്തിൻ മറയ്ക്കുന്നു.

(എല്ലാവരും താഴെ ഇരിക്കുന്നു )

ചാണക്യ—രാജകുമാരാ! ഭവാന്റെ അച്ഛൻ രാജ ഭാരം വെടിയുന്നു. അദ്ദേഹത്തിനു അതിൽ പ്രിയമില്ലപോലും. നിർവ്വാണമെന്നും ജ്ഞാനമെന്നും പുലമ്പുന്ന ഒരു ഭ്രാന്തനാണു് അദ്ദേഹത്തിന്റെ ഗുരു. അവർ എവിടെയോ പോവാൻ ഒരുങ്ങുന്നു എന്നാണു ഞാൻ അറിഞ്ഞതു്.

ബിന്ദു – അതേ. ഇന്നലെ രാത്രി ഞങ്ങൾ വളരെനേരം സംസാരിച്ചുകൊണ്ടിരുന്നു. ഈ സാമ്രാജ്യത്തിന്റെ രൂപീകരണത്തിൽ അദ്ദേഹം അനുഭവിച്ച കഷ്ടതകളെപ്പററി അദ്ദേഹം എന്നോടു സവിസ്തരം പറഞ്ഞു. നിങ്ങളെപ്പററിയും നിങ്ങളുടെ മനഃശക്തിയെപ്പററിയും വളരെ പറയുകയുണ്ടായി. എന്നെ നിങ്ങളുടെപക്കൽ ഏല്പിക്കുമെന്നും നിങ്ങളെ എന്റെ പക്കൽ ഏല്പിക്കുമെന്നും അദ്ദേഹം ഒടുവിൽ പ്രസ്താവിച്ചു.

ചാണക്യ—എന്നെ നിങ്ങളുടെപക്കൽ ഏല്പിക്കയൊ? ശുദ്ധഹൃദയൻ! രാജ്യം ഉപേക്ഷിച്ചു മനോധൈര്യമില്ലാതെ വല്ലതും പറഞ്ഞു നാടുവിട്ടുപോകുന്ന ഒരു പിതാവിനു പലതും സ്വപ്നംകണ്ടിരിക്കുന്ന പുത്രനു നൾകുവാനുള്ള ഒരു കളിപ്പാട്ടമോ ഞാൻ. ശ്രദ്ധിക്കുക. ഞാൻ അദ്ദേഹത്തിനോടു പറഞ്ഞതു നിങ്ങളോടും പറയാം. ഞാൻ ഒരു കൂലിവേലക്കാരനല്ല. ആവുന്നകാലം മുഴുവൻ ശമ്പളംവാങ്ങി വേലചെയ്യാനും പിന്നീടു ഉത്തരവനുസരിച്ചു അടുത്തൂൺവാങ്ങിക്കൊണ്ടുപോവാനുമുള്ളവനല്ല ഞാൻ. എന്നെക്കൊണ്ടു എന്റെ ശക്തി മുഴുവൻ ഉപയോഗിച്ചു വേലവാങ്ങി പിന്നീടു തെരുവിൽ ഇറക്കി ഓടിക്കുവാൻ ആർക്കുംസാധിക്കയില്ല. ഞാൻമരിച്ചാൽ എന്റെ ഈ ദേഹം നശിക്കും—പോകട്ടെ ഞാൻ ഒരു തത്വമാണെന്നു പറഞ്ഞില്ലേ. അതിനു നാശമില്ലതന്നെ. മനോവികാരങ്ങൾക്കു വശംവദനായി ജീവിക്കുന്നവനല്ല ചാണക്യൻ ഈ സാമ്രാജ്യത്തിന്റെ അധിഷ്ഠാനശക്തിയാണു ഞാൻ എന്നു നിങ്ങൾ ഇതേവരെ അറിയാത്തതുതന്നെ കഷ്ടം ഞാനല്ലേ ജനസാമാന്യത്തേയും ഈരാജ്യത്തേയും ചക്രവർത്തിയേയും ഒരേ യന്ത്രത്തിൽഭാവികാലത്തേക്കുനയിച്ചുകൊണ്ടിരിക്കുന്നതു് ഇതും നിങ്ങൾ അറിഞ്ഞിട്ടില്ലെന്നുവരുമോ? എന്റെ പ്രവൃത്തിക്കു പ്രതിഫലമില്ലാ; ആരും അതിനു നന്ദിപറയുകയുംവേണ്ടാ. ഈ രാഷ്ട്രത്തിന്റെ ജീവനാണു ഞാൻ. എന്റെ സൃഷ്ടിയായ ഈ രാഷ്ട്രത്തിനു പുറമേ യാതൊന്നും എനിക്കില്ല. ചാണക്യനാണു ഞാനും ഈ രാജ്യവും രാജ്യശക്തിയും രാജാവും. ജനാവലിക്കു എന്റെ നയങ്ങളിൽ തൃപ്തിയില്ലാതായി അവർ എന്നിൽനിന്നും രക്ഷനേടുവാൻ ആഗ്രഹിക്കുന്നു. എന്നെ ഭയപ്പെടുന്നു. അതിനെന്തു്? ഞാൻ അതു ഗണിക്കുമോ. ഞാൻ അതിനു കീഴടങ്ങുമോ?ഒരു രാജാവിനു എന്നെ അന്യനു കൊടുപ്പാനോ ഉപേക്ഷിപ്പാനോ സാദ്ധ്യമല്ല. രാജാവു എന്നെ ഉപേക്ഷിച്ചാൽ പിന്നീടു അയാൾ രാജാവല്ലെന്നു അയാൾക്കു തനിയേ മനസ്സിലാകും.

(ഇന്ദുലേഖ ഈ സംഭാഷണത്തിൽ ഭയകാതരയായിത്തീരുന്നു. അവൾ ആ മുറിയിൽനിന്നു പോകുന്നു.)

ചാണ – ഞാനും നിങ്ങളുടെ അച്ഛനും കൂടി ഈ സാമ്രാജ്യം പ്രതിഷ്ഠിച്ചു. എന്റെ സംസാരത്തിൽ മര്യാദയില്ലെന്നുകണ്ടു നിങ്ങൾ നെററിചുളിക്കുന്നതെന്തിനു്? ഒരുവനെ കീഴടക്കുകയോ വശീകരിക്കുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ ഞാൻ മര്യാദയായി സംസാരിക്കുമെന്നല്ലാതെ യാതൊരു പ്രപഞ്ചശക്തിയോടും വണങ്ങിനിൽക്കേണ്ട ആവശ്യം അറിഞ്ഞിട്ടില്ലാത്ത ഞാൻ മര്യാദ കാണിക്കാറില്ല മനസ്സിലാകുന്നുവോ ചാണക്യനേ. ഒരിഞ്ച് സ്ഥലം സ്വന്തമായി ഇല്ലാതിരുന്ന ഒരു യുവാവായിരുന്നു ചന്ദ്രഗുപ്തൻ. അന്നാണു ആദ്യമായി അദ്ദേഹത്തെ ഞാൻ കണ്ടതു്. ഈ സാമ്രാജ്യം അന്നുതന്നെ എന്റെ ബുദ്ധിയിൽ രൂപീകൃതമായിക്കഴിഞ്ഞിരുന്നു ചന്ദ്രഗുപ്തൻ ശക്തിമാനും ധൈര്യശാലിയും സത്യവാനും അത്യുന്നതിയിൽ ആകാംക്ഷയുള്ള ഒരു ബുദ്ധിമാനുമായിരുന്നു. എന്റെ ആദർശത്തിനൊത്ത ഒരു ഭരണമേധാവിക്കു വേണ്ട സകല ഗുണങ്ങളും ഞാൻ അദ്ദേഹത്തിൽ കണ്ടു. നിഷ്പ്രയാസം ജനാവലിയെ സ്വാധീനപ്പെടുത്തി അവരുടെ ആരാധനാപാത്രമായിത്തീരുവാൻതക്ക ഒരു യോഗ്യതയാണു ചന്ദ്രഗുപ്തനുണ്ടായിരുന്നതു. ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി ഞങ്ങൾക്കു ഈ സാമ്രാജ്യം സ്ഥാപിക്കുവാനും സാധിച്ചു. അദ്ദേഹത്തിനു മരിക്കുന്നതിനു മുൻപിൽ കുറേ വിശ്രമത്തിന്റെ ആവശ്യമുണ്ടെന്നാണു ഇപ്പോഴത്തെ അഭിപ്രായം. വിശ്രമത്തിനു കാലമായിട്ടില്ലെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകഴിഞ്ഞു. ഒരു സാമ്രാജ്യസ്ഥാപനത്തിനായുള്ള അസ്ഥിവാരം ഞങ്ങൾ ബലമാക്കീട്ടുണ്ടു്. എന്നാൽ ഇനി കുറേക്കൂടി കാര്യങ്ങൾ ആവശ്യമുണ്ടു്. ചക്രവർത്തി പറയുകയാണു് അദ്ദേഹത്തിനു വിശ്രമം ആവശ്യമാണെന്നും ഞാൻ നിങ്ങളുടെകൂടെ ഇരുന്നു ജോലി പൂർത്തിയാക്കിക്കൊള്ളണമെന്നും. നിങ്ങൾക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ ഇരിക്കാം. എന്റെ ജോലി തുടരാം.

ബിന്ദു – എനിക്കു അതു് അളവററ സന്തോഷത്തിനു കാരണമാണു്. ഞാൻ പരിപൂർണ്ണമായി സമ്മതിക്കുന്നു.

ചാണ സമ്മതിക്കുന്നതു് എന്തിനു് എന്നു പറയുമോ.

ബിന്ദു — നിങ്ങൾ രാജധാനിയിൽ ഇതേവരെ വർത്തിച്ചതുപോലെ ഞങ്ങളുടെ രാജവംശത്തിന്റെ പ്രധാന ജീവനായി ഇരുന്നു രാജാവിനെയും രാജ്യത്തെയും സംരക്ഷിച്ചു ഉത്തമസ്നേഹിതനും പ്രധാന ഉപദേഷ്ടാവും ആയിരുന്നുകൊള്ളുവാൻ.

ചാണ — രാജകുമാരാ! അതുകൊണ്ടായില്ല. ഇനിയും ഉണ്ടു്.

ബിന്ദു — എന്തു്?

ചാണ—ഞങ്ങൾ ഒരുമിച്ചു വളർന്നു. എന്റെ സമ്പർക്കം അദ്ദേഹത്തിന്റെ ഹൃദയത്തിനു ഓരോ ഗുണങ്ങൾ വരുത്തിട്ടുണ്ടു്. അതുപോലെതന്നെ എനിക്കും വ്യത്യാസമുണ്ടായിട്ടുണ്ടു്. ഞങ്ങൾ ഇരുവരും ചേർന്നു പ്രവർത്തിച്ചപ്പോൾ രാഷ്ട്രത്തിനു ഒരു രൂപമുണ്ടായി. ഞങ്ങൾ ഒരാൾ മാത്രമാണെങ്കിൽ ഈ സാമ്രാജ്യം ഒരു കുറവുള്ളതായിരിപ്പാനേ തരമുള്ളു. അദ്ദേഹം മാറി നിങ്ങൾ സ്ഥാനത്തു വരുമ്പോൾ യുവാവും അപക്വബുദ്ധിയുമായ നിങ്ങൾ എന്റെ ആദർശങ്ങളോടു യോജിക്കുന്നതെങ്ങനെ? നിങ്ങളുടെ അച്ഛനിൽ ഓരോ വ്യത്യാസങ്ങൾ ചമച്ചതുപോലെ നിങ്ങളിലും ഓരോ പരിഷ്കാരങ്ങൾ എനിക്കു വരുത്തുവാനുണ്ടു്. യുവാവായ ബിന്ദുസാരന്റെ സ്ഥാനത്തു ഒരു യഥാർത്ഥ രാജാവിനെ ഞാൻ വരുത്തേണ്ടതുണ്ടു്. അതു സാധിക്കുന്നതുവരെ ചന്ദ്രഗു

പ്പനും ഞാനും ഒത്തൊരുമിച്ചു ചെയ്തിരുന്നവ ഞാൻതന്നെ ചെയ്യണം അതിനു നിങ്ങൾ സമ്മതിക്കുമോ.

ബിന്ദു—നിങ്ങൾ ആലങ്കാരികരീതിയിൽ പറയുന്നതു മുഴുവൻ എനിക്കു മനസ്സിലാകുന്നില്ല.

ചാണ—ഇല്ല. ഞാൻ അങ്ങനെ സംസാരിക്കുകയില്ല. വിശദമായി ഓരോ അംശവും പ്രത്യേകം പറയാം. ശ്രദ്ധിക്കുക. എന്റെ നിയോഗങ്ങൾ നിങ്ങൾ അനുഷ്ഠിക്കണം. ഇതേവരെ ശിഷ്യൻ എന്ന നിലയിൽ നിങ്ങൾ എന്നെ അനുസരിച്ചു. രാജ്യാവകാശി രാജാധികാരപ്രദാതാവിനെ ഇനി അനുസരിക്കണം. അതു ഗുരുശിഷ്യബന്ധംപോലെയല്ല. നിങ്ങളുടെ സുഖഭോഗതല്പരത, ഇപ്പോഴത്തെ സംസർഗ്ഗം, നിങ്ങളുടെ സൌഖ്യം, ഇവയും നിങ്ങൾ ഉപേക്ഷിക്കണം.

ബിന്ദു - എന്റെ സൌഖ്യങ്ങൾ ഉപേക്ഷിക്കണം. എനിക്ക് എന്നാണു സൌഖ്യമുണ്ടായിരുന്നതു്. ഈശ്വരാ! എനിക്കു എന്നാണു സൌഖ്യമുണ്ടായിരുന്നതു്. ബാല്യത്തിലേ നിങ്ങളും അച്ഛനും യുക്തിയും, പുരോഗമനമാർഗ്ഗങ്ങളും ഉപദേശിച്ചു എന്റെ ഹൃദയത്തിനു സൌഖ്യാന്വേഷണത്തിനുള്ള മാർഗ്ഗംതന്നെ ഇല്ലാതാക്കി. നിങ്ങൾ രണ്ടു പേരെയുമല്ലാതെ ബാല്യത്തിൽ ഞാൻ ആരെയും പരിചയിച്ചിട്ടില്ല. പുഷ്പങ്ങൾ ശേഖരിച്ചു ഞാൻ കളിച്ചിട്ടുണ്ടോ. സമവയസ്കരായ ബാലന്മാരുമായി ഞാൻ കളിച്ചിട്ടുണ്ടോ. ഞാൻ കളിക്കായെങ്കിലും യുദ്ധം ചെയ്തിട്ടുണ്ടോ. ഞാൻ ഹൃദയംഅറിഞ്ഞു ചിരിച്ചിട്ടുണ്ടോ. ഞാൻ നമ്മുടെ ദാസിമാരെയല്ലാതെ വേറെ സ്ത്രീകളെ കണ്ടിട്ടുണ്ടോ. ഞാൻ എന്താണു ഉപേക്ഷിപ്പാനുള്ളതു്.

ചാണ—ശക്തിഹീനന്മാർക്കു സഹജമായിട്ടുള്ളതാണു് സുഖേച്ഛ അതു ഉപേക്ഷിക്കണം. ഈ സ്ത്രീയുമായുള്ള കൂട്ടുകെട്ടും ഉപേക്ഷിക്കണം.

ബിന്ദു – നിങ്ങൾ ഉദ്ദേശിക്കുന്നതു്—

ചാ – ഇപ്പോൾ ഇവിടെനിന്നും പോയ ഇന്ദുലേഖതന്നെ.

ബിന്ദു—അതെങ്ങനെ. എനിക്കു അവളിൽ ദൃഢമായ പ്രണയമുണ്ടു്. എന്റെ ശിശുവിന്റെ മാതാവാണു് അവൾ.

ചാ—തന്റെ മകനെ താലോലിച്ചുകൊണ്ടിരിപ്പാൻ എന്റെ രാജാവിനെ ഞാൻ അനുവദിക്കുകയില്ല.

ബിന്ദു – ഞാൻ എന്തുചെയ്യണം അവളെ എന്തുചെയ്യണമെന്നാണു നിങ്ങളുടെ ഉദ്ദേശം.

ചാ—അവളുടെ ജോലി, നൃത്തം-സംഗീതം. എന്റെ കോപത്തിനു പാത്രീഭൂതരാകുന്നവരുമായി സംസർഗ്ഗവും അവരിൽനിന്നും രഹസ്യാലോചനകളുടെ ഗ്രഹണവും.

ബിന്ദു—കേൾക്കു. എടൊ! തന്റെ ഇത്തരത്തിലുള്ള വർത്തമാനം ഞാൻ കേൾക്കുകയില്ല. (ചാടിഎഴുന്നേല്ക്കുന്നു) ഈ ശ്രുതി നിൽക്കട്ടെ. അവളിൽ എനിക്കു ദൃഢമായ അനുരാഗമുണ്ടു്. രാജ്യാവകാശിയായ ബിന്ദുസാരൻ പറയുന്നതാണിതു്

ചാണക്യൻ—(ഒട്ടും ക്ഷോഭംകൂടാതെ) രാജ്യാവകാശിയായ രാജകുമാരാ! ഞാൻ നിങ്ങളെക്കൊണ്ടുതന്നെ പ്രയത്നിപ്പിക്കും. ഈ സുഖാസക്തിയിലും വിശ്രമത്തിലും നിന്നു നിങ്ങളെ വിരമിപ്പിച്ചു രാജ്യഭരണതന്ത്രരഹസ്യങ്ങളിൽ നിങ്ങളെ പ്രവേശിപ്പിച്ചു മനുഷ്യരുടെ പുരോഗമനവാഞ്ഛയും അത്യാഗ്രഹവും എന്തെന്നു മനസ്സിലാക്കി വൈരികളെ അമർത്തുവാനും സ്നേഹത്തെ വെറുക്കുവാനും പഠിപ്പിച്ചു അഹോരാത്രം ഞാൻ നിങ്ങളെക്കൊണ്ടു വേലചെയ്യിക്കും. അങ്ങനെ രാജാവിന്റെ ജീവിതം തന്റെ സുഖത്തിനല്ലാ എന്നു നിങ്ങൾക്കു മനസ്സിലാകുമ്പോൾ ഞാൻ നിങ്ങളെ രാജാവാക്കുകയുംചെയ്യും.

ബിന്ദു—അർത്ഥരഹിതമായി സ്വയം അഭിമാനിക്കുന്ന സാധുമനുഷ്യാ! നിങ്ങൾ ഒരു മനുഷ്യൻ മാത്രമാണെന്നു നിങ്ങൾ എങ്ങനെ മറക്കും. നിങ്ങൾ പ്രസംഗിക്കുന്ന തത്വശാസ്ത്രങ്ങൾക്കിടയിൽ നിങ്ങൾക്കുള്ള ന്യൂനതകൾ നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെ ഭരണവ്യൂഹത്തിനു ചുററും അതിശക്തിമത്തായിട്ടുള്ള ഒരു ഭരണക്രമമുണ്ടു്. സ്നേഹജന്യമാണതു്. അതിനെ അനുസരിക്കാതെ നമുക്കു ഗത്യന്തരമില്ല. നിങ്ങളുടെ പകുതിഭാഗം എന്റെ അച്ഛൻ-അതിനു കീഴടങ്ങിക്കഴിഞ്ഞു. നിങ്ങളും കീഴടങ്ങും.

ചാ—സ്നേഹമോ—വിശ്വാസമോ- ചിത്തഭ്രമമുള്ളവരുടെ പുലമ്പലായ ഈ വാക്കുകൾ ഞാൻ എങ്ങനെ സഹിക്കും.

(തുടരും


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

or to the

**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS**

**C. KRISHNA MENON M.A.**
**MANAGER ALLEPPEY.**

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേൎന്നതിന് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവൎണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവ്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരഗ്ലിണി മുഴുകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസ്സ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതീകാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാൎയ്യർ. | 0 | 4 | 0 |
| ഗുരുനാനാക്ക്. | 0 | 4 | 0 |
| ലാലാലജപതറായി | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ സാൎവഭൗമനായിത്തീൎന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കററുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാൎത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

**ഫൈൻ ആൎട്ട്സ് സ്റ്റുഡിയോയിൽ**

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവൎണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ളാക്കനിൎമ്മാണശാല ഇതുമാത്രം.**

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആൎട്ട്സ് സ്റ്റുഡിയോ— കൊല്ലം

REG. NO. M 2689 & T. 122.

# THE MALAYALA RAJYAM

14th JAN. 1935.

## CHITRAVARIKA.

Vol. VII No 19

# ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച ആരോഗ്യസ്ഥ എന്ന

## കാമബാണരസായനം



**രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും** ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും **ശമിപ്പിക്കുന്നതിന്** അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടീൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിനു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണ് മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന് ഓജസ്സും തേജസ്സും നൽകി, കോമളസൗകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

**സ്നേഹിതന്മാരേ!**

**മേൽ** പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞ്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞ്, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്ക് കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട്ട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽക്കൂലി പുറമെ.)

## പിത്തകുലാന്തകൻ.

പിത്തരോഗികൾക്ക് ഒരു വലിയ അനുഗ്രഹം.



**അതിദാഹം, ശരീരത്തിന്റെ** മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളർച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക. ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാഡീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദാക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്ട്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശ് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

**ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.**

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.